

"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20 1887

വാല്യം 91 • ലക്കം 03 • സെപ്റ്റംബർ 2018

വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

# ഉള്ളടക്കം

ഇടയലേഖനം Prot. No. 1522/ 2018 .......... 03
സർക്കുലർ 18 Ch. 204-279 .......... 06
സർക്കുലർ 18 Ch. 205-280 .......... 14
മേജർ ആർച്ചുബിഷപ്പിന്റെ കത്ത് .......... 16
കച്ചേരിക്കാര്യം .......... 18
പഞ്ചവത്സര അജപാലനപദ്ധതി .......... 20
പബ്ലിക് റിലേഷൻസ് ജാഗ്രതാസമിതി .......... 23
സന്ദേശനിലയം .......... 24
ചെറുപുഷ്പ മിഷൻലീഗ് .......... 27
ജീവകാരുണ്യനിധി ട്രസ്റ്റ് .......... 28
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ .......... 29
ഫാമിലി അപ്പോസ്റ്റലേറ്റ് .......... 30
പ്രവാസി അപ്പോസ്റ്റലേറ്റ് .......... 31
യുവദീപ്തി .......... 32
കെ.സി.എസ്.എൽ. .......... 33
ആവേമരിയ .......... 34
ഫ്രാൻസിസ്കൻ അല്മായസഭ .......... 35
ദലിത് കത്തോലിക്കാ മഹാജനസഭ .......... 36
ചാസ് .......... 37
ആത്മതാകേന്ദ്രം .......... 41
കേരളാ ലേബർ മൂവ്മെന്റ് .......... 43
കെയർ ഹോംസ് .......... 44
വിൻസെൻഷ്യൻ വേദി .......... 46
പൗരോഹിത്യ ആദ്ധ്യാത്മികത .......... 48
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി .......... 54
Engagements .......... 61

Annual Subscription: Rs. 120/-

Archbishop's House, P.B. No. 20, Changanacherry - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org

Prot.No.1522/2018

22 August 2018

**സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്
കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ
മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും
സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.**

# ഇടയലേഖനം

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

പ്രളയത്തിന് ഏറെക്കുറെ ശമനമായി. മഴമൂലവും അണക്കെട്ടുകൾ തുറന്നതുമൂലവുമുള്ള വെള്ളത്തിന്റെ വരവും നിലച്ചിട്ടുണ്ട്. എങ്കിലും പടിഞ്ഞാറൻ പ്രദേശങ്ങളിൽ വിശിഷ്യാ, കുട്ടനാട്, ചെങ്ങന്നൂർ മുതലായ പ്രദേശങ്ങളിൽ പല വീടുകളും ഇപ്പോഴും വെള്ളക്കെട്ടിലാണ്. ദുരിതാശ്വാസപ്രവർത്തനങ്ങളും ജനങ്ങളുടെ പുനരധിവാസവുമാണ് ഇനി നമ്മുടെ മുമ്പിലുള്ള പ്രധാന ധർമ്മം. സർക്കാരും ഉദ്യോഗസ്ഥരും സഭയും പലതലങ്ങളിലുള്ള സന്നദ്ധസംഘടനകളും ഈ രംഗത്ത് കൈകോർത്ത് പ്രവർത്തിക്കുന്നുണ്ട് എന്നത് വളരെ ആശ്വാസകരമായ വസ്തുതയാണ്. യുവജനങ്ങളുടെ സാന്നിദ്ധ്യവും സജീവമാണ്.

കേരളത്തിന്റെ പുനരുദ്ധാരണപ്രവർത്തനത്തിന് സർക്കാരിന്റെ പരിശ്രമങ്ങളെ സഹായിക്കുക എന്നത് നമ്മുടെ കടമയാണ്. കെ.സി.ബി.സി. യുടെ പ്രസിഡന്റ് കേരളത്തിലെ കത്തോലിക്കാ സഭയ്ക്കുവേണ്ടി ഒരു കോടി രൂപാ മുഖ്യമന്ത്രിയെ ഏൽപ്പിച്ചു. ഇതര ക്രൈസ്തവ സഭകളും അപ്രകാരം സംഭാവനകൾ നൽകിയിട്ടുണ്ട്. കെ.സി.ബി.സി. യുടെ സംഭാവനയിൽ സീറോമലബാർ സഭയുടെ പങ്കും ഉണ്ടെന്നു നിങ്ങൾക്കറിയാമല്ലോ. സീറോമലബാർ സഭയുടെ പൊതുവായ ആഭി

മുഖ്യത്തിൽ പിരിക്കുന്ന മുഴുവൻ തുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസഫണ്ടിലേക്കു നൽകുന്നതാണ്. സർക്കാരിന്റെ പുനരധിവാസ പ്രവർത്തനങ്ങളോട് സഹകരിക്കുന്നതോടൊപ്പം നമ്മുടെ രൂപതകളുടെയും സമർപ്പിതസമൂഹങ്ങളുടെയും ആഭിമുഖ്യത്തിൽ നടക്കുന്ന പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും സാമ്പത്തികം ആവശ്യമാണല്ലോ. അത്തരം പ്രവർത്തനങ്ങൾക്കും എല്ലാവരും സഹായസഹകരണങ്ങൾ നൽകി വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ദുരിതാശ്വാസപ്രവർത്തനങ്ങൾ നാം നിർവഹിച്ച രീതി കേരളജനതയുടെ ഒത്തൊരുമയുടെയും ഐക്യദാർഢ്യത്തിന്റെയും ഉത്തമ നിദർശനമായിരുന്നു. അതിൽ മത്സ്യത്തൊഴിലാളികൾ നിർവഹിച്ച പങ്ക് അവിസ്മരണീയമാണ്. പ്രധാനമായും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ പ്രദേശങ്ങളിൽ നിന്നും വന്ന മത്സ്യത്തൊഴിലാളികളാണ് രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടത്. പത്തനംതിട്ട, ചെങ്ങന്നൂർ, കുട്ടനാട് എന്നിവിടങ്ങളിൽ ആയിരങ്ങളുടെ ജീവൻ രക്ഷിക്കാൻ സാധിച്ചത് അവരുടെ സാഹസികമായ യത്നത്തിലൂടെയാണ്. ആരും ആവശ്യപ്പെട്ടിട്ടല്ല അവർ വന്നത്; സ്വമേധയാ വള്ളങ്ങളും ബോട്ടുകളുമായി വന്നു. നഷ്ടങ്ങളെക്കുറിച്ചോ, ചെലവുകളെക്കുറിച്ചോ അവർ ചിന്തിച്ചില്ല. അവസരത്തിനൊത്ത് ഉയർന്നു പ്രവർത്തിക്കുകയാണ് ചെയ്തത്. നമ്മുടെ കടലോരമക്കളുടെ വിശ്വാസത്തിന്റെയും സഹോദരസ്നേഹത്തിന്റെയും വലിയ ഒരു സാക്ഷ്യമാണ് ഇവിടെ പ്രകടമായത്. അവരിലൂടെ ദൈവത്തിന്റെ മഹത്വം ഈ സന്ദർഭത്തിൽ പ്രകാശിതമാകുകയായിരുന്നു.

ദുരിതാശ്വാസക്യാമ്പുകളിൽ കഴിഞ്ഞ ലക്ഷക്കണക്കിനാളുകൾക്ക് സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും വലിയൊരു സാക്ഷ്യം നൽകുവാൻ എത്രയോ പേർ സന്നദ്ധരായി. ഇപ്പോഴും ക്യാമ്പുകൾ നിലനിൽക്കുന്ന സ്ഥലങ്ങൾ ഉണ്ട്. അതുപോലെ സൈന്യത്തിന്റെയും പോലീസിന്റെയും സേവനവും സമർപ്പണത്തിന്റെ സാധക പാഠമായിരുന്നു. സഭയുടെ ഭാഗത്തുനിന്ന് സോഷ്യൽ സർവീസ് സൊസൈറ്റികളുടെ ആഭിമുഖ്യത്തിൽ മെത്രാന്മാരും വൈദികരും ചേർന്നു നടത്തിയ രക്ഷാപ്രവർത്തനങ്ങളെ സ്നേഹപൂർവം അഭിനന്ദിക്കുന്നു. 'മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ' (മത്തായി 5:16). എന്ന സുവിശേഷ വചനം ഇവിടെ അന്വർത്ഥമായി. പ്രളയത്തിൽ ജീവഹാനി സംഭവിച്ചവരെയും അവരുടെ ദു:ഖിതരായ കുടുംബാംഗങ്ങളെയും നമുക്ക് ദൈവകാരുണ്യത്തിന് സമർപ്പിക്കാം.

ഉരുൾപൊട്ടൽമൂലവും മണ്ണിടിച്ചിൽ മൂലവും കെട്ടിടങ്ങൾ ഇടിഞ്ഞു വീണതുമൂലവും കുടുംബങ്ങൾ മുഴുവനായി തിരോധാനം ചെയ്ത ദുഃഖസംഭവങ്ങളും ഉണ്ടല്ലോ. ഇത്തരം സംഭവങ്ങളിൽ ദു:ഖിതരായിരിക്കുന്നവർക്ക് ആശ്വാസത്തിന്റെയും കരുതലിന്റെയും സഹായഹസ്തങ്ങൾ നീട്ടുവാൻ നമുക്ക് പരിശ്രമിക്കാം. ഈ പ്രളയത്തിന്റെ പ്രഹരത്തിൽ നാം ഭഗ്നാശരാകേണ്ടതില്ല. ദൈവം നമ്മോടുകൂടെയുണ്ട്. മനുഷ്യന്റെ ദൗർബല്യങ്ങൾ തിന്മകൾ സൃഷ്ടിക്കുന്നതുപോലെ പ്രകൃതിയുടെ ദൗർബല്യവും ഈ പ്രളയത്തിൽ പ്രകടിതമായി എന്ന് മനസ്സിലാക്കുകയാണ് വേണ്ടത്. എല്ലാ നഷ്ടങ്ങൾക്കും ദൈവം പരിഹാരം തരും. നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ദൈവത്തിലുള്ള പ്രത്യാശ കൈവെടിയാതെ നമുക്കൊന്നിച്ചു മുന്നേറാം. കാരുണ്യവാനായ കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ!

ഈശോയിൽ സ്നേഹപൂർവ്വം,

**+ കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള
മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന്
2018-ാം ആണ്ട് ആഗസ്റ്റ് മാസം 22-ാം തീയതി നല്കപ്പെട്ടത്.

N.B: *ഈ സർക്കുലർ ഓഗസ്റ്റ് 26-ാം തീയതി ഞായറാഴ്ച കുർബാനയുള്ള ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വായിക്കാനായി നൽകപ്പെട്ടത്.*

## സർക്കുലർ

**18 Ch. 204-279**

# 2018-ലെ ജലപ്രളയവും കുട്ടനാടിന്റെ പുനർസൃഷ്ടിയും

2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ കേരളത്തിലുണ്ടായിരിക്കുന്ന പേമാരിയും ഉരുൾപൊട്ടലും മണ്ണിടിയലും മൂലം സംഭവിച്ചിരിക്കുന്ന ജല പ്രളയവും നാശനഷ്ടങ്ങളും വർണ്ണനാതീതമാണ്. വിവിധ ജില്ലകളെ ബാധിച്ചിരിക്കുന്ന ഈ പ്രകൃതിദുരന്തം അക്ഷരാർത്ഥത്തിൽത്തന്നെ കുട്ടനാടിനെ ഒരു ദുരിതക്കടലാക്കി. 95 വർഷം മുമ്പ് ഉണ്ടായ ''99-ലെ വെള്ളപ്പൊക്ക''മെന്നു വിശേഷിപ്പിക്കപ്പെടുന്ന (മലയാളവർഷം 1099) 1924 ജൂലൈയിലെ പേമാരിയും വെള്ളപ്പൊക്കവുമാണ് ഇതിനുമുമ്പ് അവസാനമുണ്ടായ ഏറ്റവും ഭീകരമായ ജലപ്രളയം. അതും കുട്ടനാടൻ പ്രദേശങ്ങളെ വിഴുങ്ങുകയുണ്ടായി. നൂറ്റാണ്ടുകൾക്കു മുമ്പുണ്ടായ മറ്റൊരു മഹാപ്രളയം പ്രശസ്തമായിരുന്ന കൊടുങ്ങല്ലൂർ തുറമുഖത്തെത്തന്നെ ഇല്ലാതാക്കുകയും പിന്നീട് കൊച്ചി തുറമുഖമാകുകയും ചെയ്തു എന്നു പറയപ്പെടുന്നു.

കാലാകാലങ്ങളിൽ ഇതുപോലെയുള്ള പ്രകൃതിദുരന്തങ്ങൾ ലോകമെമ്പാടും സംഭവിക്കാറുണ്ട്. അവയെ പൂർണ്ണമായി തടയുക എന്നത് മനുഷ്യന് അസാദ്ധ്യമാണ്. അവ പ്രകൃതി സഹജമാകാം. എന്നാൽ വേണ്ടത്ര അറിവും തയ്യാറെടുപ്പും ജാഗ്രതയും ഉണ്ടെങ്കിൽ നാശനഷ്ടങ്ങളുടെ അളവു കുറയ്ക്കാനും ജീവൻ സംരക്ഷിക്കാനും സാധിക്കും. ഓരോ ദുരന്തവും നമുക്കു വെല്ലുവിളിയാണ്. അതിന്റെ മുമ്പിൽ പകച്ചുനിൽക്കുകയല്ല, നേരിടുകയാണ് വേണ്ടത്.

ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, ഇടുക്കി, വയനാട് ജില്ലകളെ പ്രധാനമായും ബാധിച്ച 2018-ലെ ഈ ജലപ്രളയം 99-ലെ വെള്ളപ്പൊക്കത്തെക്കാൾ രൂക്ഷവും ഭീകരവുമായിരിക്കുന്നു. കുട്ടനാടും അപ്പർ കുട്ടനാടും ഉൾപ്പെടുന്ന ഭൂപ്രദേശമാണ് ഏറ്റവും വലിയ കെടുതിയിൽപ്പെട്ടിരിക്കുന്നത്. വെള്ളത്തിൽ മുങ്ങിക്കിടക്കുന്ന

കുട്ടനാട്ടിൽ മഴ മാറിയാലും ആഴ്ചകളോളം വെള്ളം കെട്ടിക്കിടക്കുന്ന അവസ്ഥയാണുള്ളത്. മാലിന്യങ്ങളും മലിനജലവും ഒഴുകിയെത്തുന്ന കുട്ടനാടിന്റെ ശുചീകരണം സങ്കീർണമായ പ്രശ്നംതന്നെയാണ്. പൂർണ്ണമായോ ഭാഗികമായോ വെള്ളത്തിൽ മുങ്ങിയ നിരവധി വീടുകൾ വാസയോഗ്യമല്ലാതായിരിക്കുന്നു. എല്ലാ വീടുകൾക്കുംതന്നെ കേടു പാടുകൾ സംഭവിച്ചിട്ടുണ്ട്. ദൈവാലയങ്ങൾ, സ്കൂളുകൾ സന്ന്യസ്ത ഭവനങ്ങൾ, ഇതര സ്ഥാപനങ്ങൾ തുടങ്ങിയവയുടെ അവസ്ഥയും അങ്ങ നെതന്നെ. വെള്ളം ഇറങ്ങിക്കഴിഞ്ഞാൽ മാത്രമേ ഇതിന്റെയൊക്കെ യഥാർത്ഥചിത്രം ലഭിക്കുകയുള്ളു.

അനേകം കുടുംബങ്ങൾക്ക് അന്നന്നയപ്പത്തിന് ആധാരമായിരുന്ന വളരെയേറെ ആടുമാടുകൾ ചത്തൊടുങ്ങി. അടുക്കളത്തോട്ടങ്ങളും ഫലവൃക്ഷങ്ങളും നെൽപ്പാടങ്ങളും നാശമടഞ്ഞു. അപ്രതീക്ഷിത മായി പെട്ടെന്നുതന്നെ വീടുകൾക്കുള്ളിലും വെള്ളം കയറിപ്പൊങ്ങി ജീവൻതന്നെ അപകടത്തിലായപ്പോൾ പ്രാണരക്ഷാർത്ഥം വീടു പേക്ഷിച്ച് സുരക്ഷിതസ്ഥാനങ്ങളിലേക്ക് പോകേണ്ടിവന്നതുകൊണ്ട് എല്ലാം ഉപേക്ഷിക്കേണ്ടിവന്നവരാണ് മിക്കവരും. ആധാരംപോലെ യുള്ള രേഖകളും പുസ്തകങ്ങളും വീട്ടുപകരണങ്ങളുമെല്ലാം വെള്ളം കയറി നശിച്ചു. കിണറുകളെല്ലാം മലിനജലം നിറഞ്ഞ് ശുദ്ധജലം ലഭ്യമല്ലാതായി. കാറ്റിലും വെള്ളപ്പൊക്കത്തിലും അനേകം വൃക്ഷങ്ങൾ പിഴുതെറിയപ്പെട്ടു. വൈദ്യുതിബന്ധം തകരുകയും സമ്പർക്കമാധ്യ മങ്ങൾ നിശ്ചലമാകുകയും ചെയ്തു. റോഡുകൾ തകരുകയും വെള്ളം പൊങ്ങി ഗതാഗതം അസാദ്ധ്യമാകുകയും ചെയ്തു. ഒഴുകിവന്ന പാമ്പു കളുടെ സാന്നിദ്ധ്യം ജീവനുതന്നെ ഭീഷണിയാകുന്നു. ആഴ്ചകളായി വിദ്യാഭ്യാസം മുടങ്ങിയിരിക്കുന്നു. യഥാസമയത്ത് ചികിത്സ കിട്ടാതെ ചിലരെങ്കിലും മരണത്തിനു കീഴ്പ്പെടേണ്ടിവന്നു. രോഗികളുടെയും പ്രായമായവരുടെയും അവസ്ഥ ദയനീയമായി. മക്കളും അടുത്ത ബന്ധുക്കളും കൂടെയില്ലാത്ത വൃദ്ധജനങ്ങളുടെ സംരക്ഷണം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ചുരുക്കത്തിൽ കുട്ടനാട് ഒറ്റ ജലാശയമായി മാറി, വിജനമായി, ദുരിതക്കടലായി.

### രക്ഷാനടപടികൾ

അഭൂതപൂർവ്വമായ ജലപ്രളയത്തിൽപ്പെട്ട കുട്ടനാടൻ ജനതയെ മരണത്തിൽനിന്ന് രക്ഷിക്കാനും താല്ക്കാലികവസതി ഒരുക്കാനും ആശ്വാസം പകരാനും നാടിന്റെ നാനാഭാഗങ്ങളിൽനിന്നും ബൈബി ളിലെ നല്ല അയൽക്കാരനെപ്പോലെ സ്നേഹത്തിന്റെയും പങ്കുവയ്ക്ക ലിന്റെയും നിസ്വാർത്ഥകരങ്ങൾ നീണ്ടു. അക്ഷരാർത്ഥത്തിൽ അതൊരു വിസ്മയമായി, കൂട്ടായ്മയുടെയും സഹകരണത്തിന്റെയും അത്ഭുതം.

എല്ലാ ചേരിതിരിവുകളും മറന്നുള്ള മാനവസാഹോദര്യത്തിന്റെ മഹാസാക്ഷ്യം.

പ്രളയബാധിത പ്രദേശങ്ങളിൽനിന്ന് 12 ലക്ഷത്തിലധികം ആളുകൾ 4000 ത്തിലധികം ദുരിതാശ്വാസക്യാമ്പുകളിൽ അഭയം തേടി. കൂടാതെ ബന്ധുവീടുകളിലും മറ്റും അഭയം തേടിയവർ വളരെയേറെയുണ്ട്. കുട്ടനാട്ടിൽ ജലമാർഗ്ഗവും കരമാർഗ്ഗവും സാധാരണ ഗതാഗതം നിലച്ചുപോയതിനാൽ വീടുകളിലും ഇതരസ്ഥലങ്ങളിലും കുടുങ്ങി കഴിഞ്ഞിരുന്നവരെ രക്ഷപ്പെടുത്താൻ മറ്റു മാർഗ്ഗങ്ങൾ അടിയന്തിരമായി കണ്ടെത്തേണ്ടിയിരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ പ്രദേശങ്ങളിൽ നിന്ന് 2800 മത്സ്യത്തൊഴിലാളികളാണ് 700 മത്സ്യബന്ധന ബോട്ടുകളുമായെത്തി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടത്. കുട്ടനാട്ടിൽനിന്ന് പതിനായിരക്കണക്കിനാളുകളെ ചങ്ങനാശ്ശേരിയിലും ആലപ്പുഴയിലുമെത്തിച്ചതും റോഡുകളിൽ വെള്ളം ഉയർന്നുപൊങ്ങിയ സാഹചര്യത്തിൽ വലിയ ടോറസ് വണ്ടികളിൽ സ്വകാര്യവ്യക്തികൾ (പാലാത്ര സഹോദരങ്ങൾ) ആയിരങ്ങളെ കരയ്ക്കെത്തിച്ചതും അവിസ്മരണീയ സേവനമാതൃകകളാണ്. ഹെലികോപ്റ്ററുകളുമായെത്തിയ നാവികസേനയും അനേകരെ രക്ഷിച്ചു. പോലീസ് സേനയും ജാഗ്രതയോടെ സഹകരിച്ചു. സർക്കാർ സംവിധാനങ്ങളും പ്രവർത്തനനിരതമായി. പല സ്വകാര്യവ്യക്തികളും തങ്ങളുടെ സ്വന്തം വാഹനങ്ങളിലെത്തി രക്ഷാപ്രവർത്തനങ്ങളിൽ പങ്കുചേർന്നു.

പ്രളയത്തിൽനിന്നു രക്ഷപ്പെടുത്തി കരയ്ക്കെത്തിച്ച ലക്ഷക്കണക്കിന് ആൾക്കാരെ ദുരിതാശ്വാസ ക്യാമ്പുകളിലും ബന്ധുവീടുകളിലുമെത്തിക്കാൻ നൂറുകണക്കിന് സന്നദ്ധസേവകരും സംഘടനാംഗങ്ങളും രാപകൽ അദ്ധ്വാനിച്ചു. വൈദികരും സന്ന്യസ്തരും വൈദികാർത്ഥികളും ആളും നേരവും നോക്കാതെ രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. കുട്ടനാട്ടിൽ സേവനം ചെയ്യുന്ന വൈദികർ ആളുകളെ രക്ഷാസങ്കേതങ്ങളിലെത്തിക്കുന്നതിന് അഹോരാത്രം ജാഗ്രതയോടെ പ്രവർത്തിച്ചു. അതിരൂപതയുടെ എല്ലാ സംവിധാനങ്ങളും രക്ഷാപ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. സാമൂഹികക്ഷേമവകുപ്പായ ചാസിലൂടെയാണ് പ്രവർത്തനങ്ങൾ പ്രധാനമായും ഏകോപിപ്പിച്ചത്.

## ദുരിതാശ്വാസക്യാമ്പുകൾ

പ്രളയത്തിൽപ്പെട്ട വലിയൊരു പ്രദേശത്ത് തിങ്ങിപ്പാർക്കുന്ന ജനലക്ഷങ്ങളെ പെട്ടെന്നുതന്നെ സുരക്ഷിതസ്ഥാനത്തെത്തിക്കുക എന്നത് അത്ര എളുപ്പമല്ല. എല്ലാം നഷ്ടപ്പെട്ടിരുന്ന അവർക്ക് ഭക്ഷണം, വസ്ത്രം മറ്റ് അവശ്യവസ്തുക്കൾ എന്നിവ നൽകേണ്ടത് അനിവാര്യമായി.

ഇക്കാര്യത്തിൽ അത്യപൂർവ്വമായ ഔദാര്യത്തോടെയാണ് സമൂഹം പ്രതികരിച്ചത്. ഒരുവിധത്തിൽ പറഞ്ഞാൽ മാനവസ്നേഹം അണ പൊട്ടുകയായിരുന്നു. ദിവസങ്ങളോളം ഭക്ഷണ പാനീയങ്ങളില്ലാതെയും ശുദ്ധമായ കുടിവെള്ളം ലഭിക്കാതെയും കഴിഞ്ഞിരുന്നവർ ആയിരക്കക ണക്കിനായിരുന്നു. മരുന്നു വാങ്ങിക്കാൻ സാധിക്കാതെയും ആശുപത്രി യിൽ പോകാൻ പറ്റാതെയും നൂറുകണക്കിനാളുകൾ കഷ്ടപ്പെട്ടു. സ്വന്തം വസ്ത്രങ്ങൾപോലും എടുക്കാൻ സാധിക്കാതെ, കിലോമീറ്ററുകൾ കഴു ത്തോളം വെള്ളത്തിൽ നീന്തിയാണ് മിക്കവരും രക്ഷാമാർഗ്ഗം തേടിയത്. ആകയാൽ എല്ലാവർക്കും ഭക്ഷണം, കുടിവെള്ളം, വസ്ത്രം, പാർപ്പിടം, ആവശ്യക്കാർക്ക് മരുന്ന്, വൈദ്യപരിശോധന ഇവയൊക്കെ ലഭ്യ മാക്കുക എന്നതായിരുന്നു രക്ഷാപ്രവർത്തനങ്ങളുടെ രണ്ടാംഘട്ടം.

ഒന്നും രണ്ടും ഘട്ടങ്ങളിൽ കേരളം ഇതുവരെ കണ്ടിട്ടില്ലാത്ത വിധമുള്ള കൂട്ടായ രക്ഷാനടപടികളും ദുരിതാശ്വാസ പ്രവർത്തനങ്ങ ളുമാണ് അരങ്ങേറിയത്. സ്കൂളുകളും കോളേജുകളും ഇതരസ്ഥാ പനങ്ങളുമൊക്കെ ദുരിതാശ്വാസക്യാമ്പുകളായി ഉപയോഗിക്കാൻ വിട്ടുകൊടുത്തു. ഭക്ഷണസാധനങ്ങൾ, കുടിവെള്ളം, വസ്ത്രം, മറ്റ് അവശ്യസാധനങ്ങൾ എന്നിവയുമായി രൂപതകൾ, ഇടവകകൾ, ഇതരസ്ഥാപനങ്ങൾ, സഭാ പ്രസ്ഥാനങ്ങൾ, സന്നദ്ധസംഘടനകൾ, മുതലായവർ കേരളത്തിനകത്തുനിന്നും പുറത്തുനിന്നും എത്തി. ഓഖിദുരന്തത്തിൽ 14 പേരുടെ ജീവൻ നഷ്ടപ്പെട്ട തിരുവനന്ത പുരം അതിരൂപതയിലെ അടിമലത്തറ ഫാത്തിമാമാതാ ഇടവകയും ഭക്ഷണ, വസ്ത്രാദികളുമായി എത്തിയവരിൽപ്പെടുന്നു. വിവിധ സമു ദായാംഗങ്ങൾ ഭേദചിന്തയില്ലാതെ സഹകരിച്ചു. സീറോമലബാർ, സീറോമലങ്കര മേജർ ആർച്ചുബിഷപ്പുമാർ ഉൾപ്പെടെയുള്ള സഭാ മേലദ്ധ്യക്ഷന്മാർ പ്രളയബാധിത പ്രദേശങ്ങളും ദുരിതാശ്വാസ ക്യാമ്പു കളും സന്ദർശിച്ച് ആശ്വാസവും ഊർജ്ജവും പകർന്നു. സാമൂഹിക പ്രവർത്തകരുടെയും സർക്കാരുദ്യോഗസ്ഥരുടെയും ജനപ്രതിനിധിക ളുടെയും സാന്നിദ്ധ്യവും മാർഗ്ഗനിർദ്ദേശങ്ങളും ഏറെ ഉത്തേജനമായി. സർക്കാർ സംവിധാനങ്ങളും സജീവമായി. അവധിയെടുത്തും ദുരിതാ ശ്വാസ പ്രവർത്തനങ്ങളിൽ മുഴുകിയവരുണ്ട്. ആശുപത്രികൾ മികച്ച രീതിയിൽ സഹകരിച്ചു. ദുരിതാശ്വാസക്യാമ്പുകളിൽ ഡോക്ടർമാർ, നേ ഴ്സുമാർ തുടങ്ങി നിരവധി ആതുരസേവകരുടെ ശുശ്രൂഷകൾ വലിയ ആശ്വാസമായി.

ദിവസങ്ങളോളം വെള്ളം കയറിക്കിടന്ന പ്രദേശങ്ങളിൽ മാലിന്യ ങ്ങൾ വന്നു നിറഞ്ഞു. വീടുകളും പള്ളികളും സ്കൂളുകളും മറ്റ് കെട്ടി ടങ്ങളെല്ലാംതന്നെ മാലിന്യവിമുക്തവും ഉപയോഗയോഗ്യവുമാക്കുക

എന്നത് ഏറ്റവും ശ്രമകരമായ ജോലിയാണ്. അവിടെയും കൂട്ടായ പ്രവർത്തനത്തിന്റെയും മുഖം നോക്കാത്ത സഹകരണത്തിന്റെയും പരിധി കല്പിക്കാത്ത മഹാമനസ്കത ദൃശ്യമായി. പലയിടങ്ങളിലും വൈദികരുടെയും സന്നദ്ധ സംഘങ്ങളുടെയും നേതൃത്വത്തിൽ ശുചീകരണം നടക്കുന്നു. വളരെ അകലങ്ങളിൽനിന്നുപോലും ഇടവകകളുടെ നേതൃത്വത്തിൽ ശുചീകരണകർമ്മ സംഘങ്ങൾ എത്തിയത് നിസ്വാർത്ഥ സേവനത്തിന്റെയും സാഹോദര്യത്തിന്റെയും ഉത്തമസാക്ഷ്യമായി.

നേരിട്ട് ദുരിതാശ്വാസപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സാധിക്കാത്ത വലിയൊരു സമൂഹം പ്രാർത്ഥനവഴി ശക്തി പകരുന്നു. സന്ന്യസ്ത സമൂഹങ്ങൾ അഖണ്ഡപ്രാർത്ഥനയും ആരാധനയും നടത്തി ആത്മീയ പിൻബലം നൽകുന്നു.

ചുരുക്കത്തിൽ മനസ്സു തളർത്തിയ ദുരിതങ്ങളെ നേരിടാൻ ശക്തി പകർന്നത് സ്നേഹത്തിലും ഐക്യത്തിലും പ്രാർത്ഥനയിലും ഊട്ടിയുറപ്പിക്കപ്പെട്ട പങ്കുവയ്ക്കലിന്റെ കൂട്ടായ്മയാണ്. മനുഷ്യന്റെ പരിമിതിയും നിസ്സഹായതയും അനുഭവിച്ചറിഞ്ഞ ദിനങ്ങളായിരുന്നു പ്രളയത്തിന്റേത്. മനുഷ്യൻ സർവ്വശക്തനല്ല എന്ന സത്യം ഒരിക്കൽക്കൂടി അവനെ ഓർമ്മിപ്പിച്ചു ഈ പ്രകൃതി ദുരന്തം. ദൈവത്തിൽ കൂടുതൽ ആശ്രയിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധ്യം വളർത്താനും അതു സഹായിച്ചു.

രക്ഷാപ്രവർത്തനങ്ങളിലും ദുരിതാശ്വാസ ക്യാമ്പുകളിലും മാലാകാമാരെപ്പോലെ ഓടിനടന്ന് സ്നേഹവും ശുശ്രൂഷയും നൽകിയ ആയിരങ്ങളുടെ സാന്നിദ്ധ്യം ഹൃദയസ്പർശിയായിരുന്നു. 'ഞങ്ങൾക്കിവിടെ സ്വർഗ്ഗാനുഭവമാണ്' എന്ന് ക്യാമ്പുകളിൽ കേട്ട സ്വരം ഈ സ്നേഹശുശ്രൂഷയുടെ സാക്ഷ്യപ്പെടുത്തലായിരുന്നു. മത്സ്യത്തൊഴിലാളികളുടെ ജീവൻ പണയംവച്ചുള്ള രക്ഷാപ്രവർത്തനങ്ങൾ ആർക്കാണ് വിസ്മരിക്കാൻ സാധിക്കുക! കേരളത്തിലെ വിവിധ രൂപതകൾക്കുപുറമെ തമിഴ്നാട്, ആന്ധ്രാ, ഹൈദരാബാദ്, തെലുങ്കാന, കർണ്ണാടക, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിലെ തക്കല, കോട്ടാർ, കുഴിത്തുറൈ അദിലാബാദ്, ഭദ്രാവതി, കല്യാൺ മാണ്ഡ്യ, ബെൽത്തങ്ങാടി, ഷംഷാബാദ് തുടങ്ങിയ രൂപതകളിൽ നിന്ന് അവശ്യവസ്തുക്കളുമായി ദുരിതാശ്വാസവാഹനങ്ങൾ എത്തിയത് മനുഷ്യബന്ധങ്ങളിലെ വേർതിരിവിന്റെ മതിൽകെട്ടുകൾ പൊളിച്ചുള്ള സ്നേഹപ്രവാഹമായിട്ടാണ് അനുഭവപ്പെട്ടത്.

ഇപ്രകാരം ആദിമസഭയുടെ പങ്കു വയ്ക്കുന്ന സ്നേഹകൂട്ടായ്മയുടെ ചൈതന്യത്തിൽ നന്മയുടെ പ്രകാശം ചൊരിയുമ്പോഴും ഇരുളിന്റെ കരി

നിഴൽ അവിടെയുമിവിടെയും കടന്നുവരുന്നതും കാണാനിടയായി. ചിലരുടെ സ്ഥാപിത കക്ഷിരാഷ്ട്രീയ താല്പര്യങ്ങൾ, ഭക്ഷ്യസാധനങ്ങളും മറ്റും വീതംവയ്ക്കുന്നതു സംബന്ധിച്ച വാക്കുതർക്കങ്ങൾ, മദ്യപാനവും അതുമൂലമുണ്ടായ ചില സംഘർഷങ്ങളും, സന്നദ്ധ ശുശ്രൂഷകർക്കെതിരായ ചില വ്യാജാരോപണങ്ങൾ തുടങ്ങിയവ ചിലയിടങ്ങളിൽ ഉയർന്നുവന്നെങ്കിലും അവയ്ക്കൊന്നും സ്നേഹശുശ്രൂഷയുടെ സൽഫലങ്ങൾ യഥാർത്ഥത്തിൽ അനുഭവിച്ചറിഞ്ഞ ബഹുഭൂരിപക്ഷം വരുന്ന അഭയാർത്ഥികളുടെ ഇടയിൽ കാര്യമായ സ്വാധീനം ചെലുത്താൻ കഴിഞ്ഞിട്ടില്ല. സ്വാർത്ഥതാല്പര്യങ്ങളോടെ ദുരിതാശ്വാസ പ്രവർത്തനങ്ങളിലും ക്യാമ്പുകളിലും ആധിപത്യം സ്ഥാപിക്കാനുള്ള ചില സംഘടനകളുടെ നീക്കങ്ങളും നിസ്വാർത്ഥ സേവനത്തിന്റെ സ്വർഗീയശോഭയ്ക്ക് മങ്ങലേൽപ്പിക്കാനേ ഉപകരിക്കൂ.

സഭയുടെ എല്ലാ സംവിധാനങ്ങളും പ്രസ്ഥാനങ്ങളും രക്ഷാപ്രവർത്തനങ്ങളിലും ദുരിതാശ്വാസപ്രവർത്തനങ്ങളിലും ആദ്യം മുതലേ സജീവമായി പങ്കുചേർന്നു. കുട്ടനാട്ടിലെ വിവിധ ഇടവകകളിൽ സേവനംചെയ്യുന്ന ബഹു.വൈദികരുടെ നിതാന്തജാഗ്രത ഇല്ലായിരുന്നെങ്കിൽ അനേകായിരം ജനങ്ങളുടെ ജീവൻ തന്നെ അപകടത്തിലാകുമായിരുന്നു. അവർക്കെന്റെ അഭിനന്ദനങ്ങളും നന്ദിയും. മറ്റെല്ലാം നഷ്ടപ്പെട്ടാലും ജീവൻ രക്ഷിക്കണമെന്ന ലക്ഷ്യത്തോടെയാണ് സഭ മുന്നിട്ടിറങ്ങിയത്. കുട്ടനാട്ടിലെ ജനങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് അതിരൂപതയിലെ വിവിധ ഇടവകകളും മറ്റ് രൂപതകളും പല സ്ഥാപനങ്ങളും സംഘടനകളും സെമിനാരികളിൽ നിന്ന് വൈദികാർത്ഥികളും മാലിന്യനിർമ്മാർജ്ജനത്തിനെത്തിയതും വലിയ സഹായമായി. ഇവയ്ക്കെല്ലാം നേതൃത്വം കൊടുത്തുകൊണ്ട് വൈദികരും ഒപ്പമുണ്ടായിരുന്നു. എന്നാൽ കുട്ടനാട്ടിലെ രക്ഷാപ്രവർത്തനങ്ങളെ സംബന്ധിച്ചോ അക്കാര്യത്തിൽ സഭയുടെ പങ്കിനെക്കുറിച്ചോ ചാനലുകളും പത്രമാധ്യമങ്ങളും പൊതുവെ മൗനം പാലിക്കുകയാണ് ചെയ്തത്. എന്നാൽ ദീപികപ്പത്രത്തിന്റെ പിന്തുണ എടുത്തുപറയേണ്ടിയിരിക്കുന്നു. നന്ദിപൂർവം അത് അനുസ്മരിക്കുകയും ചെയ്യുന്നു.

## കുട്ടനാടിനെ പുനർസൃഷ്ടിക്കണം

ഭീകരമായിരുന്നെങ്കിലും ഒരു പ്രളയത്തിൽ ഒലിച്ചു പോകേണ്ടതല്ല കുട്ടനാടൻ ജനതയുടെ ആത്മവീര്യം. പ്രതികൂലസാഹചര്യങ്ങളോടു യുദ്ധംചെയ്തു കഠിനാദ്ധ്വാനത്തിലൂടെ പടുത്തുയർത്തിയ ഒരു സമ്പന്നതയും സംസ്കാരചരിത്രവും കുട്ടനാടിനുണ്ട്. പ്രതിബന്ധങ്ങളെ അതിജീവിച്ച് ഒരു ജനതയെ മുഴുവൻ തീറ്റിപ്പോറ്റിയ ഇതിഹാസചരിത്രമാണ് കുട്ടനാടിന്റേത്. വികലമായ ആസൂത്രണങ്ങളും വിവേക

ശൂന്യമായ പ്രവർത്തനങ്ങളും അശാസ്ത്രീയമായ നടപടികളുമാണ് കുട്ടനാടിന്റെ അധോഗതിക്കു കാരണം. അവയൊക്കെ പരിഹരിക്കപ്പെടണം. ആത്മവിശ്വാസവും പ്രത്യാശയും വെടിയാതെ ഒന്നുചേർന്ന് പരിശ്രമിച്ചാൽ കുട്ടനാടിന്റെ നരകയാതനകളെ സ്വർഗീയ അനുഭവങ്ങളാക്കി മാറ്റാൻ കഴിയും. സർക്കാരും കുട്ടനാടൻ ജനതയും കൈകോർത്ത് പ്രവർത്തിക്കണം. കുട്ടനാടിനെക്കുറിച്ച് സമഗ്രവും ശാസ്ത്രീയവും ദീർഘവീക്ഷണത്തോടുംകൂടിയ പദ്ധതി സർക്കാരിനുണ്ടാകണം. കുട്ടനാട് മാലിന്യവിമുക്തമാക്കണം. ജലമലിനീകരണത്തിന് പ്രതിവിധി ഉണ്ടാകണം. അനുദിനം ഉണ്ടാകുന്ന മാലിന്യങ്ങൾ നീക്കം ചെയ്യാൻ ഫലപ്രദമായ സംവിധാനങ്ങൾ വേണം. തോടുകളിലേക്കും മറ്റും മാലിന്യങ്ങൾ ഒഴുക്കി വിടുന്നത് അവസാനിപ്പിക്കണം. ജലമലിനീകരണം ഉണ്ടാകാത്തവിധം ഹൗസ്ബോട്ടുകളുടെ ഉപയോഗം നിയന്ത്രിക്കണം. തോടുകളിലൂടെയും ആറുകളിലൂടെയും വെള്ളം നിർബാധം ഒഴുകാൻ വേണ്ട ക്രമീകരണം ഉണ്ടാകണം. നീരൊഴുക്കിന് തടസ്സം നിൽക്കുന്ന പായൽ യഥാസമയം നീക്കം ചെയ്യണം. തോടുകൾ നികത്തി വെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെടുത്തരുത്. കൃഷിരീതിയും ജീവിതശൈലിയും ആരോഗ്യകരമായിരിക്കണം. ജൈവകൃഷിയിലേക്ക് എല്ലാവരും തിരിച്ചുവരണം. അതിന് സർക്കാർ സഹായവും പ്രോത്സാഹനവും നൽകണം. പ്രകൃതിരമണീയമാണ് കുട്ടനാട്. മനുഷ്യൻ അതിനെ വികൃതമാക്കരുത്. ശുചിത്വ ബോധവല്ക്കരണം ചെറുപ്പംമുതലേ എല്ലാവർക്കും നൽകണം.

പ്രകൃതിയോട് മല്ലിട്ട് കനകം വിളയിക്കുന്ന കുട്ടനാടൻ കർഷകരുടെ പ്രശ്നങ്ങൾ വസ്തുനിഷ്ഠമായി പഠിച്ച് പരിഹാരം ഉണ്ടാക്കാൻ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ സംയുക്തമായി പരിശ്രമിക്കണം. മടവീണ് കൃഷി നശിക്കാതിരിക്കാൻ ശാശ്വത പരിഹാരം ഉണ്ടാകണം. കർഷകരുടെ ആത്മവീര്യം കെടാതിരിക്കാൻ, അവരെ പ്രോത്സാഹിപ്പിക്കാൻ പദ്ധതികൾ വേണം. അവർക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ പരിഹരിക്കാൻ അനുകൂലമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. തങ്ങളുടെ അദ്ധ്വാനഫലം മദ്യത്തിനും ലഹരിക്കും വേണ്ടി ചെലവഴിച്ച് സ്വയം നശിക്കാതിരിക്കാനും എല്ലാവരും ആത്മനിയന്ത്രണം പാലിക്കണം. വിനോദസഞ്ചാരം പ്രോത്സാഹിപ്പിച്ച് ലാഭമുണ്ടാക്കാൻ ശ്രമിക്കുമ്പോൾ ആത്മീയതയും ധാർമികതയും നഷ്ടമാകാതിരിക്കാനും ജാഗ്രത വേണം.

മഹാപ്രളയത്തിന്റെ കെടുതിയിൽപ്പെട്ടവരെ രക്ഷിക്കുന്നതിന് ജനലക്ഷങ്ങൾ കൈകോർത്ത സ്നേഹത്തിന്റെയും പങ്കുവയ്ക്കലിന്റെയും ചൈതന്യം കാത്തുസൂക്ഷിക്കാൻ സാധിച്ചാൽ ഏത് പ്രതിസന്ധികളെ

യും നമുക്ക് തരണം ചെയ്യാൻ കഴിയും. സ്നേഹത്തിന്റെ കൂട്ടായ്മയിൽ ദൈവത്തിന്റെ പരിപാലനം അനുഭവിക്കാൻ ഇടയാകും. അതിനായി പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യാം. പ്രളയക്കെടുതിയിൽ ജീവൻ ഹോമിക്കേണ്ടിവന്നവരെ കർത്താവിന്റെ കരുണയ്ക്ക് സമർപ്പിക്കാം. കഷ്ടനഷ്ടങ്ങളുടെ നടുവിൽ വീർപ്പുമുട്ടുന്ന കുട്ടനാട്ടിലെ നമ്മുടെ സഹോദരങ്ങളുടെ പുനരധിവാസത്തിനായി കഴിയുന്നത്ര സഹകരിക്കാൻ എല്ലാവരോടും ഞാൻ അഭ്യർത്ഥിക്കുന്നു. ആർഭാടവും ധൂർത്തും പൂർണ്ണമായി ഒഴിവാക്കിയും ആവശ്യങ്ങളും സൗകര്യങ്ങളും കർശനമായി നിയന്ത്രിച്ചും അലങ്കാരങ്ങളിലും ആഘോഷങ്ങളിലും മിതത്വം പാലിച്ചും കഷ്ടപ്പെടുന്നവരെ സഹായിക്കാം. മദ്യത്തിനും ലഹരിക്കും വേണ്ടി പണം ചെലവഴിക്കുകയും ജീവിതം ദുരിതപൂർണ്ണമാക്കുകയും ചെയ്യുന്നവർ അതിൽനിന്ന് പിന്തിരിയണമെന്നും അഭ്യർത്ഥിക്കുന്നു. ദുരിതാശ്വാസപ്രവർത്തനങ്ങളിൽ സഹകരിക്കുന്ന എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

കുട്ടനാട്ടിലെ എന്റെ പ്രിയപ്പെട്ട സഹോദരങ്ങളേ, സഭയും ചങ്ങനാശേരി അതിരൂപതയും നിങ്ങളോടൊപ്പമുണ്ട്. നമ്മുടെ കർത്താവിന്റെ കരുണയിലും കൃപയിലും ആശ്രയിച്ച് ധൈര്യമായിരിക്കുക.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

*ഈ സർക്കുലർ സെപ്റ്റംബർ 9-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

സർക്കുലർ

**18 Ch. 205-280**

# എട്ടുനോമ്പ് തീവ്രമായ പ്രാർത്ഥനയുടെ ദിനങ്ങളാകണം

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

നമ്മൾ ആണ്ടുതോറും ആചരിക്കുന്ന എട്ടുനോമ്പ് ഈ വർഷം കൂടുതൽ തീവ്രതയോടെ ആചരിക്കാൻ എല്ലാവരോടും ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. എട്ടുനോമ്പാചരണത്തിന്റെ സാധാരണ നിയോഗങ്ങൾക്കു പുറമേ ചില പ്രത്യേക നിയോഗങ്ങൾ ഈ വർഷം ഉൾപ്പെടുത്തണമെന്നും അറിയിക്കുന്നു.

ജലപ്രളയം മൂലവും മറ്റു കെടുതികൾ മൂലവും ദുരിതമനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങൾക്ക് ആശ്വാസവും ശക്തിയും പകരാനും ഇ പ്രകാരമുള്ള ദുരന്തങ്ങളിൽ നിന്ന് സംരക്ഷണം ലഭിക്കാനും നമുക്ക് കർത്താവിനോട് പ്രാർത്ഥിക്കാം. ആദ്ധ്യാത്മികതയിലും ധാർമികജീവിതത്തിലും ഉണ്ടാകുന്ന തളർച്ച മാറ്റി വിശ്വാസജീവിതം ആഴപ്പെടുത്തുവാൻ കർത്താവിന്റെ കൃപയ്ക്കായി യാചിക്കാം. ദൈവകല്പനകൾ കൂടുതലായി ലംഘിക്കപ്പെടുന്ന അവസ്ഥ നമ്മൾ കാണുന്നു. ഏകസത്യദൈവ വിശ്വാസത്തിൽ നിന്ന് പലരും വ്യതിചലിക്കുന്നു. ദൈവസ്നേഹത്തിനും സഹോദരസ്നേഹത്തിനും എതിരായ പ്രവൃത്തികൾ വർദ്ധിക്കുന്നതായി കാണുന്നു. കൊലപാതകം, ലൈംഗികാതിക്രമം, മോഷണം, ദ്രവ്യാസക്തി, മദ്യം, ലഹരി വസ്തുക്കളുടെ ഉപയോഗം തുടങ്ങിയവ കൂടുതൽ വ്യാപകമാകുന്നു. മന്ത്രവാദം, സാത്താൻസേവ, ബ്ലാക്ക്മാസ് തുടങ്ങിയ വിശ്വാസവിരുദ്ധവും ദൈവവിരുദ്ധവുമായ ദുഷ്പ്രവൃത്തികൾക്ക് അനേകർ ഇരയാകുന്നു. ജഡികാസക്തിയും, ആഡംബരജീവിതവും അധാർമികത വളർത്തുന്നു. വ്യാജമായ ആരോപണങ്ങളും നിന്ദനങ്ങളും സഭയ്ക്കെതിരേ ഉയരുന്നു. അകത്തുനിന്നും പുറത്തുനിന്നും സഭ വിമർശിക്കപ്പെടുന്നു. വ്യാജസിദ്ധന്മാരുടെ കെ

ണികളിൽ പലരും വീണുപോവുകയും തെറ്റിലേക്ക് നയിക്കപ്പെടുകയും ചെയ്യുന്നു. സഭാധികാരത്തെയും സഭാപ്രബോധനങ്ങളെയും ആദരിക്കുകയും അനുസരിക്കുകയും ചെയ്യാത്ത സഭാമക്കൾ വലിയ ഉതപ്പു സൃഷ്ടിക്കുന്നു.

സഭയിൽ ആത്മീയനവീകരണം ഉണ്ടാകാനും, സഭാമക്കൾ സഭയോട് ചേർന്ന് വിശ്വാസത്തിൽ വളരാനും, വിമർശനങ്ങളിലും പീഡനങ്ങളിലും തളരാതെ സഭയെ കാത്തുസൂക്ഷിക്കാനും നമുക്ക് തീവ്രമായി പ്രാർത്ഥിക്കാം. പ്രാർത്ഥനയും ഉപവാസവും വഴിയല്ലാതെ ഈ വർഗ്ഗത്തെ ദൂരെയകറ്റാൻ സാധ്യമല്ലെന്നു പഠിപ്പിച്ച കർത്താവിന്റെ വചനത്തെ ഹൃദയത്തിൽ സ്വീകരിച്ച് തിന്മയ്ക്കെതിരെ പൊരുതാൻ എട്ടുനോമ്പാചരണം നമുക്ക് ശക്തി പകരട്ടെ.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

*ഈ സർക്കുലർ സെപ്റ്റംബർ 2-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

**George Cardinal Alencherry**
Major Archbishop
Syro-Malabar Church

Prot. No. 1523/2018 21 August 2018

To,

His Grace Mar Joseph Perumthottam
Archbishop's House, P.B. No. 20
Changanacherry - 686 101
Kottayam Dt.

അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവേ, ജോസഫ് പവ്വത്തിൽ പിതാവേ, തോമസ് തറയിൽ പിതാവേ, വൈദിക സഹോദരന്മാരേ, സമർപ്പിതരേ, അല്മായ സഹോദരങ്ങളേ,

ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ!

ചങ്ങനാശ്ശേരി അതിരൂപതയിൽ പ്രളയം ഏറ്റവുമധികം ദുരിതങ്ങൾ വിതച്ചത് കുട്ടനാട്ടിലും കുമരകം പോലുള്ള പ്രദേശങ്ങളിലുമാണെന്നു മനസ്സിലാക്കുന്നു. ചങ്ങനാശ്ശേരി അതിരൂപതയുടെ ഏകദേശം മൂന്നിലൊന്നു ഭാഗം വരുന്ന കുട്ടനാടു മുഴുവൻ പ്രളയത്തിലമർന്നുപോയി എന്നതാണല്ലോ വസ്തുത. ജനങ്ങളെല്ലാവരുംതന്നെ ചങ്ങനാശ്ശേരി മുതലുള്ള കരപ്രദേശങ്ങളിലേക്ക് മാറേണ്ട സാഹചര്യവുമുണ്ടായി.

ദുരിതാശ്വാസപ്രവർത്തനങ്ങളിൽ ചങ്ങനാശ്ശേരി അതിരൂപത നിർവഹിച്ച പങ്ക് നിർണായകമാണ്. അത്തരം പ്രവർത്തനങ്ങളിൽ അഭിവന്ദ്യ പിതാക്കന്മാരും വൈദികസഹോദരന്മാരും ചെയ്ത കഠിനപ്രയത്നങ്ങൾ എത്ര അഭിനന്ദിച്ചാലും അധികമാവുകയില്ല. ചാസിന്റെ (Chass) നേതൃത്വം അതിശക്തമായിരുന്നു. ദിനരാത്രങ്ങൾ ബഹു. വൈദികർ ജനങ്ങളെ ടോറസ് ലോറികളിൽ കയറ്റി വിടുന്നതിന് ചെയ്ത പരിശ്രമങ്ങളാണ് ആയിരങ്ങളുടെ ജീവൻ രക്ഷിക്കുവാൻ ഉപകരിച്ചത്. ഈ വൈദികരെയും മറ്റ് രക്ഷാപ്രവർത്തകരെയും കുറിച്ച് എനിക്ക് വളരെ അഭിമാനം തോന്നുന്നു. നമ്മുടെ വിശ്വാസത്തിന്റെയും സഹോദരസ്നേഹത്തി


ന്റെയും വലിയൊരു സാക്ഷ്യമാണ് അവിടെ പ്രകാശിതമായത്. ഞാൻ പ്രാർത്ഥനാപൂർവം നിങ്ങളോടൊപ്പമുണ്ട്. കർത്താവ് പറയുന്നു: ''മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ'' (മത്തായി. 5 : 16).

ആദ്യത്തെ വെള്ളപ്പൊക്ക സന്ദർഭത്തിൽ കൈനകരി, പുളിങ്കുന്നു പ്രദേശങ്ങൾ ഞാൻ സന്ദർശിച്ചിരുന്നു. അപ്പോൾ ഇതുപോലൊരു മഹാപ്രളയം രണ്ടാമത് ഉണ്ടാകുമെന്ന് കരുതിയിരുന്നില്ല. രണ്ടു സന്ദർഭങ്ങളിലും അതിരൂപതയിലെ പിതാക്കന്മാരും വൈദികരും ജനങ്ങളും അവസരത്തിനൊത്ത് ഉയർന്നു. നിങ്ങൾക്ക് എന്റെ അഭിനന്ദനങ്ങൾ! ഇനിയുള്ള പുനരധിവാസ പ്രവർത്തനങ്ങളിലും അതിരൂപത ഒറ്റക്കെട്ടായി പ്രയത്നിക്കണമെന്ന് പറയേണ്ടതില്ലല്ലോ. പുതിയൊരു കുട്ടനാടിന് നിങ്ങൾ രൂപം കൊടുക്കണം. നമ്മുടെ ജനതയുടെ എല്ലാ നഷ്ടങ്ങളും പരിഹരിക്കപ്പെടണം. പുതിയൊരു സമൃദ്ധി സംജാതമാകണം. അതിനായി ജനങ്ങൾ സർവശക്തിയും സമാഹരിക്കണം. സർക്കാരിന്റേയും മറ്റ് ഏജൻസികളുടെയും സഹായസഹകരണങ്ങൾ പ്രയോജനപ്പെടുത്തണം. പ്രായോഗികമോ സാങ്കേതികമോ ആയ പരാധീനതകൾ ഉള്ളവർക്ക് ജീവിതത്തിന്റെ പുനരുദ്ധാരണത്തിന് കൈത്താങ്ങായി പ്രവർത്തിക്കാൻ ചാസിനും സംഘടനാപ്രവർത്തകർക്കും കഴിയട്ടെ. നമുക്കു മടുപ്പു തോന്നേണ്ടതില്ല. ദൈവം നമ്മോടുകൂടെയുണ്ട്. കാരുണ്യവാനായ കർത്താവിന്റെ കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ!

ഈശോയിൽ സ്നേഹപൂർവ്വം,

+ G Alencherry

**+ കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്




## I
## ബഹു. വൈദികരുടെ വാർഷികധ്യാനം

നമ്മുടെ അതിരൂപതയിലെ ബ. വൈദികർക്കായുള്ള മൂന്നാം ബാച്ചിന്റെ ധ്യാനം സെപ്റ്റംബർ 9-ാം തീയതി ഞായറാഴ്ച വൈകുന്നേരം 6 മണിക്ക് ആരംഭിക്കുന്നു. സെപ്റ്റംബർ 14-ാം തീയതി വെള്ളിയാഴ്ച ഉച്ചഭക്ഷണത്തോടുകൂടി ധ്യാനം സമാപിക്കും. ഒന്നും രണ്ടും ബാച്ചുകളിൽ സംബന്ധിക്കുവാൻ സാധിക്കാത്ത ബ. വൈദികരെല്ലാവരും ഈ ധ്യാനത്തിൽ സംബന്ധിക്കേണ്ടതാണ്. ബ. അനിൽദേവ് അച്ചനാണ് ധ്യാനഗുരു.

## II
## തിരുക്കർമ്മങ്ങൾക്കായുള്ള പടിസാധനം

2018 ആഗസ്റ്റ് 1 മുതൽ പ്രാബല്യത്തിലാകത്തക്കവിധം തിരുക്കർമ്മങ്ങൾക്കായുള്ള പടിസാധനം പരിഷ്കരിച്ച് പുറത്തിറക്കിയിട്ടുണ്ട്. ചങ്ങനാശ്ശേരി സെന്റ് ജോസഫ് ഓർഫനേജ് ബുക്സ്റ്റാളിലും പെ. ബ. പ്രൊക്കുറേറ്റർ അച്ചന്റെ ഓഫീസിലും കോപ്പികൾ ലഭ്യമാണ്.

ആഘോഷമായ കുർബാനയുടെ ധർമ്മം 200 ആയി പുനർനിശ്ചയിച്ചിട്ടുണ്ട്. പഴയ ധർമ്മമനുസരിച്ചുള്ള ആഘോഷമായ കുർബാന കൈവശമുള്ള ബ. വൈദികർ അത് സെപ്റ്റംബർ 30 നു മുമ്പായി അതിരൂപതാ പ്രൊക്കുറേറ്ററച്ചന്റെ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. ബ. വൈദികരുടെ പക്കൽ അധികമുള്ള ഒപ്പീസും അതിരൂപതാ പ്രൊക്കുറേറ്ററുടെ ഓഫീസിൽ ഏൽപ്പിക്കാവുന്നതാണ്.

## III
## അതിരൂപതാ ഡയറക്ടറി

അതിരൂപതാ ഡയറക്ടറിയുടെ പുതിയ പതിപ്പ് പ്രസിദ്ധീകരിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. ഏതെങ്കിലും തിരുത്തലുകളോ പുതിയ ഫോൺ നമ്പറുകളോ e-mail അഡ്രസ്സോ ചേർക്കുവാനുള്ളവർ 2018 സെപ്റ്റം

ബർ 30 നു മുൻപ് ചാൻസലറച്ചന്റെ ഓഫീസിലോ e-mail അഡ്രസ്സിലോ അക്കാര്യം രേഖാമൂലം അറിയിക്കുവാൻ താല്പര്യപ്പെടുന്നു. e-mail address: chancellorchry@gmail.com

## IV
## ഇടവക രജിസ്റ്ററുകൾ

നമ്മുടെ ഇടവകകളിൽ സൂക്ഷിക്കുവാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന വിവിധ രജിസ്റ്ററുകൾക്ക് വെള്ളപ്പൊക്കത്തോടനുബന്ധിച്ച് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ എത്രയുംവേഗം കേടുപാടുകൾ നീക്കുകയും ആവശ്യമെങ്കിൽ പുതിയ രജിസ്റ്ററുകളിലേയ്ക്ക് അവയുടെ ശരിപകർപ്പ് പകർത്തിയെഴുതുകയും ചെയ്യേണ്ടതാണ്.

## ദുരിതനിവാരണത്തിനുള്ള പ്രാർത്ഥന

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, / ജലപ്രളയത്താലും / മറ്റ് പ്രകൃതിദുരന്തങ്ങളാലും / ക്ലേശമനുഭവിക്കുന്ന / ഞങ്ങളുടെ നാടിനെ / ദുരിതങ്ങളകറ്റി സംരക്ഷിക്കണമേ. / ജീവഹാനി സംഭവിച്ച / ഞങ്ങളുടെ സഹോദരങ്ങളോടു / കരുണയായിരിക്കണമേ. / നാശനഷ്ടങ്ങൾക്കിരയായവരെയും / എല്ലാം നഷ്ടപ്പെട്ട്/ ജീവിതം വഴിമുട്ടി നിൽക്കുന്നവരെയും / ആശ്വസിപ്പിച്ച് / ശക്തിപ്പെടുത്തണമെന്നും, / പ്രതിസന്ധികളിൽ അങ്ങയിൽ ആശ്രയിച്ച് / പ്രത്യാശയിൽ ജീവിക്കാൻ/ അങ്ങയുടെ കൃപയാൽ / എല്ലാവരെയും അനുഗ്രഹിക്കണമെന്നും /ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവേ ഞങ്ങളുടെമേൽ കൃപയുാകേണമേ.

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

NB: *കാറോസൂസായോട് ചേർത്ത് ദൈവാലയങ്ങളിലും സന്ന്യാസഭവനങ്ങ ളിലും കുടുംബങ്ങളിലും ചൊല്ലുന്നതിന്. നിർദ്ദേശമനുസരിച്ച് ഈ പ്രാർത്ഥന ചൊല്ലുവാൻ ബന്ധപ്പെട്ട എല്ലാവരെയും ഓർമ്മിപ്പിക്കുവാൻ ബഹു. വൈദികർ ശ്രദ്ധിക്കണമെന്ന് അറിയിക്കുന്നു.*

## ഏലിയാ-സ്ലീവാക്കാലം, മൂശെക്കാലം - പരിസ്ഥിതിസംരക്ഷണം, പ്രവാസിക്ഷേമം

മനുഷ്യന്റെ ഈലോക ജീവിതത്തിന് അന്ത്യംകുറിക്കുന്ന മിശിഹായുടെ രണ്ടാമത്തെ ആഗമനവും അന്ത്യവിധിയും ധ്യാനവിഷയമാക്കുമ്പോൾ നമ്മുടെ വാസസ്ഥലമായ ഭൂമിയെപ്പറ്റി ചിന്തിക്കാം. ശരിയായ പരിസ്ഥിതിസൗഹൃദ ജീവിതശൈലി സ്വന്തമാക്കാം. അതോടൊപ്പം നാമെല്ലാവരും ഈ ഭൂമിയിൽ പ്രവാസികൾ ആണെന്ന ബോധ്യത്തിൽ പ്രവാസികളായികഴിയുന്നവർക്കെല്ലാം പ്രത്യേക പരിഗണന നല്കാം.

### പ്രായോഗിക നിർദ്ദേശങ്ങൾ

**പരിസ്ഥിതിസംരക്ഷണം**

1. അതിരൂപതാ, ഇടവക പരിപാടികളിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കി വീടുകളും ഇടവകകളും സ്ഥാപനങ്ങളും പ്ലാസ്റ്റിക് രഹിതമാക്കാൻ ശ്രദ്ധിച്ച് ഫ്ളക്സ്, തെർമോകോൾ, പ്ലാസ്റ്റിക് കുപ്പി, കൂട് തുടങ്ങിയവ ഒഴിവാക്കുക.
2. ജൈവകൃഷി, മഴവെള്ളസംഭരണി, ഉറവിട മാലിന്യസംസ്കരണം എന്നിവ എല്ലാ വീടുകളിലും ഉണ്ടാകുവാൻ കൂട്ടായ്മകൾ മുൻകൈയെടുക്കുക.
3. കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഓരോ സ്ഥലത്തെയും ആവശ്യങ്ങൾക്കനുസൃതം തയ്യാറാക്കുക. പള്ളിയുടെ ഉടമസ്ഥതയിലുള്ള തരിശുഭൂമി, സംഘടനകളുടെയും കൂട്ടായ്മകളുടെയും സഹകരണത്തോടെ ജൈവകൃഷിയിടങ്ങളാക്കുക.
4. കർഷകരെ പ്രോത്സാഹിപ്പിക്കാൻ സാമ്പത്തികസഹായം നല്കുക; കൃഷിരംഗത്ത് മികവു തെളിയിച്ചവരെ പൊതുവേദിയിൽ ആദരിക്കുക.
5. ജന്മദിനം, വിവാഹവാർഷികം തുടങ്ങിയ ഓർമ്മദിനങ്ങളിൽ മരങ്ങൾ നട്ടു പിടിപ്പിക്കുന്ന ശീലം പ്രോത്സാഹിപ്പിക്കുക.

**പ്രവാസിക്ഷേമം**

1. പ്രവാസികളുടെ കൂട്ടായ്മകൾ ഇടവകകളിൽ സംഘടിപ്പിച്ച് ഇടവകയിലെ പ്രവാസികളുമായി നവമാധ്യമങ്ങൾവഴി ആശയവിനിമയം നടത്തുകയും മാതൃഇടവകയോടുള്ള ബന്ധത്തിൽ നിലനില്ക്കാൻ സഹായിക്കുകയും ചെയ്യുക.
2. ഇതരസംസ്ഥാനതൊഴിലാളികളുടെ അജപാലനപരമായ ആവശ്യങ്ങൾ നിറവേറ്റാൻ അയൽ ഇടവകകൾ സംയുക്തമായി പദ്ധതികൾ തയ്യാറാക്കുക.
3. ടൂറിസ്റ്റുകേന്ദ്രങ്ങളിൽ എത്തുന്ന സഞ്ചാരികൾക്ക് അവരുടെ ആത്മീയകാര്യങ്ങൾ നിർവ്വഹിക്കുന്നതിനു സഹായകമായ രീതിയിൽ സമീപ ഇടവകകളിലെ തിരുക്കർമ്മങ്ങളുടെ സമയക്രമവും മറ്റും അടങ്ങുന്ന ബ്രോഷറുകൾ തയ്യാറാക്കി ബന്ധപ്പെട്ടവർക്കു ലഭ്യമാക്കുക.
4. അതിരൂപതാ പ്രവാസികാര്യാലയത്തിൽ ഇടവകാംഗങ്ങളായ പ്രവാസികളുടെ പേരുകൾ രജിസ്റ്റർ ചെയ്യുക.
5. പ്രവാസി കാര്യാലയത്തിന്റെ ഓൺലൈൻ സൗകര്യമുപയോഗിച്ച് പ്രവാസികൾക്ക് സഭാപഠനത്തിനും സംശയനിവാരണത്തിനും അവസരമൊരുക്കുക.

## പഞ്ചവത്സര കർമ്മപരിപാടികളുടെ ഭാഗമായി ഇടവകകൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന സന്യാസിനി സമൂഹങ്ങൾ (തുടർച്ച)

S.H. Arunoottinpadom
St. Antony's Vettithuruth
St. Francis Assissi Poonthope
St. Joseph's Veroor
St. Gregorious Punnapra
St. Joseph's Laickadu
Mar Sleeva Purackadu
St. Mary's Parel
St. George Puthanangady
Marth Mariam, Pulimukham
St. Micheal's Thathampally
St. Alphonsa Mahendrapuram
St. Mary's Punnamada
St. Joseph's Changamkary
St. Sebastian's S.L. Puram
St. Joseph's Koilmuck, Edathua
St. Thomas Kalavoor
Mary Matha Mariapuram
St. Antony's Paduvapuram
St. Pious Xth Pandankary
St. Alphonsa Chathanad
Vimala CMI Monastry Muttar
St. Mary's Kumarapuram
Holy Family Kariyil
St. Rita's Athirampuzha
St. Mary's Ariyamkavu
Holy Family Mannila
Holy Magi Manimala
Sacred Heart Gagultha
St. Mary's Nirmalapuram
St. Mary's Kadayanickadu
St. James Karikkattor
St. Antony's Paral
S.H. Karimpanakkulam
St. Antony's Perunna
St. John The Baptist Kottangal
St. Joseph's Manackachira
L. F. Kulathoor
St. Thomas Puzhavathu
Little Flower Chunkappara
St. Basil's Manimala
St. Mary's Vazhappally Wes
St. Mary's Vallamchira

SDS Convent Mannanam
S.H. Convent Pangada
SABS Convent, Athirampuzha
Corpus Christi, SABS Convent, Amalagiri
Apostolic Carmel Convent, Madappally
CSN Convent, Kesavadasapuram, TVM
SABS Convent, Thuruthy
CMC Convent, Niranam
DSC Convent, Carmel Sadan, Puthuppally
SABS Convent, Edayarickappuzha
SDS Convent, Padaharam
DSFS Convent, Mother Anna, Mammodu
SDS Convent, Arpookkara
DSFS Convent, Venganoor, TVM
DST Convent, Chathanad
SABS Convent, Kurichy
ASMI Convent, Judapuram
DSFS Convent, Vizhinjam
ASMI Convent, Vaisumbhagam
SCJC Convent, Adoor
SMMI Convent, Kilimala, Paipadu
SABS Convent, Anchal
MSMHC Convent, Kottackappuram
DSFS Convent, Mammodu
H.M Convent, Perumkavu
FCC Provincial House, Changanacherry
Little Flower Convent, Peroor, Kollam
DSJ Convent, Rajamattom
DM Convent, Pongumood
MSJ Convent, Pathanapuram
Holy Spirit Sisters Venchempu
Cluny Convent, Changancherry
MMM Convent, Manimala New
St. Bertholomia Bhavan, Pazhavangady
OLG Convent, Pallikkunne
DSHJ Convent, Kudamalloor
Holy Family Convent, Thirumala
DSHJ Convent, Kiliroor
FSAS Convent, Mannamthala
DFSJ Convent, Rajamattom
LSC Convent, Manganam
FDSHJ Convent, Perunna, Chry
St. Martha's Convent, Kumaranelloor

St. Thomas Perumkavu
Fathima Matha, Nedumanny
St. Mary's Pulickalkavala
Little Flower Punnavely
Lourde Matha Thazhathuvadakara
St.Mary's Vaipur
St. Mary's Pulincunnu
St. Theresas Kavalam
Lisieux Kavalam
St. Joseph's Kayalpuram
St.Gregorious, Kidangara
St. Mary's Manalady
St. Rits's Kannady
St. Joseph's Punnakkunnam
St. Joseph's Ramankary
St. Xavier's Veliyanadu
St. Paul's Vezhapra
St. Joseph's Kannady
Mother Theresa Kannammola
St. Joseph's Kariavattom
St. Alphonsa Pongumoodu
S.H. Thiruvallam
Lourde Forane, Thiruvananthapuram
Ranigiri Mannamthala
St. Mary's Palode, TVM
Lourde Hill Peroorkkada
Emmavus, Sreekariyam
Holy Family Thirumala
SFS Vattiyoorkkavu
All Saints Vithura
St. Peters Vizhinjam
St. Jude Attinga
Nazarath Kesavadhasapuram
Daiva paripalana Killy
Nirmala Bhavan Kawdiar
Little Flower, Vellayani
St. Thomas Nalukodi
Lourde Matha Paipadu
St. Mary's Mundupalam
St. Antony's Muthoor
St. Joseph's Kunnamthanam
St. Mary's Nedumon
St. Sebastian's Pandalam

LSC Convent, Pallathuruthy
FCC Convent, Vadakkekara
S.H. Convent, Puthuppally
S.H. Convent, Peroorkkada
S.H. Convent Mayam
S.H. Convent, Mampuzhakkary
S.H. Convent, Nedumanny
S.H. Convent Punalur and Vettimukal
S.H. Convent Punnathura and Sreekandamangalam
S.H. Convent, Thekkupara
MMS Convent, Ithithanam
FDSHJ Convent, St.George Home, Anickadu
S. H. Convent, Vallamchira
Cluny Convent, Cheppumpara
FDSHJ Convent, Punnamada
MMS Convent, Kottayam
OMMI Convent, Thellakom
OMMI Convent, Changanacherry
LWSH Convent, Panayampala
LWSH Convent, Kattachira
PCPA Convent, Chelakompu
CMC Convent, Pallikkuttumma
LSDP Convent, Kunnamthanam
LSDP Convent, Aruvikuzhy
LSDP Convent, Killy
LSDP convent, Gandhinagar, Kottayam
LSDP convent Kuttikonam
LSDP convent Kizvaipur
LSDP convent Ayroor
FDSHJ Convent Kumarankary
FDSHJ Convent, Adoor
LWSH Convent, Sannidhana, Parel
CMC Convent, Euprasia Bhavan, Kanjiramkulam
CMC Avila Bhavan, Thiruvananthapuram
LWSH Convent, Koduppuna
CMC Convent, Itithanam Snehanikethan
SJSM Convent, Changanacherry
C.M.C Convent, Pallikkuttumma
SJSM Provincial House, Angamaly
CMC Convent, Philgiri
St. Anns Clarist Convent, Veroor
CMC Convent, Venchempu
SJSM Convent, Puthussery

## പ്രകൃതിക്ഷോഭം ദേശീയദുരന്തമായി പ്രഖ്യാപിക്കണം

കേരളത്തിൽ വ്യാപകമായി സംഭവിച്ച പ്രകൃതിക്ഷോഭം കേന്ദ്രഗവൺമെന്റ് ദേശീയദുരന്തമായി പ്രഖ്യാപിക്കണമെന്നും, പേമാരിയും വെള്ളപ്പൊക്കവും ഉരുൾപൊട്ടലും മൂലം ഭീകരദുരിതങ്ങളിൽപ്പെട്ട പ്രദേശങ്ങളിൽ സൈന്യത്തിന്റെയും ധ്രുതകർമ്മസേനയുടെയും കൂടുതൽ സേവനങ്ങൾ ലഭ്യമാക്കണമെന്നും യുദ്ധകാലാടിസ്ഥാനത്തിൽ രക്ഷാ-പുനരധിവാസ പ്രവർത്തനങ്ങൾ നടത്തണമെന്നും അതിരൂപതാ പബ്ലിക്ക് റിലേഷൻസ് ജാഗ്രതാസമിതി ആവശ്യപ്പെട്ടു.

## ദുരിതാശ്വാസത്തിന് വിദേശസഹായം സ്വീകരിക്കാൻ കേന്ദ്രം നടപടിയെടുക്കണം

വിദേശ രാജ്യങ്ങളിൽ നിന്നും, സംഘടനകളിൽ നിന്നും പ്രളയക്കെടുതി നേരിടുന്ന കേരളത്തിനുവേണ്ടി സാമ്പത്തിക സഹായം സ്വീകരിക്കണമെന്നും അതിനു തടസ്സമായി പറയുന്ന സംഗതികൾ കേന്ദ്രസർക്കാർ അടിയന്തരമായി പരിഹരിക്കണമെന്നും, പ്രകൃതി ദുരന്തത്തിൽ തകർന്നടിഞ്ഞ കേരളത്തിന്റെ പുനർനിർമ്മിതിക്ക് ഐക്യരാഷ്ട്രസഭയുടെ ഉൾപ്പടെ സാമ്പത്തിക സഹായങ്ങൾ സ്വീകരിക്കാൻ നടപടിയെടുക്കണമെന്നും, സാങ്കേതിക കാരണങ്ങൾ ഉന്നയിച്ച് ദുരിതാശ്വാസസഹായങ്ങൾ നഷ്ടമാകുന്ന സാഹചര്യം കേന്ദ്രസർക്കാർ സൃഷ്ടിക്കരുതെന്നും, വിദേശസഹായം ലഭ്യമാക്കുന്നതിന് സംസ്ഥാനസർക്കാർ കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണമെന്നും ജാഗ്രതാ സമിതി ആവശ്യപ്പെട്ടു.

## സഭാവബോധ ക്വിസ്സ് ഒക്ടോബർ 2 ചൊവ്വാഴ്ച

2018 ആഗസ്റ്റ് 18-ാം തീയതി നടത്താൻ നിശ്ചയിച്ചിരുന്ന സഭാവബോധ ക്വിസ് ഒക്ടോബർ 2 ചൊവ്വാഴ്ച നടത്താൻ പുനർനിശ്ചയിച്ചിരിക്കുന്നു.

## കുട്ടനാടിനുവേണ്ടി സത്വരമായി ചെയ്യേണ്ട കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി

പ്രളയക്കെടുതിയിൽ അകപ്പെട്ട കുട്ടനാടിനുവേണ്ടി അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങൾ സംസ്ഥാന മന്ത്രിസഭയുടെ ശ്രദ്ധയിൽപ്പെടുത്തി. ഈ വിഷയങ്ങൾ 30-08-2018 തീയതി മുതൽ ആരംഭിക്കുന്ന നിയമസഭാസമ്മേളനത്തിൽ ഉന്നയിക്കുവാൻ നിയമസഭാ സാമാജികരോട് ആവശ്യപ്പെട്ടു. കുട്ടനാടിന്റെ പുനർനിർമ്മിതിക്ക് ആവശ്യമായ ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ അതിരൂപതാ പബ്ലിക് റിലേഷൻസ്-ജാഗ്രതാസമിതിയുടെ ആഭിമുഖ്യത്തിൽ തയ്യാറായിവരുന്നു. ആവശ്യമായ പഠനങ്ങൾക്കുശേഷം അത് പിന്നീട് ഗവൺമെന്റിന്റെ പരിഗണനയ്ക്കായി നൽകുന്നതാണ്.

**അഡ്വ. ജോജി ചിറയിൽ**
പി.ആർ.ഒ.

**ഫാ. ആന്റണി തലച്ചെല്ലൂർ**
ജാഗ്രതാസമിതി കോ-ഓർഡിനേറ്റർ

ഈശോയിൽ സ്നേഹമുള്ളവരേ,

കർത്താവിന്റെ രണ്ടാമത്തെ ആഗമനത്തെക്കുറിച്ചും, വി. കുരിശിന്റെ മഹത്വത്തെക്കുറിച്ചും, അന്ത്യവിധിയെക്കുറിച്ചും ഓർമ്മപ്പെടുത്തുന്ന ഏലിയ-സ്ലീവാ-മൂശാ കാലത്തിലേയ്ക്ക് നമ്മൾ പ്രവേശിച്ചിരിക്കുകയാണല്ലോ. നമ്മുടെ അമ്മയായ പരി. കന്യകാമറിയത്തിന്റെ ജനനതിരുനാളിന് ഒരുക്കമായ എട്ടുനോമ്പിലേയ്ക്കും നാം പ്രവേശിച്ചിരിക്കുന്നു. എല്ലാവർക്കും തിരുനാളിന്റെ മംഗളങ്ങൾ ഏറ്റവും സ്നേഹപൂർവ്വം ആശംസിക്കുന്നു. സെപ്റ്റംബർ 14 സ്ലീവായുടെ പുകഴ്ചയുടെ തിരുനാൾ ആചരിക്കുമ്പോൾ, നമുക്ക് രക്ഷനേടിത്തന്ന ഈശോയുടെ കുരിശിന്റെ തണലിൽ നമുക്ക് അഭയം പ്രാപിക്കാം. പ്രളയക്കെടുതിമൂലം കഷ്ടപ്പെടുന്ന നമ്മുടെ സഹോദരങ്ങൾക്കുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കാം, അവരുടെ പുനരുദ്ധാരണത്തിനായി നമുക്ക് ഒത്തുചേരാം.

ഈശോയിൽ സ്നേഹപൂർവ്വം

**ജോബിനച്ചൻ & അനീഷച്ചൻ**

## സെപ്റ്റംബർ

| | | |
|---|---|---|
| 1 ശനി | : | എട്ടുനോമ്പാരംഭം |
| 2 ഞായർ | : | **XII-ാം വിദ്യാർത്ഥികൾക്കായുള്ള പ്രതിഭാസംഗമം** (കോട്ടയം, കുടമാളൂർ, അതിരമ്പുഴ ഫൊറോനകൾക്ക്) |
| 8 ശനി ടട | : | പ. കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ, CLT ക്ലാസ്സ്, MCC ക്ലാസ്സ് |
| 14 വെള്ളി | : | സ്ലീവായുടെ പുകഴ്ച |
| 15 ശനി | : | CLT ക്ലാസ്സ് **വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന സെമിനാർ** (നെടുംകുന്നം 9.30 am to 4.00 pm) |
| 16 ഞായർ | : | **XII-ാം വിദ്യാർത്ഥികൾക്കായുള്ള പ്രതിഭാസംഗമം** (ആലപ്പുഴ, ചമ്പക്കുളം ഫൊറോനകൾക്ക്) |
| 19 ബുധൻ | : | BCT Camp 19-ാം തീയതി വൈകുന്നേരം 5.00 ന് ആരംഭിച്ച് 21-ാം തീയതി 1.00 p.m. ന് സമാപിക്കുന്നു. |
| 21 വെള്ളി | : | CML അതിരൂപതാ കൗൺസിൽ |
| 22 ശനി | : | **വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന സെമിനാർ** (പുളിങ്കുന്ന് 9.30 am to 4.00 pm) |
| 29 ശനി | : | CLT ക്ലാസ്സ് **വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന സെമിനാർ** (ചമ്പക്കുളം 9.30 am to 4.00 pm) |

**ഒക്ടോബർ**

| | | |
|---|---|---|
| 1 തിങ്കൾ | : | വി. കൊച്ചുത്രേസ്യാ |
| 2 ചൊവ്വാ | : | MCC ക്ലാസ്സ് |
| 6 ശനി | : | CLT ക്ലാസ്സ് |
| 11 വ്യാഴം | : | Recollection day for Office Staff<br>(ഓഫീസ് അവധി) |
| 13 ശനി | : | CLT ക്ലാസ്സ്, MCC ക്ലാസ്സ്<br>XII-ാം വിദ്യാർത്ഥികൾക്കായുള്ള പ്രതിഭാസംഗമം<br>(തിരുവനന്തപുരം ഫൊറോന) |
| 14 ഞായർ | : | **XII-ാം വിദ്യാർത്ഥികൾക്കായുള്ള പ്രതിഭാസംഗമം**<br>(ചങ്ങനാശേരി, തുരുത്തി, കുറുമ്പനാടം ഫൊറോനകൾ) |

**പ്രത്യേക ശ്രദ്ധയ്ക്ക്**

## BCT Camp 2018 September 19th 5.00 pm to 21st 1.00 pm @ Sehion Retreat Centere Kunnamthanam

വിശ്വാസപരിശീലനം എന്ന ദൗത്യത്തെക്കുറിച്ച് ആഴമായ ബോധ്യമുൾക്കൊള്ളാനും ദൈവത്തിന്റെ വിളിയോട് വിശ്വസ്തത പുലർത്തുന്ന സഭാത്മക ജീവിതശൈലി സ്വന്തമാക്കുവാനും വിശ്വാസത്തിന്റെ കൈമാറ്റ പ്രക്രിയയിൽ പ്രാവീണ്യം നേടുവാനും നവാഗതരായ വിശ്വാസപരിശീലകരെ സഹായിക്കുക എന്നതാണ് ബി.സി.റ്റി. കോഴ്സ്കൊണ്ട് ഉദ്ദേശിക്കുക. മതബോധനത്തിന് ആമുഖം, മതബോധനത്തിന്റെ ദൈവശാസ്ത്രപശ്ചാത്തലം, മതബോധനത്തിന്റെ ഉള്ളടക്കം, മതാധ്യാപകന്റെ വിളിയും ദൗത്യവും യോഗ്യതകളും, ബോധനരീതികൾ തുടങ്ങിയ വിഷയങ്ങളാണ് കോഴ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.വിശ്വാസപരിശീലകരുടെ പ്രാർത്ഥനാജീവിതം, ആരാധനക്രമഭാഗഭാഗിത്വം എന്നിവയ്ക്കും ക്യാമ്പിൽ പ്രാധാന്യം നല്കുന്നു.

കോഴ്സിന് വരുന്നവർ ആദ്യന്തം പരിപാടികളിൽ പങ്കെടുക്കേണ്ടതാണ്. പങ്കെടുക്കുന്നവർ **സെപ്റ്റംബർ 12-നു മുമ്പായി സന്ദേശനിലയത്തിൽ പേര് രജിസ്റ്റർ ചെയ്യുമല്ലോ.** Camp-ൽ പങ്കെടുക്കുന്നവർ കുർബാനപുസ്തകം, ബൈബിൾ എന്നിവ കൊണ്ടുവരേണ്ടതാണ്. ക്യാമ്പ് ഫീസ് Rs. 750.

മതാധ്യാപനവിദ്യയിൽ ഏറ്റവും ആവശ്യാവശ്യങ്ങളും അടിസ്ഥാനപരിശീലനവും ബോധ്യങ്ങളും നല്കുന്ന BCT പരിശീലനപരിപാടിയിൽ അതിരൂപതയിലെ ഓരോ മതാധ്യാപകനും പങ്കെടുത്തിരിക്കണം എന്നതു നിർബന്ധമാണ്. ചങ്ങനാശേരി അതിരൂപതയിലെ എല്ലാ മതാധ്യാപകർക്കും ഉണ്ടായിരിക്കേണ്ട അടിസ്ഥാന യോഗ്യതയായിട്ടാണ് ഈ പരിശീലന പരിപാടിയെ നിശ്ചയിച്ചിരിക്കുന്നത്. അതിനാൽ നവാഗതർക്ക് മാത്രമല്ല ഇതേവരെ ഈ കോഴ്സിൽ പങ്കെടുത്തിട്ടില്ലാത്ത ആർക്കും ഇതിൽ സംബന്ധിക്കാവുന്നതാണ്.

**ആദരാഞ്ജലികൾ**

സെക്രട്ടറിയായി വിവിധ ഫൊറോനകളിൽ ദീർഘകാലം സേവനം ചെയ്ത സി. റജീന സി.എം.സി.യുടെയും കരിമ്പനക്കുളം സേക്രട്ട് ഹാർട്ട്

സൺഡേസ്കൂൾ അധ്യാപിക ശ്രീമതി ഏലിയാമ്മ തോമസ് ചെമ്മരപ്പള്ളിയുടെ മാതാവിന്റെയും, ശ്രീമതി. മേഴ്സി തോമസ് കിണറ്റുകരമുറിയുടെ പിതാവിന്റെയും തിരുവനന്തപുരം മദർ തെരേസ കണ്ണമ്മൂല സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. ജോൺസന്റെ പിതാവിന്റെയും കുളത്തൂർ ലിറ്റിൽ ഫ്ളവർ സൺഡേസ്കൂൾ അധ്യാപിക സി. അൽഫോൻസ് മൂന്നാറ്റാമുഖം SABS ന്റെ പിതാവിന്റെയും അതിരമ്പുഴ സെന്റ് മേരീസ് സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. ജോർജ്ജ് മാത്യു ഓലിക്കലിന്റെയും പുളിങ്കുന്ന് സെന്റ് മേരീസ് സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. പി. സി. തോമസ് പുളിവേലിയുടെ മാതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## 49-ാം ചരമവാർഷികം

ദൈവദാസൻ **മാർ മാത്യു കാവുകാട്ടു പിതാവിന്റെ 49-ാം ചരമവാർഷികം 2018 ഒക്ടോബർ 1 മുതൽ 9 വരെ** ആചരിക്കുകയാണ്. എല്ലാവർക്കും ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയിലേയ്ക്ക് സ്നേഹപൂർവ്വമായ സ്വാഗതം.

**അതിരൂപതാ പ്രൊക്കുറേറ്റർ**

## പ്രസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗ്

ഒക്ടോബർ 1 തിങ്കൾ രാവിലെ 10 മണിക്ക് പ്രസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗ് അതിരൂപതാ കേന്ദ്രത്തിൽ നടത്തപ്പെടുന്നു.

**ഡോ. ജോസ് നിലവന്തറ**
(സെക്രട്ടറി)

## പാസ്റ്ററൽ കൗൺസിൽ മീറ്റിംഗ്

പാസ്റ്ററൽ കൗൺസിലിന്റെ ഒരു പ്രത്യേക സമ്മേളനം 2018 സെപ്റ്റംബർ 15-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിമുതൽ 1 മണിവരെ ചങ്ങനാശ്ശേരി എസ്.ബി. കോളേജിലെ ജൂബിലി സെമിനാർ ഹാളിൽ നടക്കുന്നതാണ്. എല്ലാ അംഗങ്ങളേയും പ്രസ്തുത സമ്മേളനത്തിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ശ്രീ. ജോസ് ആനിത്തോട്ടത്തിൽ**
(അസി. സെക്രട്ടറി)

**ഡോ. സോണി കണ്ടങ്കരി**
(പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി)

ഈശോയിൽ സ്നേഹമുള്ളവരേ,

തീർത്ഥാടനത്തിന്റെ വിജയകരമായ നടത്തിപ്പിനായി നിങ്ങൾ കാണിച്ച ആത്മാർത്ഥതയ്ക്കും സഹകരണത്തിനും നന്ദി പറയുന്നു. നമ്മുടെ നാട്ടിൽ പ്രളയക്കെടുതിയാൽ കഷ്ടപ്പെടുന്ന എല്ലാ സഹോദരങ്ങളെയും പ്രാർത്ഥനയിൽ അനുസ്മരിക്കുകയും നമ്മളാൽ കഴിയുന്ന സഹായസഹകരണങ്ങൾ നല്കുകയും ചെയ്യാം. സെപ്റ്റംബർ 21-ാം തീയതി നടക്കുന്ന അതിരൂപതാ കൗൺസിലിൽ ബന്ധപ്പെട്ട ഭാരവാഹികൾ പങ്കെടുക്കുന്ന കാര്യം ഓർമ്മിപ്പിക്കുന്നു. പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാളിന്റെയും സ്ലീവായുടെ പുകഴ്ചയുടെ തിരുനാളിന്റെയും മംഗളങ്ങൾ ആശംസിച്ചുകൊണ്ട്

സ്നേഹപൂർവ്വം,

**ജോബിനച്ചൻ & അനീഷച്ചൻ**

**സെപ്റ്റംബർ**

| | | |
|---|---|---|
| 1 ശനി | : | എട്ടുനോമ്പാരംഭം. |
| 5 ബുധൻ | : | കൽക്കത്തയിലെ വി. മദർ തെരേസ |
| 8 ശനി | : | പ. **കന്യകാമറിയത്തിന്റെ** പിറവി തിരുനാൾ |
| 14 വെള്ളി | : | വി. കുരിശിന്റെ പുകഴ്ച |
| 21 വെള്ളി | : | അതിരൂപതാ കൗൺസിൽ |

**ഒക്ടോബർ**

| | | |
|---|---|---|
| 1 തിങ്കൾ | : | വി. കൊച്ചുത്രേസ്യായുടെ തിരുനാൾ<br>അംഗത്വ നവീകരണം നടത്തുക. ദൈവവിളി ദിനം, ദൈവവിളിയ്ക്കായി പ്രാർത്ഥിക്കുക. |

## അതിരൂപതാ കൗൺസിൽ

ചങ്ങനാശ്ശേരി അതിരൂപതാ ചെറുപുഷ്പ മിഷൻലീഗിന്റെ ഈ വർഷത്തെ അതിരൂപതാ കൗൺസിൽ സെപ്റ്റംബർ 21-ാം തീയതി വെള്ളിയാഴ്ച ചങ്ങനാശേരി അസംപ്ഷൻ കോളേജ് ഇൻഡോർ സ്റ്റേഡിയത്തിൽവച്ച് നടത്തപ്പെടുന്നു. രാവിലെ 9.30ന് ആരംഭിക്കുന്ന സമ്മേളനം ഉച്ചയ്ക്ക് 1.30ന് സമാപിക്കുന്നതാണ്. ഈ സമ്മേളനത്തിൽ ഓരോ ശാഖയിൽനിന്നും ജോയിന്റ് ഡയറക്ടർ, ഓർഗനൈസർമാർ, ജൂണിയർ ഓർഗനൈസർമാർ, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, അതിരൂപതാ, മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ പങ്കെടുക്കേണ്ടതാണ്. എല്ലാവരെയും ഈ കൗൺസിലിലേക്ക് സ്വാഗതം ചെയ്യുന്നു. പ്രസ്തുത സമ്മേളനത്തിൽ മിഷൻലീഗ് സ്ഥാപകനേതാക്കളായ ബഹു. മാലിപ്പറമ്പിലച്ചനെയും കുഞ്ഞേട്ടനെയും അനുസ്മരിക്കുന്നതുമാണ്. രജിസ്ട്രേഷൻ ഫീസ് 60 രൂപ. കൗൺസിലിൽ പങ്കെടുക്കുന്നവരുടെ എണ്ണം സെപ്റ്റംബർ 16നു മുമ്പായി അതിരൂപതാ ഓഫീസിൽ അറിയിക്കുക. ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്.

## അൾത്താരബാലന്മാരുടെ ക്യാമ്പ് / സെമിനാർ

മേഖലാതലത്തിൽ അൾത്താരബാലന്മാരുടെ ക്യാമ്പ് / സെമിനാർ നവംബർ മാസത്തിനു മുമ്പായി നടത്തി അതിൽ പങ്കെടുക്കുന്ന കുട്ടികളിൽ നിന്നും ബഹുമാനപ്പെട്ട ഇടവക വികാരിമാർ ഒരു അൾത്താര ബാലനെ നവംബർ 30, ഡിസംബർ 1, 2 തീയതികളിൽ നടക്കുന്ന അതിരൂപതാ ക്യാമ്പിലേയ്ക്ക് അയയ്ക്കുമല്ലോ. പങ്കെടുക്കുന്നവരുടെ ലിസ്റ്റും ഫോട്ടോയും ഒക്ടോബർ 23നകം ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

ദൈവവിളികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം നമ്മുടെ അതിരൂപതയിലെ വൈദികാർത്ഥികളുടെ പരിശീലന ചെലവിലേയ്ക്കുള്ള സംഭാവന ദൈവവിളി ദിനമായ ഒക്ടോബർ 1-ാം തീയതി ഒരു കുട്ടിയ്ക്ക് ഒരു രൂപ എന്ന പ്രകാരം ശാഖകളിൽ സമാഹരിച്ച് അതിരൂപതാ ഓഫീസിൽ ഒക്ടോബർ 30ന് മുൻപായി എത്തിക്കേണ്ടതുമാണ്.

---

## ജീവകാരുണ്യനിധി ട്രസ്റ്റ്

JEEVAKARUNYANIDHI TRUST

കളർ എ ഹോം ഭവന നിർമ്മാണ പദ്ധതിയിൽ 2017 ഡിസംബറിൽ ഇടവകകൾ സമാഹരിച്ച തുകയും ആഗസ്റ്റ് 21-വരെ അതിരൂപതാ കേന്ദ്രത്തിൽ ലഭിച്ച തുകയും (40%) - (തുടർച്ച)

| നം. | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 194 | പൂന്തോപ്പ് | 100000 | 40000 |

## ഈദാസ് ഏത്താ - സഭാവബോധ ക്വിസ്

**മത്സരസമയം, സ്ഥലം:**

2018 ഒക്ടോബർ 02 ഉച്ചകഴിഞ്ഞ് 2:30 മുതൽ
എസ്.ബി. ഹയർസെക്കണ്ടറി സ്കൂൾ ചങ്ങനാശേരി

**സിലബസ്സ്:** 2018 ലെ അതിരൂപതാദിനത്തോടനുബന്ധിച്ച് പബ്ലിക് റിലേഷൻസ് ജാഗ്രതാ സമിതി പുറത്തിറക്കിയ ന്യൂസ് & വ്യൂസിൽ പരാമർശിച്ചിരിക്കുന്ന വിഷയങ്ങൾ.

അതിരൂപതാംഗങ്ങൾക്ക് പ്രായഭേദമെന്യേ ഇടവകാടിസ്ഥാനത്തിൽ പങ്കെടുക്കാവുന്നതാണ് (ഒരിടവകയിൽ നിന്നും 2 ടീം).

രജിസ്ട്രേഷൻ സെപ്റ്റംബർ 23 വരെ നീട്ടിയിരിക്കുന്നു.

**രജിസ്ട്രേഷനും മറ്റു വിവരങ്ങൾക്കും:**

ജനറൽ കൺവീനർ, ജോബി പ്രാക്കുഴി ഫോൺ: 9446124087
ഓഫീസ് സെക്രട്ടറി, ജോജോ വർഗീസ് ഫോൺ: 8281562949

**ഈശോയിൽ പ്രിയരേ,**

വി. കുരിശിന്റെ പുകഴ്ചയെ കേന്ദ്രമാക്കി നമ്മുടെ കർത്താവീശോമിശിഹായുടെ പ്രത്യാഗമനവും, കുരിശിന്റെ വിജയവും അനുസ്മരിക്കുന്ന ഏലിയാ–സ്ലീവാ, മൂശേക്കാലത്തിലേയ്ക്ക് നാം പ്രവേശിച്ചിരിക്കുന്നു. കർത്താവിന്റെ രണ്ടാമത്തെ വരവും അന്ത്യവിധിയും ധ്യാനവിഷയമാക്കി അവിടുത്തെ വലതുവശത്ത് നിൽക്കാൻ തക്കവിധം നമ്മുടെ ജീവിതത്തെ നമുക്ക് ക്രമപ്പെടുത്താം.

കേരള ജനത ഒരു വലിയ വിപത്തിനെ അഭിമുഖീകരിച്ച് അതിജീവനത്തിന്റെ പാതയിലാണ്. കുടുംബക്കൂട്ടായ്മാ ലീഡേഴ്സ് ഏറ്റവും നല്ല ശുശ്രൂഷകളിലൂടെ കടന്നുപോയ വെള്ളപ്പൊക്കത്തിന്റെ അവസരങ്ങളിൽ വികാരിയച്ചനോട് ചേർന്ന് നിന്ന് സഹകരിച്ചത് നന്ദിയോടെ ഓർക്കുന്നു. വെള്ളപ്പൊക്കത്തെ അതിജീവിച്ചെങ്കിലും നമ്മുടെ കുടുംബങ്ങളിൽ നഷ്ടങ്ങളുടെ കണക്കുകൾ ഏറിയിരിക്കുന്നു. ഈ അവസരത്തിൽ നമ്മുടെ ഇല്ലായ്മകളുടെ ഇടയിലും കൂടുതൽ ശുശ്രൂഷ മനോഭാവത്തോടെ കുടുംബങ്ങളിൽ സഹായമെത്തിക്കുവാൻ ഇടവക വികാരിയച്ചനോടൊപ്പം നമുക്കും പ്രവർത്തിക്കാം.

പരിശുദ്ധ കന്യാമറിയത്തിന്റെ ജനനത്തിരുനാൾ ആശംസകൾ ഏവർക്കും പ്രാർത്ഥനാപൂർവ്വം നേരുന്നു. നമ്മുടെ എല്ലാ പ്രവർത്തനങ്ങളിലും പരി. അമ്മ നമുക്ക് തുണയും മദ്ധ്യസ്ഥയും ആകട്ടേ.

## ബൈബിൾ സ്പോൺസേഴ്സ് ഫോറം

വെള്ളപ്പൊക്കത്തിൽ ബൈബിൾ നഷ്ടപ്പെട്ട എല്ലാ കുടുംബങ്ങൾക്കും ബൈബിൾ സൗജന്യമായി ലഭ്യമാക്കുവാൻ ചങ്ങനാശ്ശേരി അതിരൂപതാ ബൈബിൾ അപ്പോസ്തലേറ്റ് വിഭാഗം ആഗ്രഹിക്കുന്നു. സുമനസുകളിൽ നിന്ന് അതിനായി സഹായം അഭ്യർത്ഥിക്കുന്നു. താഴെപ്പറയുന്ന അക്കൗണ്ടിലേയ്ക്ക് നിങ്ങൾക്ക് തുക അടയ്ക്കാവുന്നതാണ്.

ഡയറക്ടർ
ബൈബിൾ സ്പോൺസേഴ്സ് ഫോറം,
ബ്രാഞ്ച് നമ്പർ –0013 ചങ്ങനാശ്ശേരി
അക്കൗണ്ട് നമ്പർ – 0013053000060926,
സൗത്ത് ഇൻഡ്യൻ ബാങ്ക്,
IFSC – SIBL0000013

## ലോഗോസ് ക്വിസ് -2018

ഈ വർഷത്തെ ലോഗോസ് ക്വിസ് രൂപതാതല മത്സരം (ഇടവകകളിൽവച്ച് നടത്തപ്പെടുന്നു) ഒക്ടോബർ 14–ാം തീയതി ഞായറാഴ്ച 2 മുതൽ 3:30 വരെ അതാത് ഇടവകകളിൽവച്ച് നടത്തപ്പെടുന്നു. പ്രകൃതി ദുരന്തങ്ങൾക്കിടയിലും 27600 പേർ രജിസ്ട്രേഷൻ നടത്തുകയുണ്ടായി. ബഹു. അച്ചന്മാരോടും, സിസ്റ്റേഴ്സിനോടും, കൂട്ടായ്മാ ലീഡേഴ്സിനോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു. പ്രകൃതി ദുരന്തങ്ങളുടെ കഷ്ടപ്പാടുകളിൽനിന്നും മോചനം പ്രാപിക്കുവാൻ ദൈവം കൃപ ചൊരിയട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

## പ്രത്യേക അറിയിപ്പ്

ലോഗോസ് ക്വിസ് - 2018 രജിസ്ട്രേഷൻ ഫീസ് ഇനിയും നൽകുവാനുള്ള ഇടവകകൾ എത്രയും വേഗം നൽകണമെന്ന് ഓർമ്മിപ്പിക്കുന്നു.

## ഡിഡാക്കേ പരിശീലന പരിപാടി

സെപ്റ്റംബർ രണ്ടാം ശനിയാഴ്ച ആരംഭിക്കാനിരുന്ന ഡിഡാക്കേ പരിശീലന പരിപാടി ഒക്ടോബർ രണ്ടാം ശനിയാഴ്ച 13-ാം തീയതി ആരംഭിക്കുന്നതാണ്.

## ബസാലേൽ കൺവൻഷൻ

ആഗസ്റ്റ് 5-ാം തീയതി സെന്റ് മൈക്കിൾസ് തത്തംപള്ളി ഇടവകയിലും ആഗസ്റ്റ് 12-ാം തീയതി സെന്റ് ജോർജ്ജ് ഐക്കരച്ചിറ ഇടവകയിലും ബസാലേൽ കൺവൻഷൻ നടത്തപ്പെട്ടു. ഇതിനായി ക്രമീകരണങ്ങൾ ചെയ്ത റവ. ഫാ. ജോസഫ് കൈതപ്പറമ്പിലച്ചനും, ജേക്കബ്ബ് ചീരംവേലിലച്ചനും, കൊച്ചച്ചന്മാർക്കും മറ്റെല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

## ഈ ബസാലേയേൽ കൺവൻഷൻ നടത്തപ്പെടുന്ന ഇടവകകൾ

സെപ്റ്റംബർ 2 ഞായർ - സെന്റ് മേരീസ് ഫൊറോനാപള്ളി, അതിരമ്പുഴ

സെപ്റ്റംബർ 23 ഞായർ - മാർ സ്ലീവാ ഫൊറോനാപള്ളി, ആലപ്പുഴ

## ഹോം മിഷൻ പ്രാർത്ഥനാ ദിനം

ഹോംമിഷൻ രംഗത്തു പ്രവർത്തിക്കുന്ന ബഹു. സിസ്റ്റേഴ്സിനായി ആഗസ്റ്റ് 11-ാം തീയതി രാവിലെ 9.30 മുതൽ 3.30 വരെ വെരൂർ സെന്റ് ജോസഫ് ഇടവകയിൽവച്ച് പ്രാർത്ഥനാ ദിനം സംഘടിപ്പിച്ചു. അതിരൂപതാ വികാരിജനറാൾ വെരി. റവ. ഡോ. തോമസ് പാടിയത്ത് ഉത്ഘാടനം നിർവ്വഹിക്കുകയും സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് റവ. ഡോ. ആന്റണി മൂലയിൽ ഫ്രാൻസീസ് മാർപാപ്പായുടെ അപ്പസ്തോലിക പ്രബോധനമായ **''ആനന്ദിച്ച് ആഹ്ളാദിക്കുവിൻ''** എന്ന പുസ്തകത്തെ ആസ്പദമാക്കി ക്ലാസ്സ് എടുത്തു. തുടർന്ന് കുടുംബ ക്കൂട്ടായ്മാ ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശ്ശേരി ആരാധനയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു. ബ്രദർ ബിനിൽ പഞ്ഞിപ്പുഴ, ശ്രീ. ജോബ് ആന്റണി പൗവ്വത്തിൽ, റവ. സി. ചെറുപുഷ്പം എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. വിവിധ കോൺഗ്രിഗേഷനുകളിൽ നിന്നായി 86 പേർ പങ്കെടുത്തു.

## ഫാമിലി അപ്പോസ്തലേറ്റ്

സ്നേഹം നിറഞ്ഞ കുടുംബപ്രേഷിതരേ,

ജലപ്രളയത്തിന്റെ നടുക്കത്തിലാണ് കേരളസമൂഹം. അനേക നാളത്തെ അദ്ധ്വാനത്തിന്റെ ഫലമായി പടുത്തുയർത്തിയതെല്ലാം നഷ്ട്പെട്ടതിന്റെ നിസഹായത മനുഷ്യരുടെ മുഖത്തു നിഴലിക്കുന്നു. ദുരിതക്കയത്തിൽനിന്നും അനേകരെ രക്ഷിച്ച നല്ല മനസ്സുകൾ ഏറെയുണ്ട്. മനുഷ്യമനസ്സുകളിൽ നഷ്ടപ്പെടാതെ സൂക്ഷിച്ചുവച്ചിരിക്കുന്ന മനുഷ്യത്വത്തിന്റെ മണിമുത്തുകൾ കേരളജനത കണ്ടറിഞ്ഞ ദിവസങ്ങളാണ് കടന്നുപോയത്. അപരന്റെ വേദനകളോടുള്ള പ്രതികരണമാണ് ക്രൈസ്തവജീവിതത്തിന്റെ അന്തസത്തയെന്നത് വാക്കുകൾകൊണ്ട് എന്നതിനെക്കാൾ പ്രവർത്തികൾകൊണ്ടു കാണിച്ചുകൊടുക്കാൻ സാധിച്ച ദിനങ്ങളായിരുന്നു അത്. ദുരിതാശ്വാസപ്രവർത്തനങ്ങളിൽ പങ്കുചേർന്ന് ഏവരെയും ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. പ്രളയത്തിനുശേഷം ക്യാമ്പുകളിൽനിന്നും ഭവനങ്ങളിലേയ്ക്കു തിരിച്ചുപോയവരെ പുനരധിവസിപ്പിക്കുവാനുള്ള പ്രവർത്തനങ്ങളിൽ ഇടവകയിലെ മാതൃ-പിതൃവേദി അംഗങ്ങൾ സജീവമാകണം. പ്രളയക്കെടുതികൾ നേരിടാത്ത യൂണിറ്റുകളിൽ നസ്രത്തുമീറ്റ് നടന്നുകൊണ്ടിരിക്കുന്നു.

വെള്ളപ്പൊക്കംമൂലം സംഘടനാപ്രവർത്തനങ്ങൾക്ക് താല്ക്കാലികമായ മരവിപ്പു നേരിടുന്നുവെങ്കിലും കൂടുതൽ തീക്ഷ്ണമായ കുടുംബക്ഷേമ പ്രവർത്തനങ്ങളോടെ നമുക്ക് തുടർന്നും സജീവരാകാം. കുടുംബനാഥൻ നമ്മെ വഴി നടത്തട്ടെ.

സ്നേഹപൂർവ്വം,

**ഫാ ജോൺസൺ ചാലയ്ക്കൽ**
(അസി. ഡയറക്ടർ)

**ഫാ. ജോസ് മുകളേൽ**
(ഡയറക്ടർ)

വെള്ളപ്പൊക്കം മൂലമുണ്ടായ നിലവിലുള്ള അസൗകര്യങ്ങൾ പരിഗണിച്ച് മാതൃ-പിതൃവേദി കലോത്സവം ഇത്തവണ ഉണ്ടായിരിക്കുന്നതല്ല.

ഇടവകതലത്തിൽ നടക്കുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ മാതൃ-പിതൃവേദി അംഗങ്ങൾ പരമാവധി സഹായസഹകരണങ്ങൾ നൽകേണ്ടതാണ്. യൂണിറ്റുഡയറക്ടറുമാരുടെ നേതൃത്വത്തിൽ അതാത് ഇടവകകളിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സജീവമാക്കണം.

## ഫാമിലി അപ്പോസ്തലേറ്റ് അറിയിപ്പ്

സെപ്റ്റംബർ മാസത്തിൽ അതിരൂപതാ ഫാമിലി അപ്പോസ്തലേറ്റ് ക്രമീകരിച്ചിരുന്ന ഗർഭിണികൾക്കുവേണ്ടിയുള്ള ധ്യാനം മാറ്റിവച്ചിരിക്കുന്നു. പുതിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

**ഫാ. ജോസ് മുകളേൽ,** ഡയറക്ടർ

## വിവാഹ ഒരുക്ക ധ്യാനം

| JULY | AUGUST | SEPTEMBER |
| --- | --- | --- |
| 6, 7, 8 (Chry) | 3, 4, 5 (Chry) | 3, 4, 5 (Zion) |
| 16, 17, 18 (Zion) | 13, 14, 15 (Zion) | 10, 11, 12 (Chry) |
| 23, 24, 25 (Chry) | 20, 21, 22 (Zion) | 21, 22, 23 (Chry) |
| | 27, 28, 29 (Chry) | |

ഈശോയിൽ സ്നേഹമുള്ള സഹോദരങ്ങളേ,

സഹനം, ത്യാഗം, സ്നേഹം, സേവനം മുതലായ പുണ്യങ്ങൾ കൈകോർത്ത ദിനങ്ങളായിരുന്നു ആഗസ്റ്റ് മാസത്തിലെ ദിവസങ്ങൾ ഒട്ടുമിക്കതും. തോരാതെ പെയ്ത അതിശക്തമായ മഴ, കേരളത്തിലെ ജല സംഭരണികളെല്ലാം നിറഞ്ഞ് കവിഞ്ഞത്, ഗത്യന്തരമില്ലാതെ ജലസംഭരണികളെല്ലാം തുറന്നു വിട്ടതുമൂലമുള്ള ജലപ്രളയം, എല്ലാം നമ്മുടെ നാടിനും നാട്ടുകാർക്കും തീർത്തും സഹനത്തിന്റെ ദിനങ്ങളായിരുന്നു.

എങ്കിലും സ്നേഹമുള്ള നമ്മുടെ സഹോദരങ്ങൾ, വിദേശത്തും, സ്വദേശത്തുമുള്ള മലയാളി മക്കൾ തങ്ങളുടെ ത്യാഗപൂർണ്ണമായ സേവനം കാഴ്ചവെച്ചപ്പോൾ ദൈവത്തിന്റെ കരം ഭൂമിയിൽ സ്പർശിച്ച അനുഭവമായിരുന്നു. കുട്ടനാട്ടിലെ വെള്ളപൊക്കത്തിന്റെ ദുരിതത്തിൽപ്പെട്ടവരെ കരകയറ്റാൻ പ്രിയപ്പെട്ടവർ ഒരുമിച്ചപ്പോഴും, ദുരിതത്തിന് വലിയ ആശ്വാസം എന്നോണം എല്ലാം നഷ്ടപ്പെട്ടവരെ സ്വഭവനങ്ങളിലും, സ്ഥാപനങ്ങളിലും സ്വീകരിക്കുവാൻ ഇരുകരവും നീട്ടി എല്ലാവരും ഒന്നിച്ചപ്പോഴും നമ്മുടെ കർത്താവായ ദൈവത്തിന് പ്രവർത്തിക്കുവാൻ എളുപ്പമായിരുന്നു.

നാട്ടിലുള്ള സഹോദരങ്ങളെപ്പോലെ തന്നെ പ്രവാസികളായ സഹോദരങ്ങളും തങ്ങളുടെ സ്നേഹത്തിന്റെ കരം നീട്ടി സഹായിച്ചത് നന്ദിയുള്ള ഹൃദയത്തോടെ അനുസ്മരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

അതിരൂപതാ പ്രവാസി അപ്പസ്തോലേറ്റിന്റെ ആഭിമുഖ്യത്തിൽ കോട്ടയം ജില്ലയിലെ 10 ദുരിതാശ്വാസക്യാമ്പുകളും ആലപ്പുഴ ജില്ലയിലെ 4 ദുരിതാശ്വാസ ക്യാമ്പുകളും സന്ദർശിക്കുകയും ക്യാമ്പുകളിൽ താമസിക്കുന്നവർക്കാവശ്യമായ ഭക്ഷണപദാർത്ഥങ്ങൾ, വസ്ത്രങ്ങൾ, മറ്റു നിത്യോപയോഗ സാധനങ്ങൾ നൽകുകയും അവരെ സാന്ത്വനിപ്പിക്കുകയും ചെയ്തു. ഈ അവസരത്തിൽ സാമ്പത്തികമായും മറ്റും സഹായിക്കുകയും സഹകരിക്കുകയും ചെയ്ത അതിരൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ എല്ലാവർക്കും രക്ഷാ പ്രവർത്തനങ്ങളിലും മറ്റും നിർലോഭം സഹായിച്ച എല്ലാ പ്രവാസി കുടുംബങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

ചങ്ങനാശ്ശേരി അതിരൂപതയുടെ തുടർന്നുള്ള കർമ്മപദ്ധതികളിൽ പ്രത്യേകിച്ച് കുട്ടനാടിന്റെ പുനഃരധിവാസ പദ്ധതികളിൽ, പ്രവാസികളായ നമുക്ക് പങ്കുചേരാം.

സ്നേഹപൂർവ്വം,

**ഫാ. സണ്ണി പുത്തൻപുരയ്ക്കൽ**

(ഡയറക്ടർ)

## പുളിങ്കുന്ന് ഫൊറോനാ പ്രാർത്ഥനാ പഠന പരിശീലന ക്യാമ്പ്

യുവദീപ്തി എസ്സ്.എം.വൈ.എം. പുളിങ്കുന്ന് ഫൊറോനായുടെ 2018 പ്രവർത്തനവർഷത്തെ പ്രാർത്ഥനാ പഠന പരിശീലന ക്യാമ്പ് ആഗസ്റ്റ് 10, 11, 12 തീയതികളിൽ തുരുത്തി കാനാ ജോൺ പോൾ II ഹാളിൽ നടത്തി. 10-ാം തിയതി വെള്ളിയാഴ്ച വൈകുന്നേരം ഏഴുമണിക്ക് ഫൊറോനാ പ്രസിഡന്റ് എബിൻ റ്റി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് വൈസ് പ്രസിഡന്റ് റവ. ഡോ. ജേക്കബ്ബ് കോയിപ്പള്ളി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. ജീസൺ വേങ്ങാശ്ശേരി ആമുഖപ്രസംഗം നടത്തി. ഫാ. റ്റിജോ പുത്തൻപറമ്പ്, ലാലിച്ചൻ മറ്റത്തിൽ, അതിരൂപതാ പ്രസിഡന്റ് ഷിജോ ഇടയാടി, സി. ജെയ്സ്ലി സി.എം.സി, എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ജിൻസ് പാറയ്ക്കൽ, അഡ്വ. ജോജി ചിറയിൽ, ഫാ. ജേക്കബ്ബ് ചക്കാത്ര, റവ. ഡോ. തോമസ് പാടിയത്ത് എന്നിവർ ക്ലാസ്സുകൾ നയിച്ചു. ദിയാ തോമസ്, എബിൻ ആന്റണി, അജയ് സജീവ്, സ്നേഹ ജോസഫ്, കെബിൻ സെബാസ്റ്റ്യൻ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി. ബ്രദർ ജോജോ പള്ളിച്ചിറ, റോസ് മരിയ സെബാസ്റ്റ്യൻ എന്നിവർ ക്യാമ്പ് ചീഫ്മാരായിരുന്നു.

## മണിമല ഫൊറോനാ ക്യാമ്പ്

മണിമല ഫൊറോനായുടെ പ്രാർത്ഥന പഠന പരിശീലന ക്യാമ്പ് പാമ്പാടി ഗുഡ്ന്യൂസ് ധ്യാനകേന്ദ്രത്തിൽ നടത്തി. ഫൊറോനാ ഡപ്യൂട്ടി പ്രസിഡന്റ് സോണിയ പി. ജോസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. ആന്റണി അമ്പാട്ട് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. ഫ്രാൻസീസ് മീനത്തേരിൽ, ടോണി മണിമലപറമ്പിൽ, ഡോണാ മരിയ ദേവസ്യാ, അനു ആനി ജോസഫ് എന്നിവർ ആശംസകൾ അർപ്പിച്ചു. ജിൻസ് പാറയ്ക്കൽ അഡ്വ. ജോജി ചിറയിൽ, റവ. ഡോ. ജോസഫ് കൊല്ലമന, ഫാ. ജേക്കബ്ബ് ചക്കാത്ര എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ജോബിൻ ജോസഫ്, അഖിൽ ജോർജ്ജ് ചാക്കോ എന്നിവർ നേതൃത്വം നല്കി.

## വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾ

നൂറ്റാണ്ടിലെ ഏറ്റവും വലിയ വെള്ളപൊക്കമുണ്ടായ ആഗസ്റ്റ് മാസത്തിൽ യുവദീപ്തി എസ്സ.എം.വൈ.എം. ദുരിതമനുഭവിക്കുന്നവരെ സഹായിക്കുന്നതിനായി കർമ്മരംഗത്തിറങ്ങി. അതിരൂപതയുടെ നിർദ്ദേശപ്രകാരം യൂണിറ്റുകളിൽ നിന്നും കൊണ്ടുവരുന്ന സാധനങ്ങൾ, മരുന്നുകൾ, ക്ലീനിംഗ് സാധനങ്ങൾ, തുണിത്തരങ്ങൾ, ഭക്ഷണസാധനങ്ങൾ, എന്നിവ വിവിധ ക്യാമ്പുകളിൽ കൊടുത്തു.

## ക്യാമ്പുകളിൽ കലാപരിപാടികൾ

വിവിധ ദുരിതാശ്വാസ ക്യാമ്പുകളിൽ യുവദീപ്തി അംഗങ്ങൾ കലാപരിപാടികളും മോട്ടിവേഷൻ പ്രോഗ്രാമുകളും അവതരിപ്പിച്ചുകൊണ്ട് കുട്ടികൾക്കും മുതിർന്നവർക്കും മാനസിക ഉല്ലാസവും പ്രവർത്തിക്കാനുള്ള ആത്മധൈര്യവും പകർന്നു നല്കി.

## സെപ്റ്റംബറിലെ പരിപാടികൾ

| | | |
|---|---|---|
| 1, 2, 3 | : | പ്രാർത്ഥന പഠന പരിശീലന ക്യാമ്പ് |
| 9 | : | ജീവകാരുണ്യ ദിനാചരണം |
| 7, 8, 9 | : | പ്രാർത്ഥന പഠന പരിശീലന ക്യാമ്പ് |
| 14, 15, 16 | : | പ്രാർത്ഥന പഠന പരിശീലന ക്യാമ്പ് |
| 21, 22, 23 | : | പ്രാർത്ഥന പഠന പരിശീലന ക്യാമ്പ് |
| 20, 21 | : | കുട്ടനാട്ടിൽ സേവന പ്രവർത്തനങ്ങൾ |
| ഒക്ടോബർ 2 | : | ഉപവാസ പ്രാർത്ഥനാദിനം<br>ഗാന്ധി ജയന്തി ദിനം. |

---

KERALA CATHOLIC STUDENT'S LEAGUE

## കെ.സി.എസ്.എൽ.

സ്നേഹം നിറഞ്ഞ കെ.സി.എസ്.എൽ കുടുംബാംഗങ്ങളെ,

കേരളം നേരിട്ട ജലപ്രളയത്തിന്റെ ബുദ്ധിമുട്ടുകൾ മറികടന്നു നിങ്ങളുടെ ജീവിതം പുതുമയുടെ നല്ല അനുഭവങ്ങൾ സ്വന്തമാക്കി മുന്നോട്ടുപോകുന്നുവെന്ന് പ്രതീക്ഷിക്കുന്നു. രക്ഷാപ്രവർത്തനത്തിനും പുനരധിവാസത്തിനും കെ.സി.എസ്.എൽ പ്രവർത്തകർ നേതൃത്വം നല്കി. എല്ലാവർക്കും അഭിനന്ദനങ്ങൾ.

ആഗസ്റ്റ് മാസം 10-ാം തീയതി അഖിലകേരളാ അൽഫോൻസാ ക്വിസ് സെന്റ് ആൻസ് എച്ച്.എസ്.സ്ക്കൂളിൽ നടത്തപ്പെട്ടു. ഹയർ സെക്കന്ററി വിഭാഗത്തിൽ നെടുങ്കുന്നം സെന്റ് ജോൺ ദ് ബാപ്റ്റിസ്റ്റ് സ്കൂളിലെ നിഷ ചെറിയാൻ, നിമിഷ സജി എന്നിവർ ഒന്നാം സ്ഥാനവും, ചങ്ങനാശ്ശേരി എസ്.ബി. എച്ച്.എസ്.എസ്.-ലെ സച്ചു സ്ക്കറിയ, എബിൻ സെബാസ്റ്റ്യൻ എന്നിവർ രണ്ടാം സ്ഥാനവും വാഴപ്പള്ളി സെന്റ് തെരേസാസിലെ അനീറ്റ ആന്റണി, നിവാ കെ. തോമസ് എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഹൈസ്കൂൾ വിഭാഗത്തിൽ ചങ്ങനാശ്ശേരി സെന്റ് ജോസഫിലെ ജിയ മരിയ, സ്വേത ഷാജി എന്നിവർ ഒന്നാം സ്ഥാനവും, ചങ്ങനാശ്ശേരി എസ്.ബിയിലെ ടോമി വർഗ്ഗീസ്, എമിൻ തോമസ് എന്നിവർ രണ്ടാം സ്ഥാനവും, നെടുങ്കുന്നം സെന്റ് തെരേസാസിലെ സാന്ദ്രാ മരിയ, മെറിയ റാണി എന്നിവർ മൂന്നാം സ്ഥാനവും നേടി. യു.പി. വിഭാഗത്തിൽ ചങ്ങനാശ്ശേരി എസ്.ബിയിലെ ദീപക് മാത്യു, ജിയോൺ ജോർജ്ജ് എന്നിവർ ഒന്നാം സ്ഥാനവും, നെടുങ്കുന്നം സെന്റ് തെരേസാസിലെ അൽഫോൺസാ സാജു, ജെറീനാ ജേക്കബ് എന്നിവർ രണ്ടാം സ്ഥാനവും, ചങ്ങനാശ്ശേരി സെന്റ് ആൻസ് എച്ച്.എസിലെ അഡോണാ സാജൻ, റോസ് ബിജു എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികളായ എല്ലാവർക്കും ആശംസകൾ നേരുന്നു. മത്സരത്തിൽ 128 മത്സരാർത്ഥികൾ പങ്കെടുത്തു.

സെപ്റ്റംബർ മാസത്തെ കാര്യപരിപാടികളെക്കുറിച്ച് പിന്നീട് സ്കൂളുകൾ വഴി അറിയിപ്പുകൾ നല്കുന്നതായിരിക്കും.

മിശിഹായിൽ സ്നേഹപൂർവ്വം,

**ഫാ. ലൈജു കണിച്ചേരിൽ**
(അസി. ഡയറക്ടർ)

**ഫാ. മാത്യു വാരുവേലിൽ**
(ഡയറക്ടർ)

## ലീജിയൻ ഓഫ് മേരി

ചങ്ങനാശ്ശേരി അതിരൂപത ലീജിയൻ ഓഫ് മേരി കമ്മീസിയത്തിന്റെ 781 മതും കൂരിയായുടെ 1021 മതും സമ്മേളനം 12.08.2018 ൽ പ്രസിഡന്റ് ബ്ര. തോമസ് ഫിലിപ്പ് പാലാത്തറയുടെ അദ്ധ്യക്ഷതയിൽ പാറേൽ ലീജിയൻ ഹാളിൽ വെച്ച് ഉച്ചകഴിഞ്ഞ് രണ്ടരയ്ക്കു നടക്കുകയുണ്ടായി.

പ്രാരംഭപ്രാർത്ഥന ജപമാല എന്നിവയ്ക്കുശേഷശം പ്രസിഡന്റ് നിയമഗ്രന്ഥം ചാപ്റ്റർ 19 ന്റെ ഒന്നും രണ്ടും ഭാഗങ്ങൾ ജ്ഞാനവായന നടത്തി. ഡയറക്ടർ ബഹുമാനപ്പെട്ട ജോജോ കൂരികളിൽനിന്നു വന്നിരുന്ന ഭാരവാഹികൾക്കും ചങ്ങനാശ്ശേരി കമ്മീസിയം ആയിട്ട് നേരിട്ടു ബന്ധമുള്ള നാല്പതോളം ഭാരവാഹികൾക്കും വന്നിരുന്ന മറ്റ് എല്ലാ മരിയൻ സൈനികർക്കും വൈസ് പ്രസിഡന്റ് സി. വത്സമ്മ കൂട്ടുമ്മേൽ മാതാവിന്റെ നാമത്തിൽ ഹാർദ്ദവമായ സ്വാഗതം ആശംസിച്ചു. ഹാജർ രേഖപ്പെടുത്തി.

സെക്രട്ടറി ജെമിനി സുരേഷ് കണ്ണമ്പള്ളി ജൂലൈ മാസത്തെ പ്രവർത്തന റിപ്പോർട്ടും ഖജാൻജി സി. എത്സമ്മ തോമസ് കോട്ടപ്പുറം ജൂലൈ മാസത്തെ വരവു ചിലവു കണക്കുകളും അവതരിപ്പിച്ചു. റിപ്പോർട്ടും കണക്കുകളും സഭ അംഗികരിക്കുകയും ബഹുമാനപ്പെട്ട ഡയറക്ടറച്ചനും പ്രസിഡന്റും അതിൽ ഒപ്പുവയ്ക്കുകയും ചെയ്തു.

അടുത്ത സമ്മേളനത്തിൽ റിപ്പോർട്ട് സമർപ്പിക്കേണ്ട പ്രസീദിയങ്ങൾ വാഗ്ദാനത്തിന്റെ രാജ്ഞി പൊങ്ങത്താനം രക്ഷകന്റെ മാതാവ് തൃക്കൊടിത്താനം ആണെന്ന് സെക്രട്ടറി ഓർമ്മപ്പെടുത്തി. തുടർന്ന് സൈനിക ജപശൃംഖല ചൊല്ലി എല്ലാവരും സ്വസ്ഥാനങ്ങളിൽ ഇരുന്നശേഷം ബഹുമാനപ്പെട്ട ജോജോ അച്ചൻ മരിയൻ ഭക്തിയെക്കുറിച്ച് ഒരു പ്രഭാഷണം നടത്തി. പിന്നീട് അടുത്തുവരുന്ന സെപ്റ്റംബർ സമ്മേളനങ്ങൾ വിവിധ പ്രസീദിയങ്ങൾ എപ്രകാരം നടത്തണമെന്ന് ഒരു വിശദമായ ചർച്ച നടത്തി. ചിലവുകൾ ചുരുക്കി ആഘോഷങ്ങൾ കുറച്ച് ധ്യാനാത്മക രൂപത്തിൽ വികാരിയച്ചന്മാരുടെ ഇഷ്ടപ്രകാരം പള്ളിയ്ക്കകത്തോ പാരിഷ് ഹാളിലോ നടത്താമെന്നു തീരുമാനിച്ചു.

**സെപ്റ്റംബർ സമ്മേളനങ്ങൾ**

* പാറേൽ സെന്റ് മേരീസ് തീർത്ഥാടനകേന്ദ്രം - സെപ്റ്റം. 1, 10:00 a.m.
* കൊടിനാട്ടുകുന്ന് സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് - സെപ്റ്റം. 16, 2:00 p.m.
* ചെത്തിപ്പുഴ തിരുഹൃദയ ദൈവാലയം - സെപ്റ്റം. 15, 2:00 p.m.
* തുരുത്തി സെന്റ് മേരീസ് ചർച്ച് - സെപ്റ്റം. 22, 2:00 p.m.
* പുതുപ്പള്ളി പൂമറ്റം സെന്റ് ആന്റണീസ് ചർച്ച് - സെപ്റ്റം. 22, 10:00 a.m.

അരമന പാസ്റ്റർ സെന്റർ കുരിശടിയിൽനിന്നും പാറേൽ പള്ളിയിലേയ്ക്ക് ജപമാല റാലി ഒക്ടോബർ 14 ഞായർ 2:30 p.m. ന്. എല്ലാ മരിയ ഭക്തർക്കും സ്വാഗതം.

എന്ന് കമ്മീസിയത്തിനുവേണ്ടി,

**ഫാ. ജോജോ പുതുവേലിൽ**
ആദ്ധ്യാത്മീക നിയന്താവ്

**സി. ജെമിനി സുരേഷ് ജെ. കണ്ണമ്പള്ളി**
(സെക്രട്ടറി)

പ്രിയ സഹോദരീ സഹോദരന്മാരെ,

ദ്വിതീയ ക്രിസ്തു എന്നറിയപ്പെടുന്ന അസ്സീസിയിലെ വി. ഫ്രാൻസീസിന്റെ ത്യാഗോജ്ജ്വലമായ ജീവിതത്തെപ്പറ്റി ചിന്തിക്കുകയും ധ്യാനിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന ദിവസങ്ങളാണല്ലോ ഇനിയും കടന്നുവരുന്നത്. ഈ സുദിനങ്ങളുടെ ചൈതന്യം തീഷ്ണമായി ഉൾക്കൊണ്ട് ജീവിത വിശുദ്ധീകരണത്തിലൂടെ നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും ഫ്രാൻസിസ്ക്കൻ ജീവിതശൈലി പ്രകടമാക്കുവാൻ പരിശ്രമിക്കുകയും, നമ്മെ കാത്തുപരിപാലിക്കുന്ന ദൈവത്തിനു നന്ദിയർപ്പിക്കുകയും ചെയ്യാം.

### പ്രളയദുരന്തത്തിൽപ്പെട്ടവരെ സഹായിക്കുക

ഒരു മാസം മുമ്പത്തെ കേരളമല്ല ഇപ്പോഴുള്ളത്. ഒരു മഹാപ്രളയം ഇതിനിടയിൽ കേരളത്തെ വിഴുങ്ങി. വിലപ്പെട്ടതായിരുന്ന പലതും അനേകം ജീവിതങ്ങൾ ഉൾപ്പെടെ, ഒഴുകിപ്പോയി. മനുഷ്യമനസ്സുകളെ വേർതിരിച്ചു നിർത്തിയിരുന്ന പല വേലികളും തകർന്നുപോയി എന്നതാണ് ഈ പ്രളയത്തിന്റെ സദ്ഫലം. മുമ്പെങ്ങും കാണാതിരുന്ന ഒരുമ കാണാനായി. ഈ ഐക്യവും, സ്നേഹവും, നമുക്കു വളർത്തിയെടുക്കാം. പുതിയൊരു കേരളത്തിന്റെ നിർമ്മാണത്തിൽ നമുക്കും പങ്കുചേരാം. ഓരോ SFO അംഗവും തങ്ങളാൽ കഴിയുംവിധം സ്വന്തം ഇടവകയോടു ചേർന്നുനിന്നുകൊണ്ട് പ്രളയബാധിതരുടെ പുനരധിവാസത്തിനും, പുനർപ്രവർത്തനത്തിനും അണിചേരുക.

### വി. ഫ്രാൻസിസ് അസ്സീസിയുടെ നൊവേനയും തിരുനാളും ഭ്രാതൃതലത്തിൽ

വി. പ്രാൻസീസ് അസ്സീസ്സിയുടെ തിരുനാൾ ആഗോളതലത്തിൽ ഒക്ടോബർ 4-ാം തീയതി ആഘോഷിക്കുന്നതിനാൽ തിരുനാളിന് ഒരുക്കമായുള്ള നൊവേന സെപ്റ്റംബർ 25-ാം തീയതി ഭ്രാതൃത്വതലത്തിൽ ആരംഭിക്കുകയും സെപ്റ്റംബർ 26-ജനമദിനം ഒക്ടോബർ 3 മരണാനുസ്മരണദിനം ട്രാൻസിസ്റ്റസ് സ്വർഗ്ഗീയ പ്രവേശനം, അന്നേദിവസം SFO അംഗങ്ങൾ ഉപവാസദിനമായി ആചരിക്കുക, ഒക്ടോബർ 4-ാം തീയതി തിരുനാളായി ഭ്രാതൃത്വതലത്തിൽ ഇടവകസമൂഹത്തോടൊപ്പം ആഘോഷിക്കുകയും ചെയ്യുക. നൊവേന, ഉപവാസദിനം, തിരുനാൾ ദിനം എന്നിവ ഫ്രാൻസിസ്ക്കൻ അരൂപിയിലും, ചൈതന്യത്തിലും മിതമായി ആചരിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഈ സുദിനങ്ങളുടെ മംഗളങ്ങൾ പ്രത്യേകമായി ഏവർക്കും ആശംസിക്കുകയും ചെയ്യുന്നു.

### ക്വിസ്സ് മത്സരം മാറ്റിവെച്ചു

ദൈവദൂതൻ പുത്തൻപറമ്പപിൽ തൊമ്മച്ചൻ സ്മാരക അഖിലകേരളക്വിസ്സ് മത്സരം പ്രളയദുരന്തം മൂലം മാറ്റിവെയ്ക്കപ്പെട്ടല്ലേ. ഇനിയും മറ്റൊരു തീയതിയും സമയവും അതിരൂപതാ കമ്മറ്റി തീരുമാനിച്ച് അറിയിക്കുന്നതായിരിക്കും.

### നിര്യാതരായി

കുറുമ്പനാടം സെന്റ് ആന്റണീസ് ഭ്രാതൃത്വാംഗം പുതുപ്പറമ്പിൽ ത്രേ്യസ്യാമ്മ ജോസഫ് (84), മാടപ്പള്ളി ഏലംകുന്നം ലിറ്റിൽ ഫ്ളവർ ഭ്രാതൃത്വാംഗങ്ങളായ മൂലയിൽ തങ്കമ്മ ആന്റണി മൂലയിലിന്റെ പിതാവ് ആന്റണി ദേവസ്യ (91), ബീനാ

ജോസഫ് കൊല്ലറകുന്നേലിന്റെ മാതാവ് മറിയാമ്മ മാത്യു (66), പാറേൽ സെന്റ് മേരീസ് ഭ്രാതൃത്വാംഗം കുഞ്ഞമ്മ സെബാസ്റ്റ്യന്റെ ഭർത്താവ് മാറാട്ടുകളം ജോസഫ് സെബാസ്റ്റ്യൻ (72) നെടുങ്കുന്നം സെന്റ് ജോൺസ് ദ ബാപ്റ്റിസ്റ്റ് ഭ്രാതൃത്വ പ്രസിഡന്റ് ജോൺ തെക്കെമുറിയുടെ ഭാര്യ ഏലിയാമ്മ ജോൺ (60) എന്നിവർ നിര്യാതരായി. SFO നേതൃത്വാംഗങ്ങൾ പരേതരുടെ ഭവനത്തിലെത്തി പ്രാർത്ഥിക്കുകയും, ശവസംസ്കാര കർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. പരേതർക്കു വേണ്ടി തുടർന്നുപ്രാർത്ഥിക്കണമോ.

### ഭ്രാതൃത്വതല തെരഞ്ഞെടുപ്പുകൾ

ഭ്രാതൃത്വതല തെരഞ്ഞെടുപ്പുകൾ ടൈം ഷെഡ്യൂൾ അനുസരിച്ച് ക്രമീകരിച്ചിരുന്നു. എന്നാൽ, പ്രളയക്കെടുതിമൂലം കുട്ടനാട്, എടത്വാ റീജണുകളിലെ തെരഞ്ഞെടുപ്പുകൾ മാറ്റി വെയ്ക്കപ്പെടുന്നതായിരിക്കും, വടക്കേക്കര, ഫാത്തിമാപുരം എന്നീ ഭ്രാതൃത്വങ്ങളുടെ തെരഞ്ഞെടുപ്പുകൾ നടന്നു. പ്രളയദുരന്തം മൂലം തെരഞ്ഞെടുപ്പുകൾക്ക് അസൗകര്യം ഉണ്ടെങ്കിൽ ഭ്രാതൃത്വ പ്രസിഡന്റ് മാർ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രാർത്ഥനാപൂർവ്വം,

**ബ്ര. സിബിച്ചൻ സ്രാങ്കൻ**
SFO അതിരൂപതാ പ്രസിഡന്റ്

**ഫാ. തോമസ് വെട്ടിക്കാലായിൽ** OFM. Cap.
SFO അതിരൂപതാ Spiritual Assistant

## ദലിത് കത്തോലിക്കാ മഹാജനസഭ

### യൂണിറ്റു സന്ദർശനം മാറ്റിവച്ചു

DCMS ന്റെയും പോഷക ഘടകങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ നടത്താനിരുന്ന യൂണിറ്റു സന്ദർശനം താഴെപ്പറയും വിധം മാറ്റിവച്ചു.

സെപ്റ്റംബർ 16 – കുടമാളൂർ ഫൊറോന
സെപ്റ്റംബർ 23 – ചങ്ങനാശ്ശേരി ഫൊറോന
സെപ്റ്റംബർ 30 – പുളിങ്കുന്ന്

സെപ്റ്റംബർ 16 നു നടത്താനിരുന്ന DCMS കുടുംബസംഗമം ഒക്ടോബർ 14 നു നടത്താനും തീരുമാനിച്ചു. സെപ്റ്റംബർ 9 നു യൂണിറ്റു സന്ദർശനം പൂർത്തീകരിച്ച യൂണിറ്റുകളിൽനിന്നും വനിതാ കൗൺസിലിലേയ്ക്കു തെരഞ്ഞെടുക്കപ്പെട്ട വനിതാ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ടു കൗൺസിൽ യോഗം നടത്തുന്നതാണ്.

K.C.B.C, DCYL സ്കോളർഷിപ്പുകൾ സംഘടനയിൽ പ്രവർത്തിക്കുന്ന വിദ്യാർത്ഥികൾക്കു മാത്രമായി കൊടുത്താൽ മതിയെന്ന കാര്യവും യോഗം തീരുമാനിച്ചു.

**മാത്യു ജോസഫ്**
(ജ. സെക്രട്ടറി DCMS)

**ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി**
(ഡയറക്ടർ DCMS)

ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽ നിന്നും ആശംസകൾ !!!**

ഒരു മഹാപ്രളയത്തെ അതിജീവിച്ചവരാണ് നമ്മളിന്ന് തൊണ്ണൂറ്റൊമ്പതിലെ വെള്ളപ്പൊക്കമെന്ന് അറിയപ്പെട്ടിരുന്ന 1924 ലെ പ്രളയത്തെക്കുറിച്ചുള്ള കേട്ടു കേൾവി മാത്രമുണ്ടായിരുന്ന നമ്മൾ, കൊടും നാശംവിതച്ച ഒരു മഹാപ്രളയത്തിന് സാക്ഷികളായി. കേരളം പൊതുവിലും കുട്ടനാട് പ്രത്യേകിച്ചും പ്രളയത്തിന്റെ പ്രഹരം ഏറ്റുവാങ്ങി. ലക്ഷക്കണക്കിനാളുകളെ മാറ്റിപ്പാർപ്പിച്ചു. ചില ജീവനുകൾ നഷ്ടപ്പെട്ടു. കോടിക്കണക്കിനു രൂപയുടെ കൃഷിയും സമ്പത്തും നശിച്ചു. വീടുകൾ വാസയോഗ്യമല്ലാതായി. ജലസ്രോതസ്സുകൾ മലീമസമായി. ആഗസ്റ്റ് 15 മുതൽ എന്തൊരു ഭീകരതയായിരുന്നു. കേവലമൊരു മഴക്കാലവെള്ളപ്പൊക്കമായിരുന്നില്ല. 33 അണക്കെട്ടുകൾ ഒരുമിച്ചു തുറന്നതിന്റെ പരിണിതഫലം. ദുരിതം ഏറ്റവും അധികം അനുഭവിക്കുന്നത് കുട്ടനാടൻ ജനത. ജൂണിൽ തുടങ്ങിയ ദുരിതം, ആഗസ്റ്റിൽ ദുരന്തമായി രൂപാന്തരപ്പെട്ടു; അതിന്നും തുടരുന്നു. പക്ഷേ, സമൂഹം ഒറ്റക്കെട്ടായിരുന്നു. ഇന്ന് ഭരണകൂടവും രാഷ്ട്രീയ പ്രസ്ഥാനങ്ങളും രക്ഷാപ്രവർത്തനങ്ങളുടെ രക്ഷാകർതൃത്വം അവകാശപ്പെടുന്നുണ്ടെങ്കിലും യാഥാർത്ഥ്യമതാണെന്നുപറയാൻ കഴിയില്ല. കേരളത്തിനകത്തും പുറത്തുമുള്ള സന്നദ്ധസംഘടനകളും പ്രവർത്തകരും പ്രതിസന്ധിഘട്ടത്തിൽ തുറന്ന മനസോടെ കയ്യും മെയ്യും മറന്ന് പ്രവർത്തിച്ചു. കത്തോലിക്കാസഭയും കുട്ടനാട്ടിൽ പ്രത്യേകിച്ച് ചങ്ങനാശ്ശേരി അതിരൂപതയും സാമൂഹ്യസേവന വിഭാഗമായ ചാസും ദുരിതാശ്വാസപ്രവർത്തനങ്ങൾക്ക് ശക്തമായ നേതൃത്വവും പങ്കാളിത്തവും ഉറപ്പാക്കാൻ പരമാവധി പരിശ്രമിച്ചു. നമുക്ക് ആവശ്യമായ പിൻബലം നല്കിക്കൊണ്ട് മറ്റു രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റികളും കേരളത്തിനകത്തും പുറത്തുമുള്ള ഇടവകകളും നമ്മോടൊപ്പമുണ്ടായിരുന്നു. ബഹുമാനപ്പെട്ട വൈദികർ, സന്യസ്തർ, യുവജനങ്ങൾ, സന്നദ്ധ പ്രവർത്തകർ, സംഘടനകൾ ഒരു ടീമായി വർത്തിച്ചു. ഏവർക്കും നന്ദിപറയുന്നു.

ചെയ്തുതീർക്കാൻ ഇനിയുമുണ്ട് ഏറെക്കാര്യങ്ങൾ. ശുചീകരണ പ്രവർത്തനങ്ങൾ, സാമൂഹ്യാരോഗ്യപ്രവർത്തനങ്ങൾ, പുനരധിവാസപദ്ധതികൾ എല്ലാം തുടരേണ്ടിയിരിക്കുന്നു. ഇവയ്ക്കെല്ലാം പ്രാദേശികമായി നേതൃത്വം നൽകാൻ ചാസ് യൂണിറ്റുകൾ മുന്നിട്ടിറങ്ങണം. കേന്ദ്രഓഫീസിന്റെ പിന്തുണ ഉറപ്പ് നൽകുന്നു. ഏവരുടെയും സഹായസഹകരണങ്ങൾ പ്രത്യേകം അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതാപൂർവ്വം,

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. തോമസ് കുളത്തുങ്കൽ**
*(അസി. ഡയറക്ടേഴ്സ്)*

**ഫാ. ജോസഫ് കളരിക്കൽ**
*ഡയറക്ടർ*

# അറിയിപ്പുകൾ

**സെപ്റ്റംബർ മാസത്തെ യൂണിറ്റുതല പ്രത്യേക പരിപാടികൾ**

| തീയതി | യൂണിറ്റ് | പരിപാടികൾ |
|---|---|---|
| 01 | തേക്കുപാറ | ആശാകിരണം-കാൻസർ ബോധവത്ക്കരണം |
| 01 | പാമ്പാടി | ആശാകിരണം-കാൻസർ ബോധവത്ക്കരണം |
| 02 | ആർപ്പൂക്കര | ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് |
| 03 | പങ്ങട | സൺഡേമാർക്കറ്റ് |
| 06 | കുടമാളൂർ | മേഖലാ എക്സിക്യൂട്ടീവ് |
| 06 | മണിമല ന്യൂ | ആശാകിരണം-കാൻസർ ബോധവത്ക്കരണം |
| 07 | ഇരവുചിറ | മാറ്റ് നിർമ്മാണപരിശീലനം |
| 07 | പുത്തനങ്ങാടി | സ്വാശ്രയസംഘസംഗമം |
| 07 | നാൽപ്പാത്തിമല | ആഭരണനിർമ്മാണ പരിശീലനം |
| 10 | കരുമാടി, അമ്പലപ്പുഴ | ക്രെഡിറ്റ് യൂണിയൻ സംഗമം |
| 10 | ഫിൽഗിരി | ഫ്ളോർമാറ്റ് നിർമ്മാണ പരിശീലനം |
| 10 | മണ്ണാർകുന്ന് | ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് |
| 11 | ആർപ്പൂക്കര, വില്ലൂന്നി | ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് |
| 11 | ഏറ്റുമാനൂർ | സ്വാശ്രയസംഘസംഗമം |
| 12 | നെടുംകുന്നം | മാറ്റ് നിർമ്മാണപരിശീലനം |
| 13 | ആര്യങ്കാവ് | കാർഷിക സെമിനാർ |
| 13 | ചെറുവാണ്ടൂർ | സ്വാശ്രയസംഘസംഗമം |
| 13 | തൃക്കൊടിത്താനം | ഫ്ളവർ അറേഞ്ച്മെന്റ് പരിശീലനം |
| 14 | തൃക്കൊടിത്താനം | മേഖലാ എക്സിക്യൂട്ടീവ് |
| 15 | മീൻകുളം | ഫ്ളവർമേക്കിംഗ് പരിശീലനം |
| 15 | ഡാൽമുഖം | ആശാകിരണം-കാൻസർ ബോധവത്ക്കരണം |
| 16 | ഏറ്റുമാനൂർ | Men SHG leaders meet |
| 16 | നാലുകോടി | Men SHG leaders meet |
| 16 | മിത്രക്കരി സെന്റ് സേവ്യേഴ്സ് | Men SHG leaders meet |
| 17 | ആര്യങ്കാവ് | സ്വാശ്രയസംഘരൂപീകരണം |
| 17 | കോട്ടയ്ക്കപ്പുറം | സ്വാശ്രയസംഘസംഗമം |
| 17 | പൂന്തോപ്പ് | സ്വാശ്രയസംഘസംഗമം |
| 18 | മണിമല ഓൾഡ് | സ്വാശ്രയസംഘസംഗമം |
| 18 | പുന്നത്തുറ | സ്വാശ്രയസംഘസംഗമം |
| 19 | ആര്യങ്കാവ് | കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് മീറ്റിംഗ് |
| 20 | നാൽപ്പാത്തിമല | തയ്യൽപരിശീലനം സമാപനം |
| 21 | പുനലൂർ | സ്വാശ്രയസംഘരൂപീകരണം |
| 22 | കറിക്കാട്ടൂർ | സ്വാശ്രയസംഘസംഗമം |
| 24 | മീൻകുളം | ജൈവകൃഷി പരിശീലനം |
| 24 | കട്ടച്ചിറ | സ്വാശ്രയസംഘസംഗമം |
| 29 | നെടുംകുന്നം | സംഘരൂപീകരണം |
| 25 | കേളമംഗലം | മേഖലാ എക്സിക്യൂട്ടീവ് |
| 25 | വെട്ടിമുകൾ | സ്വാശ്രയസംഘസംഗമം |
| 25 | മാമ്മൂട് | ആശാകിരണം-കാൻസർബോധവത്ക്കരണം |

| | | |
|---|---|---|
| 27 | വായ്പൂർ | ആശാകിരണം-കാൻസർ ബോധവത്ക്കരണം |
| 27 | ഫിൽഗിരി | സ്വാശ്രയസംഘസംഗമം |
| 27 | ചേന്നങ്കരി | ഫ്ളോർമാറ്റ് നിർമ്മാണ പരിശീലനം |
| 29 | മീൻകുളം | ഊർജ്ജിതം |
| 29 | തെള്ളകം | സ്വാശ്രയസംഘവാർഷികം |
| 30 | നെടുംകുന്നം | ആശാകിരണം-കാൻസർ ബോധവത്ക്കരണം |

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി **2018 ആഗസ്റ്റ് മാസം** ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

### 1) SHG മരണാനന്തര സഹായം

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 373. കമലം | ദൃശ്യാ | രാജഗിരി | അമ്പൂരി |
| 374. ജിജി മാത്യു കടന്തോട് | മരിയൻ | കത്തീഡ്രൽ | ചങ്ങനാശ്ശേരി |

### 2) മ്യൂചൽ ബെനിഫിറ്റ് സ്കീം

• **മരണാനന്തരസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 177. തെയ്യാമ്മ ചാലുവേലിൽ | ഇരവുചിറ | കുറുമ്പനാടം |
| 178. ജോസഫ് ചാക്കോ ഇളപ്പുങ്കൽ | ഇരവുചിറ | കുറുമ്പനാടം |

• **ചികിത്സാസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 82. രാജമ്മ ബാബു,വേടൻപറമ്പിൽ | കുറുമ്പനാടം | കുറുമ്പനാടം |
| 83. സിന്ധു സജി, വെള്ളപ്പങ്കിരി | പുഴവാത് | ചങ്ങനാശ്ശേരി |
| 84. ബോബി ജോസ്, കൊച്ചുതറയിൽ | കുറുമ്പനാടം | കുറുമ്പനാടം |
| 85. ജോൺസി ജോസഫ്, കുന്നുംപുറം | കുറുമ്പനാടം | കുറുമ്പനാടം |

### 3) ജീവകാരുണ്യനിധി

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2018 ആഗസ്റ്റ് മാസം 24 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ കത്ത് ലഭിച്ച 39 അപേക്ഷകർക്ക് 67,650/- രൂപ നൽകി.

### 4) സേവ് എ ഫാമിലി പ്ലാൻ (SAFP)

• 2018 ആഗസ്റ്റ് മാസം 11 ഗുണഭോക്താക്കൾക്ക് 1,68,280/- രൂപ സഹായധനം അനുവദിച്ചു.

### 5) ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 2018 ആഗസ്റ്റ് മാസം 4 കുടുംബത്തിന് ചികിത്സാചെലവായി 27746/- രൂപ അനുവദിച്ചു.

| പേര് | യൂണിറ്റ് | തുക |
|---|---|---|
| 1. താജ് മോൻ എം. കെ. മാലിയിൽ | മാടപ്പള്ളി | 8100 |
| 2. ഏലിയാമ്മ സിബിച്ചൻ, കണ്ടത്തിപ്പറമ്പിൽ | കൊടുപ്പുന്ന | 3150 |
| 3. ബേബി ജോസഫ്, വട്ടപ്പറമ്പിൽ | വെഞ്ചമ്പ് | 6550 |
| 4. താജ് മോൻ എം. കെ. മാലിയിൽ | മാടപ്പള്ളി | 9050 |

## കുറ്റകൃത്യങ്ങൾക്ക് ഇരകളാകുന്നവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്ന പദ്ധതി

താലൂക്ക് ലീഗൽ സർവീസസ് കമ്മറ്റിയുടെ നേതൃത്വത്തിൽ കുറ്റകൃത്യങ്ങൾക്ക് ഇരകളാകുന്നവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്ന പദ്ധതിയുടെ താലൂക്ക് തല ബോധവത്ക്കരണ പരിപാടിയുടെ സമാപനവും നിയമ ബോധവത്ക്കരണ സെമിനാറും ജൂലൈ 30 ന് ചാസ് കോൺഫ്രൻസ് ഹാളിൽ സംഘടിപ്പിച്ചു. ശ്രീമതി എസ്. ശാന്തകുമാരി (ബഹു. ചെയർപേഴ്സൺ, ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി കോട്ടയം & പ്രിൻസിപ്പൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് ജഡ്ജ്, കോട്ടയം) ഉദ്ഘാടനം ചെയ്തു. അഡ്വ. ശ്രീ. കെ. മാധവൻപിള്ള (പ്രസിഡന്റ്, ബാർ അസോസിയേഷൻ, ചങ്ങനാശ്ശേരി) അദ്ധ്യക്ഷതവഹിച്ചു. ശ്രീ. എ. ഇജാസ് ബഹു. ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ്, കോട്ടയം) മുഖ്യ പ്രഭാഷണം നടത്തി. വികാരി ജനറാൾ റവ. ഡോ. ജോസഫ് മുണ്ടകത്തിൽ, ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി, ശ്രീ. ഡോണി തോമസ് വർഗീസ്, (ചെയർമാൻ, താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റി ചങ്ങനാശ്ശേരി & മുൻസിഫ് ചങ്ങനാശ്ശേരി) എന്നിവർ പ്രസംഗിച്ചു. ശ്രീമതി ലൈജുമോൾ ഷെരീഫ് (ബഹു. ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ്, ചങ്ങനാശ്ശേരി), അഡ്വ. ശ്രീ. ഇ.എ. സജികുമാർ (സെക്രട്ടറി, ബാർ അസോസിയേഷൻ, ചങ്ങനാശ്ശേരി), ശ്രീ. കെ.വി. ജോസഫ് (പ്രസിഡന്റ്, അഡ്വക്കേറ്റ് ക്ലർക്ക്സ് അസോസിയേഷൻ, ചങ്ങനാശ്ശേരി) എന്നിവർ സന്നിഹിതരായിരുന്നു. ശ്രീ. എസ്. സുദീപ് (ബഹു. സെക്രട്ടറി, ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി & സബ് ജഡ്ജ്) സെമിനാർ നയിച്ചു. ശ്രീ. എസ്. സുരേഷ് കുമാർ (ബഹു. ഡെപ്യൂട്ടി സൂപ്ര് ഓഫ് പോലീസ്, ചങ്ങനാശ്ശേരി) അഡ്വ. ശ്രീ. കെ. പ്രദീപ് എന്നിവർ സെമിനാർ നയിച്ചു. 141 പേർ പങ്കെടുത്തു.

## കുട്ടനാട് വെള്ളപ്പൊക്ക നാശനഷ്ടങ്ങളുടെ വിവരശേഖരണം

ഒന്നാംഘട്ടത്തെ വെള്ളപ്പൊക്കത്തെ തുടർന്ന് കുട്ടനാട്ടിലുണ്ടായ നാശനഷ്ടങ്ങളുടെ വിവരശേഖരണം നടത്തുന്നതിനായി കുട്ടനാട് യൂണിറ്റ് ഭാരവാഹികളുടെ മീറ്റിംഗ് ജൂലൈ 10 ന് ചാസ് കോൺഫ്രൻസ് ഹാളിൽ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി എന്നിവർ വിവരശേഖരണത്തിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. 23 ഭാരവാഹികൾ പങ്കെടുത്തു.

## കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് സംഗമം

ഓണം ഖാദി ഫെസ്റ്റിനോടനുബന്ധിച്ച് ഖാദി ഉത്പ്പന്നങ്ങളുടെ വിപണനത്തിന്റെ ഭാഗമായി ചാസ് കേന്ദ്രഓഫീസിൽ ജൂലൈ 14 ന് കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് സംഗമം നടത്തി. ചാസ് അസി. ഡയറക്ടർ ഫാ. ജോർജ്ജ് മാന്തുരുത്തിൽ ഖാദിഫെസ്റ്റ് വിജയിപ്പിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. കുട്ടനാട് എടത്വാ മേഖലകളിൽ നിന്നും 20 അംഗങ്ങൾ പങ്കെടുത്തു.

## പ്രളയദുരിതത്തിൽ ആത്മതായും തന്നാലയതുമായ്

പ്രിയ സഹോദരരെ നമ്മുടെ നാടിനെ തകർത്ത പ്രളയ ദുരിതബാധിതർക്ക് രക്ഷയുടെ ദൂതുമായ് ആത്മതാകേന്ദ്രവും വേൾഡ് മലയാളികൗൺസിലും ചേർന്ന് പ്രവർത്തിക്കാൻ കഴിഞ്ഞു. കുട്ടനാട്ടിൽ നിന്നും ആളുകളെ കരയ്ക്ക് എത്തിയ്ക്കുന്നതിനും അവരെ ദുരിതാശ്വാസക്യാമ്പുകളിൽ എത്തിക്കാനും സാധിച്ചു. കൂടാതെ ക്യാമ്പുകളിൽ മരുന്ന് സൗജന്യമായി നല്കാനും പ്രാഥമിക ആവശ്യകിറ്റ് വിതരണം ചെയ്യാനും കഴിഞ്ഞു. സുമനസ്സുകളുടെ സഹായം സ്വീകരിച്ച് നിത്യരോഗികൾക്ക് ആവശ്യമായ ഭക്ഷണവും വസ്ത്രവും നല്കി. തുടർന്നും ഭവനപുനരുദ്ധരണ പ്രവർത്തനത്തിനും നേതൃത്വം നല്കാനും ശ്രമിക്കുന്നു. ചങ്ങനാശ്ശേരിയിലെ വേൾഡ് മലയാളി കൗൺസിൽ അംഗങ്ങളുടെയും ഇതരസഹായകരുടെയും നിസ്വാർത്ഥമായ സഹകരണത്തിനും പ്രോത്സാഹനത്തിനും നന്ദി. തുടർന്നും സഹായിക്കണമെ.

## സൗജന്യരോഗപ്രതിരോധ ഹോമിയോ മരുന്ന്

ആത്മതാകേന്ദ്രത്തിൽ നിന്നും വേൾഡ് മലയാളി കൗൺസിലും ചങ്ങനാശ്ശേരി ഹോമിയോ മൾട്ടിസ്പെഷ്യാലിറ്റി ഹോസ്പിറ്റലുമായി സഹകരിച്ച് സൗജന്യമായി ഹോമിയോ രോഗപ്രതിരോധ മരുന്ന് വിതരണം ചെയ്യുന്നു. ഓഫീസുമായി ബന്ധപ്പെടുക.

## സൗജന്യനിരക്കിൽ ഹോമിയോ ചികിത്സാ സംവിധാനം

നമ്മുടെ സമൂഹത്തിൽ ലഹരി വസ്തുക്കൾക്ക് അടിമകൾ ആകുന്നരീതി വർദ്ധിച്ച് വരികയാണല്ലോ, ഈ അവസരത്തിൽ ലഹരി വസ്തുക്കൾക്ക് എതിരായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. കൂട്ടായ ശ്രമത്തിലൂടെ നമുക്ക് ലഹരിക്കെതിരെ പ്രവർത്തിക്കാൻ കഴിയണം.

ആത്മതാകേന്ദ്രം കഴിഞ്ഞ 10 വർഷത്തിൽ അധികമായി വളരെ മാതൃകാപരവും പാർശ്വഫലങ്ങൾ ഇല്ലാത്തതുമായ ലഹരിക്കെതിരായ ഹോമിയോ ചികിത്സ നടത്തിവരുന്ന കാര്യം അറിവുള്ളതാണല്ലോ. അച്ചൻ/സിസ്റ്റർ പ്രത്യേക ശ്രദ്ധയെടുത്ത് താഴെപ്പറയുന്ന സ്ഥലങ്ങളിൽ വച്ച് വിദഗ്ധരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ നടത്തുന്ന ചികിത്സയിൽ നിന്ന് ഫലം എടുക്കാൻ ആളുകൾക്ക് ബോധനം നല്കി സഹായിക്കണമെ. മദ്യമയക്കുമരുന്ന് ആസക്തിക്കും മറ്റ് ഇതര രോഗങ്ങൾക്കും ടി കേന്ദ്രങ്ങളിൽ സൗജന്യനിരക്കിലാണ് മരുന്ന് ലഭിക്കുന്നത് എന്നവിവരവും പാർശ്വഫലങ്ങൾ ഇല്ലാ എന്ന കാര്യവും ഇടവക ജനത്തെ ബോധിപ്പിച്ച് ചികിത്സയിലൂടെ ഫലം എടുക്കാൻ വേണ്ടതു ചെയ്യണമെ.

## സപ്പോർട്ട് എ ചൈൽഡ് പദ്ധതി

2004-ൽ ആത്മതാകേന്ദ്രം ആരംഭിച്ച നിത്യരോഗികളുടെ മക്കളുടെ പഠനത്തിനും പോഷകാഹാരത്തിനും സഹായിക്കുന്ന സപ്പോർട്ട് എ ചൈൽഡ് പദ്ധതിയിൽ എച്ച്.ഐ.വി അണുബാധിതരായ കുട്ടികൾ/അണുബാദിതരായവ

രുടെ മക്കൾ/മാനസിക വൈകല്യമുള്ളവരുടെ കുട്ടികൾ /ക്യാൻസർ ബാധിത കുട്ടികൾ/ക്യാൻസർ ബാധിതരുടെ കുട്ടികൾ എന്നിവർക്ക് ദിവസങ്ങൾ കഴിയുന്തോറും കൂടുതൽ സഹായം ആവശ്യമായിവരുന്നു. സഹായത്തിനായി നിരവധി ആളുകൾ ആത്മതാകേന്ദ്രം ഓഫിസിൽ വന്ന് അപേക്ഷിച്ചു കൊണ്ടിരിക്കുകയുമാണ്. ഇപ്പോൾ ചങ്ങനാശ്ശേരി, പത്തനംതിട്ട എന്നിവിടങ്ങളിലെ സപ്പോർട്ട് എ ചൈൽഡ് പദ്ധതി സമ്മേളനത്തിലൂടെ പ്രതിമാസം 80,000/-ൽ അധികം രൂപാ സഹായമായി നല്കി വരുന്നു സഹായിക്കുന്നു. എന്നാൽ പുതിയ ധാരാളം അപേക്ഷകരെ സഹായിക്കാൻ നമുക്ക് സാധിക്കുന്നില്ല ആയതിനാൽ സുമനസ്സുകളുടെ സഹായം അപേക്ഷിക്കുന്നു. ആത്മതാകേന്ദ്രത്തിൽ നല്കുന്ന സംഭാവനയ്ക്ക് 80 G (vi) പ്രകാരം ആനുകൂല്യം ലഭിയ്ക്കുന്നതാണ് സാമ്പത്തികമായി സഹായിക്കാൻ കഴിവുള്ളവർ സഹായിക്കാൻ ശ്രദ്ധിക്കണമെ. കഴിഞ്ഞമാസം പത്തനംതിട്ട,ആലപ്പുഴ,കോട്ടയം,ഇടുക്കി,കൊല്ലം ജില്ലകളിൽ നിന്നായി 60 പേർക്ക് 87500/- രൂപയുടെ സഹായവും, ന്യുട്രീഷ്യൻ കിറ്റും വിതരണം ചെയ്തു.

## ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്ക് പ്രാർത്ഥനയിലുടെയും ധ്യാനത്തിലൂടെയും വിമുക്തിയുടെ മാർഗ്ഗം തുറക്കാൻ കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ ഫാ. തോമസ് കൊച്ചുളേച്ചംകളം,ഫാ.തോമസ് താന്നിയത്ത്, എന്നിവരുടെ നേതൃത്വത്തിൽ എല്ലാ മാസവും ലഹരിവിമുക്ത കുടുംബവിശുദ്ധീകരണ ധ്യാനം നടത്തുന്നു. സൗജന്യമായി നടത്തുന്ന ഈ ധ്യാനത്തിൽ ശാസ്ത്രവേദി ചെയർമാൻ ഡോ. പരമേശ്വരക്കുറുപ്പ്, മൾട്ടി സ്പെഷ്യാലിറ്റി ഹോമിയോ ഹോസപിറ്റൽ എം.ഡി. ഡോ. എസ്.ജി.ബിജു എന്നിവർ സൗജന്യമായി ഹോമിയോ മരുന്ന് നല്കി വരുന്നു. അടുത്ത **ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം** 2018 സെപ്റ്റംബർ 20 മുതൽ സെപ്റ്റംബർ 23 വരെ ദിവസങ്ങളിൽ, കുന്നന്താനം പ്രൊവിഡൻസ് റിന്യുവൽ സെന്ററിൽ വച്ച് നടത്തുന്നു. വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് സമാപിക്കുന്നു.

മേൽവിലാസവും, ഫോൺ നമ്പരും താഴെ ചേർക്കുന്നു.
പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം, തിരുവല്ല,
ഫോൺ നമ്പർ : 0469 2693413, 9497325685

**ഫാ. ജോസ് പുത്തൻചിറ**
*ഡയറക്ടർ*

NB. ഇടവക തലത്തിലും, വാർഡുതലത്തിലും സംഘടനാ തലത്തിലും, ലഹരി ബോധവത്ക്കരണ ക്ലാസ്സുകൾ, കൺവെൻഷൻ എന്നിവ ക്രമീകരിക്കുന്നതിന് ആത്മതാകേന്ദ്രവുമായി ബന്ധപ്പെടുക.
ഫോൺ നമ്പർ : 0481 2411819 / 8921505386

കേരളം ഇന്ന് വലിയ ഒരു പ്രതിസന്ധിയെ അതിജീവിച്ചു കഴിഞ്ഞിരിക്കുന്നു. കേരള ജനതയെ പ്രളയം മുക്കികളഞ്ഞപ്പോൾ പ്രളയം ബാധിക്കാത്ത മനസ്സും ഒത്തൊരുമയും കേരള ജനതയെ പിടിച്ചുയർത്തി. ദുരിതക്കയങ്ങളിൽ പ്രവർത്തിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. പ്രളയത്തിൽ ഒന്നിച്ച മനസ്സ് മുന്നോട്ടും നമ്മെ നയിക്കട്ടെ അങ്ങനെ മനസ്സുകൊണ്ട് ഒന്നായി പുത്തൻ ഉണർവോടെ മുന്നേറാം ഏവർക്കും ഒത്തെരുമയുടെ ഓണക്കാലം ആശംസിക്കുന്നു.

**ഫാ. ജോസ് പുത്തൻചിറ** (ഡയറക്ടർ)

## യൂണിറ്റ് തല സന്ദർശനം

നെടുമണ്ണി, മുണ്ടത്താനം, ചമ്പക്കര, കൂത്രപ്പള്ളി, വായ്പ്പൂർ പുത്തൻ പള്ളി, ചക്കാലക്കുന്ന്, പുളിക്കകവല, നെടുങ്കുന്നം, താഴത്തുവടകര, ചുങ്കപ്പാറ, കോട്ടാങ്ങൽ, കുറുമ്പനാടം, പനയമ്പാല, മല്ലപ്പള്ളി, വെട്ടുത്തുരുത്ത്, ചങ്ങനാശ്ശേരി, കട്ടച്ചിറ എന്നീ യൂണിറ്റുകൾ സന്ദർശിക്കുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

## മരണാനന്തര സഹായനിധി

ചങ്ങനാശ്ശേരി സെന്റ് മേരീസ് കത്തിഡ്രൽ യൂണിറ്റിൽ സെന്റ് ഔസേപ്പ് സംഘത്തിലെ പരേതനായ ജോർജ്ജ് ആന്റണി പുതുപ്പറമ്പിന്റെ കുടുംബത്തിന് മരണാനന്തര സഹായമായി 1,12,000 രൂപാ നല്കി.

## ആദരാഞ്ജലികൾ

കുറിച്ചി ശാന്തിഗിരി പള്ളി യൂണിറ്റിലെ ശാന്തിഗിരി സംഘത്തിലെ അംഗമായ ഷാജി ഫിലിപ്പ് മമ്പലം ആഗസ്റ്റ് 2-ാംതിയതി നിര്യാതനായി അദ്ദേഹത്തിന്റെ കുടുംബത്തോടുള്ള അനുശോചനവും പ്രാർത്ഥനയും നേരുന്നു.

## സ്വാതന്ത്ര്യ ദിനാചരണവും സ്വർഗ്ഗാരോപണ തിരുനാളും

ആഗസ്റ്റ് 15 ന് കുമരങ്കരി സെന്റ് മേരീസ് പള്ളിയിൽ ദേവമാതാ സംഘത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട് തിരുനാളാഘോഷങ്ങളിൽ ബലിയർപ്പിക്കുകയും സന്ദേശം നല്കുകയും ചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ പതാക ഉയർത്തി.

## ദുരിതാശ്വാസ ക്യാമ്പിൽ സഹായമായി കെ.എൽ.എം.

പ്രളയ ബാധിതമായ കുട്ടനാട്ടിൽ നിന്ന് ചങ്ങനാശ്ശേരിയിൽ കരകയറിയ കുട്ടനാടൻ മക്കൾക്ക് എല്ലാവിധ സഹകരണങ്ങളും ഇടവകയോടുചേർന്ന് നിന്ന് ചെയ്തുകൊടുക്കാൻ സന്മനസ്സു കാണിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. തുടർന്നുള്ള ആവശ്യങ്ങളിലും സഹകരണം പ്രതീക്ഷിക്കുന്നു.

## ക്ലീൻ കുട്ടനാടുമായി കെ.എൽ.എം.

ആഗസ്റ്റ് 28-ാം തീയതി ഞായറാഴ്ച കെ.എൽ.എം. പ്രവർത്തകരായ 72 പേർ അടങ്ങുന്ന ടീമംഗങ്ങൾക്ക് പ്രളയബാധിത മേഖലകളായ കുമരംചിറ (മുട്ടാർ), കുന്നംങ്കരി (പുലിമുഖം), വെളിയനാട് എന്നീ ഇടവക ദൈവാലയങ്ങൾ, പരിസരങ്ങൾ, കോൺവെന്റുകൾ, വീടുകൾ എന്നിവ ശുചീകരിക്കാൻ സാധിച്ചു. എന്ന കാര്യം അഭിമാനത്തോടെ ഓർക്കുന്നു. സഹകരിച്ച എല്ലാവർക്കും പ്രത്യേകം നന്ദി. തുടർപ്രവർത്തനങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

## കെയർ ഹോംസ് ഫെല്ലോഷിപ്പ് (CFCA), മാർ കാവുകാട്ട് പാലിയേറ്റീവ് & ഹെൽത്ത് കെയർ

ചങ്ങനാശേരി അതിരൂപതാതിർത്തിയിൽ അതിരൂപതയുടെ നേരിട്ടും, സന്ന്യസ്ത-അൽമായ നേതൃത്വങ്ങളിലും പ്രവർത്തിക്കുന്ന കെയർ ഹോമുകളുടെ അതിരൂപതാതല കൂട്ടായ്മയായ കെയർ ഹോം ഫെല്ലോഷിപ്പ് (CFCA) ന്റെയും മാർ തോമസ് തറയിൽ പിതാവിന്റെ മെത്രാഭിഷേക സ്മാരകമായി തുടക്കംകുറിച്ച മാർ കാവുകാട്ട് മെമ്മോറിയൽ പാലിയേറ്റീവ് & ഹെൽത്ത് കെയറിന്റെയും 2018 ജൂൺ മാസത്തെ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ടും വരുംമാസങ്ങളിലെ പ്രധാന പരിപാടികളും.

### പ്രളയദുരിതത്തിൽ സാന്ത്വനമായി

കേരളത്തെ മുഴുവനായും പ്രത്യേകിച്ച് കുട്ടനാടിനെ സാരമായ രീതിയിലും ബാധിച്ച മഹാപ്രളയത്തിന്റെ ഭാഗമായി അതിരൂപതയുടെ നേതൃത്വത്തിൽ നടന്ന മുഴുവൻ ദുരിതാശ്വാസപ്രവർത്തനങ്ങളിലും രക്ഷാപ്രവർത്തനങ്ങളിലും അതിരൂപത കെയർ ഹോം ഫെല്ലോഷിപ്പിന്റെയും കാവുകാട്ട് പാലിയേറ്റീവ് & ഹെൽത്ത് കെയറിന്റെയും സജീവ പിന്തുണ ഉറപ്പാക്കി. പാലിയേറ്റീവ് യൂണിറ്റുകളുടെ നേതൃത്വത്തിൽ വിവിധ ദുരിതാശ്വാസക്യാമ്പുകളിൽ മെഡിക്കൽ-സാന്ത്വനപരിചരണ സഹായങ്ങളും ഇതര സഹായങ്ങളും ഉറപ്പാക്കി. രക്ഷാപ്രവർത്തനത്തിന്റെ ദൗത്യദിവസങ്ങളിൽ ഭക്ഷണം, കുടിവെള്ളം തുടങ്ങിയവയുടെ വിതരണത്തിൽ വിവിധ യൂണിറ്റുകൾ നേതൃത്വം നൽകി. വിവിധ പാലിയേറ്റീവ് യൂണിറ്റുകളുടെ നേതൃത്വത്തിൽ ആദ്യദിവസങ്ങളിൽ 5000 ഓളം പൊതിച്ചോറുകൾ സമാഹരിച്ച് വിവിധ ക്യാമ്പുകളിലും കുട്ടനാട്ടിൽ ഒറ്റപ്പെട്ടവർക്കും എത്തിച്ചുനൽകി.

അതിരൂപതയുടെ നിർദ്ദേശപ്രകാരം ഡയറക്ടർ ഫാ. സോണി മുണ്ടുനടയ്ക്കലച്ചന്റെ നേതൃത്വത്തിൽ ബോട്ടുകളിൽ രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകി. കുട്ടനാട് കൂടാതെ പത്തനംതിട്ട, മാവേലിക്കര രൂപതയുടെ ഭാഗമായ ചെങ്ങന്നൂർ മേഖലയിൽ ചങ്ങനാശ്ശേരി അതിരൂപതയെ പ്രതിനിധീകരിച്ച് സഹായസാധനങ്ങൾ എത്തിച്ചു. പാലിയേറ്റീവ് യൂണിറ്റുകളുടെ നേതൃത്വത്തിൽ 200 ഓളം സന്നദ്ധപ്രവർത്തകർ കുട്ടനാട് ക്ലീനിംഗ് പദ്ധതിയിൽ പങ്കാളിയായി. സർക്കാർ സന്നദ്ധസംഘടനകൾ സഹായങ്ങൾ അർഹതപ്പെട്ടവരിലേയ്ക്ക് എത്തിക്കാൻ 20ൽ പരം വോളണ്ടിയേഴ്സ് വഴി വിവിധ പ്രവർത്തനങ്ങൾ ക്രമീകരിച്ചു നടപ്പിലാക്കി വരുന്നു. ആരോഗ്യമേഖലയിലെ സമഗ്രബോധവത്കരണം ലക്ഷ്യമിട്ട് കുട്ടനാടിനുവേണ്ടി ബോധവത്കരണസഹായവും ഇതര ക്രമീകരണങ്ങളും പാലിയേറ്റീവ് കെയറിന്റെ നേതൃത്വത്തിൽ തയ്യാറായി വരുന്നു.

### മദർ തെരേസാദിനം - സെപ്റ്റംബർ 5

പ്രളയ ദുരിതത്തിന്റെ പശ്ചാത്തലത്തിൽ സെപ്റ്റംബർ 5 മദർ തെരേസാദിനം പ്രാർത്ഥനാദിനമായി ആചരിക്കാൻ തീരുമാനിച്ചു. അതിരൂപതയിലെ മുഴുവൻ കെയർ ഹോമുകളിലും അന്നേ ദിവസം പ്രത്യേക പ്രാർത്ഥനയും മദർ തെരേസാ അനുസ്മരണവും സംഘടിപ്പിക്കും. അതോടൊപ്പം കെയർ ഹോം ഫ്രണ്ട്സ് ഗ്രൂപ്പ് എല്ലാ സ്ഥാപനങ്ങളോടും അനുബന്ധിച്ച് സംഘടിപ്പിക്കാനും തുടർ നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചു.

### പാലിയേറ്റീവ് യൂണിറ്റ് ഉദ്ഘാടനം

അതിരമ്പുഴ ഫൊറോനയിലെ പുഷ്പഗിരി യൂണിറ്റിൽ പാലിയേറ്റീവ് കെയർ യൂണിറ്റ് ഉദ്ഘാടനം ചെയ്തു. റവ. ഫാ. തോമസ് കമ്പിയിൽ ഫാ. സോണി മുണ്ടുനടയ്ക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

### സഹായകേന്ദ്രം

കെയർഹോം കൂട്ടായ്മ, പാലിയേറ്ററീവ് കെയർ തുടങ്ങിയവയുടെ സഹായശുശ്രൂഷയും അതിരൂപതാ ഓഫീസും സന്ദേശനിലയത്തിലെ ഓഫീസിൽ പ്രവർത്തിച്ചുവരുന്നു.

കൂടുതൽ വിവരങ്ങൾക്ക്,

**ഫാ. സോണി മുണ്ടുനടയ്ക്കൽ - 9446329242**
**ഹെൽപ്ലൈൻ - 9946000599, 9961049933**

സ്നേഹത്തോടെ,

**റവ. ഡോ. സോണി മുണ്ടുനടയ്ക്കൽ**
(ഡയറക്ടർ)

## കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിലെ സെപ്റ്റംബർ മാസത്തിലെ പ്രോഗ്രാം

| | | |
|---|---|---|
| സെപ്റ്റംബർ | 3-5 | വിവാഹ ഒരുക്ക ധ്യാനം |
| | 5 | നിശാരാധന (6 p.m. - 10 p.m.) |
| | 8 | സോണൽ ഉപദേശകസമിതി മീറ്റിംഗ് (2 p.m. - 5 p.m.) |
| | 9-14 | അതിരൂപതാ വൈദികധ്യാനം - 3 |
| | 14 | ജാഗരണപ്രാർത്ഥന |
| | 18 | ജെറീക്കോ മദ്ധ്യസ്ഥ പ്രാർത്ഥന ചങ്ങനാശ്ശേരിയിൽ (2 p.m. - 6.30 p.m.) |
| | 19-21 | സൺഡേസ്ക്കൂൾ അദ്ധ്യാപക ധ്യാനം |
| | 21-25 | വിശ്വാസാനുഭവധ്യാനം |

**ഫാ. മാത്യു താന്നിയത്ത്**
*ഡയറക്ടർ*, 9446903631

NB: സെപ്റ്റംബർ മുതൽ വിശ്വാസാനുഭവധ്യാനം നാലാം ഞായറാഴ്ചയ്ക്കു മുമ്പുള്ള വെള്ളിയാഴ്ച 5 p.m. ന് വി. കുർബാനയോടെ ആരംഭിച്ച് ചൊവ്വാഴ്ച 2 p.m. ന് അവസാനിക്കുന്നു.

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

''ഞാൻ മഴ തരാതെ ആകാശം അടയ്ക്കുകയോ, ദേശത്തെ കൃഷി നശിപ്പിക്കുവാൻ വെട്ടുകിളിയെ നിയോഗിക്കുകയോ, എന്റെ ജനത്തിനിടയിൽ മഹാമാരി അയയ്ക്കുകയോ ചെയ്യുമ്പോൾ, എന്റെ നാമം പേറുന്ന എന്റെ ജനം എന്നെ അന്വേഷിക്കുകയും, തങ്ങളെത്തന്നെ എളിമപ്പെടുത്തി പ്രാർത്ഥിക്കുകയും തങ്ങളുടെ ദുർമാർഗ്ഗങ്ങളിൽനിന്നും പിന്തിരിയുകയും ചെയ്താൽ ഞാൻ സ്വർഗ്ഗത്തിൽ നിന്ന് അവരുടെ പ്രാർത്ഥന കേട്ടു അവരുടെ പാപങ്ങൾ ക്ഷമിക്കുകയും അവരുടെ ദേശം സംപുഷ്ടമാക്കുകയും ചെയ്യും. ഇവിടെ നിന്നുയരുന്ന പ്രാർത്ഥനകൾക്കുനേരേ എന്റെ കണ്ണും കാതും ജാഗരൂകമായിരിക്കും'' (2 ദിനവൃത്താന്തം 7:13-15).

കഴിഞ്ഞ ജൂലൈ 14-ാം തീയതി സി.സി. ഭാരവാഹികളുടെ യോഗം ചേർന്നതിനുശേഷം പെട്ടെന്നുതന്നെ ഒരു ദുരന്തം നമ്മെ ആക്രമിക്കുകയുണ്ടായി. അതിന്റെ തീവ്രത കുട്ടനാടൻ മേഖലയിലെ 5 ഏരിയാ കൗൺസിലുകളെ സാരമായി ബാധിക്കുകയുണ്ടായി. പെട്ടെന്നു വീണ്ടുമൊരു യോഗം കൂടുവാൻ സാഹചര്യം അനുവദിക്കായ്കയാൽ സോഷ്യൽ മീഡിയായിലൂടെയും, ടെലിഫോണിലൂടെയും ആ വിവരം സി.സി. ഭാകവാഹികളെയും, നേതൃനിരയേയും അറിയിച്ചതിനൊപ്പം, ദേശീയ തലത്തിലും ശ്രദ്ധചെലുത്തുകയുണ്ടായി. അതിന്റെ പരിണിതഫലമെന്നോണം, ദേശീയ കൗൺസിൽ കേന്ദ്ര ഓഫീസ്, എറണാകുളം, കോതമംഗലം, കാഞ്ഞിരപ്പള്ളി പത്തനംതിട്ട എന്നീ സി.സി.കളിൽനിന്ന് നേരിട്ട് പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും സഹായധനം നൽകുകയും ചെയ്തു. കൂടാതെ തലശ്ശേരി, മാനന്തവാടി, ബത്തേരി എന്നീ സെൻട്രൽ കൗൺസിലുകൾ (സാഹചര്യം വിലയിരുത്തി തുടർനടപടികൾ ചെയ്യാമെന്നു സമ്മതിക്കുകയും ചെയ്തു.

ഇങ്ങനെയിരിക്കുന്ന അവസരത്തിലാണ് കേരളത്തെ മുഴുവൻ കണ്ണീരിലാക്കിക്കൊണ്ടുള്ള രണ്ടാമത്തെ ദുരന്തം വന്നുചേർന്നത്. ഇതെഴുതിയവസരത്തിൽ കേരളത്തിലെ എല്ലാ സെൻട്രൽ കൗൺസിൽ പ്രസിഡന്റുമാരും കൊച്ചിയിലെ റിന്യൂവൽ സെന്ററിൽക്കൂടി തുടർനടപടികൾക്കു രൂപരേഖ എടുത്തുകൊണ്ടിരിക്കുകയാണ്.

ഈ അവസരത്തിൽ വളരെ ദുഃഖത്തോടെ എന്നെ ഓർമ്മപ്പെടുത്തുന്ന ഒരു സംഭവം 'ഒറ്റപ്പെട്ടതാണെങ്കിലും' നമ്മുടെ അന്തർദേശീയ കോൺഫ്രൻസിനു നേരെ ഒരു വെല്ലുവിളിപോലെ തോന്നിപ്പോയി. അതു മറ്റൊന്നുമല്ല സോഷ്യൽ മീഡിയായിലൂടെ നമ്മുടെതന്നെ പ്രവർത്തനത്തെ ദുർബ്ബലപ്പെടുത്തുന്നതിനു പ്രേരകമായ ഒരു വാചകമാണ്. അതിന്റെ അഗാധതയിലേക്കു പോകുവാൻ ഞാനാഗ്രഹിക്കുന്നില്ലാ കാരണം നമ്മുടെ സംഘടനയ്ക്കും നേരെ അക്രമം അഴിച്ചുവിടാൻ സ്ഥാപിത താല്പര്യക്കാരും, പ്രത്യയശാസ്ത്രങ്ങളും എക്കാലത്തും പരിശ്രമം നടത്തിയിരുന്നു എന്നതിനു ചരിത്രം സാക്ഷിയാണ്. ഫ്രാൻസിലും പ്രത്യേകിച്ച് പാശ്ചാത്യ രാജ്യങ്ങളിലും ഈ ആരോപണം ശക്തമായിരുന്ന ദശാസന്ധിയിലാണ് ഫ്രെഡറിക് ഓസാനം സഭയിൽ നവീകരണവും, സംശുദ്ധീ

കരണവും നടത്താൻ പ്രാർത്ഥനയും, പ്രവർത്തനവും ഏകോപിപ്പിച്ചുകൊണ്ട് ഒറ്റയാൾ പട്ടാളംപോലെ കഠിനാദ്ധ്വാനം നടത്തിയത്. അതിന്റെ സദ്ഫലങ്ങൾ നേരിൽ കണ്ട് സായൂജ്യമടയാനും അദ്ദേഹത്തിനു നിയോഗമുണ്ടായി. അതിനു അദ്ദേഹത്തിനു തുണയായത് വിൻസെൻഷ്യൻ പ്രസ്ഥാനമായിരുന്നുവെന്നുള്ളത് നമുക്കു മറക്കാതിരിക്കാം.

ഇവിടെ നമ്മുടെ നിയമാവലിയുടെ വകുപ്പ് 18-1 ഓർമ്മപ്പെടുത്തുവാൻ ഞാൻ നിർബന്ധിതനാകുന്നു. അതായത് ''സൊസൈറ്റി സത്യസന്ധതയിലും ഉത്തര വാദിത്വപൂർണ്ണമായ കാര്യനിർവ്വഹണത്തിലുമുള്ള സൽപ്പേരു നിലനിർത്തണം''. അതുപോലെ വകുപ്പ് 19 പ്രസിദ്ധമാക്കുന്നത് നന്നായിരിക്കും.

1) പല കോൺഫ്രൻസുകൾ ഉള്ള ഒരു പ്രദേശത്ത് ഈ കോൺഫ്രൻസുകൾ സജീവമാകുന്നതിനും ഊർജ്ജസ്വലമാകുന്നതിനും ഏകോപിപ്പിക്കുന്നതിനു വേണ്ടി അവയെ പ്രാദേശിക ഏരിയാ കൗൺസിലിങ്ങു കീഴിൽ യോജിപ്പി ക്കുന്നു.
2) ഒരു ഏരിയാ കൗൺസിലിന്റെ പ്രദേശത്ത് അവയെ കൂട്ടിയോജിപ്പിക്കുന്നതിന് ഒരു സെൻട്രൽ കൗൺസിൽ രൂപതാടിസ്ഥാനത്തിൽ സ്ഥാപിക്കുന്നു. ഇങ്ങനെ യിരിക്കുമ്പോൾ ഒരു സെൻട്രൽ കൗൺസിൽ പ്രസിഡന്റിന് നേരിട്ട് എല്ലാ കാര്യ ങ്ങളും കോൺഫ്രൻസ് അംഗങ്ങളെ അറിയിക്കുക സാധ്യമാവുകയില്ല. ഇത് മറന്നുകൊണ്ടുള്ള പ്രസ്ഥാവന ഏതെങ്കിലും ഒരംഗത്തിൽനിന്നും ഉണ്ടാകുക എന്നത് തികച്ചും സ്വീകാര്യമായിരിക്കുകയില്ല.

ഓരോ വിപത്തുകളും സംഭവിക്കുമ്പോഴും നാമെന്നായി ഒറ്റക്കെട്ടായി നിലകൊള്ളുന്നു. വിൻസെൻഷ്യൻ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തി ക്കുവാൻ ഓരോ അംഗങ്ങളും തയ്യാറാകണം. എങ്കിൽ മാത്രമേ ഏതു പ്രതിസ ന്ധികളെയും അതിജീവിച്ചു നമുക്കു പ്രവർത്തിക്കാനാവൂ.

## ദുരന്തനിവാരണ ഫണ്ട്

കഴിഞ്ഞ ലക്കത്തിൽ പ്രതിപാദിച്ചതനുസരിച്ച്, ആരെങ്കിലും പ്രസ്തുത സംരം ഭത്തിന്റെ ഭാഗമായില്ലെങ്കിൽ, സന്മനസോടെ അതിനു തയ്യാറാകുക.

## സി. സി. മീറ്റിംഗ്

അടുത്ത സി. സി. മീറ്റിംഗ് സെപ്റ്റംബർ 8 നു ശനിയാഴ്ച 9:30 നു കൂടു ന്നതാണ്. എല്ലാ അംഗങ്ങളും നിർബന്ധമായും വന്നുചേരുവാൻ മറക്കാതിരി ക്കുക.

കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ ദുരന്തത്തെ ഏറെ കരുത ലോടെ കണ്ട് സഹായം ചെയ്തുകൊണ്ടിരിക്കുന്ന എല്ലാവരേയും ഏറെ സ്നേ ഹത്തോടും നന്ദിയോടും ഓർക്കുന്നു. പരമ കാരുണ്യവാനായ ദൈവത്തിന്റെ കൃപ എല്ലാവരിലും ഉണ്ടാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്

എന്ന്,
ഈശോയിൽ സ്നേഹത്തോടെ,

**ബ്രദർ. ആന്റണി തോമസ് കാനാറിക്കാവുങ്കൽ**
സി. സി. പ്രസിഡന്റ്

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ



133

# പുരോഹിതൻ: അരൂപിയുടെ മനുഷ്യൻ

(തിരുവചനഭാഗം: ശ്ലീഹ 8:1-40)

പുരോഹിതന്റെ ആദ്ധ്യാത്മികത അവശ്യം സഭാത്മകമാണ്. സഭാശുശ്രൂഷ യോട് ബന്ധപ്പെട്ടതും സഭാശുശ്രൂഷയ്ക്ക് പുരോഹിതനെ പ്രാപ്തനാക്കുന്ന തുമാണ് പുരോഹിതാദ്ധ്യാത്മികത. സഭ അരൂപിയിൽ ജനിച്ച് വളരുന്നവരുടെ സമൂഹമായതുകൊണ്ട് പുരോഹിതന്റെ ആദ്ധ്യാത്മികതയും അരൂപിയിലുള്ള ജീവിതമായിരിക്കണം. ശ്ലീഹന്മാരുടെ പ്രവർത്തനങ്ങൾ 8-ാമദ്ധ്യായം പീഡന ങ്ങളിലൂടെ വളരുന്ന ഒരു സമൂഹമായിട്ടാണ് സഭയെ ചിത്രീകരിക്കുന്നത്. സഭാ പീഡനത്തിന്റെ ഫലമായി ചിതറിക്കപ്പെട്ടവർ യൂദയായിലെയും സമറിയായി ലെയും ഗ്രാമങ്ങളിൽ ചുറ്റിസഞ്ചരിക്കുകയും വചനം പ്രസംഗിക്കുകയും ചെയ്ത തിന്റെ ഫലമായി അവിടെയുള്ളവർ വിശ്വസിക്കുകയും മാമ്മോദീസാ സ്വീകരി ക്കുകയും ചെയ്യുന്നു. അപ്രകാരം സഭ സഹനങ്ങളിലൂടെ വളരുന്നു. സഭയുടെ ജീവിതത്തിലും വളർച്ചയിലും അരൂപിയുടെ സ്ഥാനത്തെയും പ്രാധാന്യത്തെ യുമാണല്ലോ അതു സൂചിപ്പിക്കുന്നത്. ഈ അദ്ധ്യായത്തെ അഞ്ചു ഭാഗങ്ങളായി തിരിക്കാം:

1. 8:1-4 സഭയുടെ പീഡനവും വളർച്ചയും
2. 8:5-13 സമറിയാക്കാരുടെ വിശ്വാസവും മാമ്മോദീസായും
3. 8:14-25 സമറിയായിലെ സഭാംഗങ്ങൾ പരിശുദ്ധാരൂപിയാൽ പൂർണരാക്ക പ്പെടുന്നു
4. 8:26-35 പീലിപ്പോസും എത്യോപ്യാക്കാരനും
5. 8:36-40 എത്യോപ്യാക്കാരന്റെ മാമ്മോദീസാ

## 1. സഹനങ്ങളിലൂടെ വളരുന്ന സഭാസമൂഹം

*''എന്നാൽ, സാവൂൾ സഭയെ നശിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. അവൻ വീടുതോറും കയറിയിറങ്ങി സ്ത്രീപുരുഷന്മാരെ വലിച്ചിഴച്ചുകൊണ്ടുവന്ന് തടവി ലാക്കി. ചിതറിക്കപ്പെട്ടവർ, വചനം പ്രസംഗിച്ചുകൊണ്ടു ചുറ്റിസഞ്ചരിച്ചു'' (8:3-4).*

സ്തേഫാനോസിന്റെ വധത്തിനുശേഷം ജറുസലേമിലെ സഭയ്ക്ക് പീഡനവും ഞെരുക്കവും സഹിക്കേണ്ടതായിവന്നു. അതിന്റെ ഫലമായി ശ്ലീഹന്മാരല്ലാത്തവരെല്ലാം ജറുസലേംവിട്ട് യൂദയായിലെ ഗ്രാമപ്രദേശങ്ങ

ളിലും സമറിയായിലും ചിതറിപ്പോയി (8,1). ശ്ലീഹന്മാർ ജറുസലേമിൽത്തന്നെ താമസിക്കുവാൻ മുതിർന്നത് അവരുടെ ശ്ലൈഹികമായ ഉത്തരവാദിത്വബോധം കൊണ്ടായിരിക്കണം. പീഡനമുണ്ടായത് പ്രധാനമായും വിദേശവുമായി ബന്ധമുള്ള ഗ്രീക്കുയഹൂദക്രൈസ്തവർക്കായിരിക്കണം. സഭയ്ക്കുള്ളിൽ പ്രശ്നമുണ്ടായതും അവരിൽനിന്നാണല്ലോ. പ്രശ്നപരിഹാരത്തിനു നിയമിതരായ ഏഴു ഡീക്കന്മാരും അവരിൽനിന്നായിരുന്നുവെന്നത് അതിന്റെ സൂചനയാണ് (ശ്ലീഹ 6:1-7). പിന്നീട് സമറിയായിൽ സുവിശേഷം പ്രസംഗിക്കാൻ പോകുന്നത് ഏഴുപേരിൽ ഒരാളായ പീലിപ്പോസുതന്നെയാണ്. സഭയുടെ ഉള്ളിലും പുറമേനിന്നും പ്രശ്നങ്ങളുണ്ടാകുന്നത് സഭാത്മകജീവിതത്തിന്റെ ഫലമായിട്ടല്ല. മറ്റു മാനുഷികമായ പരിഗണനകളും പരിമിതികളും മൂലമാണെന്ന് ഇതു സൂചിപ്പിക്കുന്നു.

സഭാംഗങ്ങളെ പീഡിപ്പിക്കുന്നതിനു നേതൃത്വം കൊടുത്തത് പിന്നീട് പൗലോസായി മാറിയ സാവൂൾ ആയിരുന്നു (8:1.3). യഹൂദമതവിശ്വാസത്തിൽ തീക്ഷ്ണമായ നിലപാടുണ്ടായിരുന്ന ഒരു വ്യക്തിയായിരുന്നു അദ്ദേഹമെന്ന്, മാനസാന്തരശേഷമുള്ള പൗലോസിന്റെ വാക്കുകൾ വ്യക്തമാക്കുന്നു (26:1-11). എന്നാൽ, പീഡനം സഭാവളർച്ചയ്ക്ക് സഹായകമായിത്തീർന്നു. അതുമൂലം വിശ്വാസികൾ പല സ്ഥലങ്ങളിലുമായി ചിതറി. ചിതറിക്കപ്പെട്ടവർ, പോയിടത്തെല്ലാം വചനം പ്രസംഗിച്ചുകൊണ്ട് ചുറ്റിസഞ്ചരിച്ചു (8:4). തന്റെ ജീവിതത്തെക്കുറിച്ചും ശിഷ്യത്വത്തെക്കുറിച്ചും ഈശോ അരുളിച്ചെയ്ത വാക്കുകൾ ഇവിടെ അന്വർത്ഥമാകുകയാണ്: ''സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലോ അതു വളരെ ഫലം പുറപ്പെടുവിക്കും.'' (യോഹ .12:24-26). പീഡനത്തിലൂടെ സഭ വളരുന്നതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത് അരൂപിയുടെ ശക്തിയാണ്. കല്ലെറിഞ്ഞു കൊല്ലപ്പെട്ടപ്പോൾ സ്തേഫാനോസിന് ഈശോയെ മഹത്ത്വത്തിൽ ദർശിക്കാനും ഈശോയുടെ അരൂപിയിൽ പ്രാർത്ഥിക്കാനും സാധിച്ചത് പരിശുദ്ധാരൂപിയാലായിരുന്നല്ലോ (7:55-56,60). അരൂപിയിൽ ശക്തിപ്രാപിച്ച് സഹനങ്ങളെ അതിജീവിച്ച് വചനശുശ്രൂഷ നിർവഹിക്കുവാൻ എല്ലാ വിശ്വാസികൾക്കും, പ്രത്യേകിച്ച് പുരോഹിതനും കഴിയണം.

## 2. സുവിശേഷപ്രഘോഷണത്തിലൂടെ വിശ്വസിക്കുന്ന സഭാസമൂഹം

*''എന്നാൽ, ദൈവരാജ്യത്തെക്കുറിച്ചും ഈശോമിശിഹായുടെ നാമത്തെക്കുറിച്ചും പീലിപ്പോസ് പ്രസംഗിച്ചപ്പോൾ സ്ത്രീപുരുഷഭേദമെന്യേ എല്ലാവരും വിശ്വസിച്ചു മാമ്മോദീസാ സ്വീകരിച്ചു. ശിമയോൻപോലും വിശ്വസിച്ചു. അവൻ മാമ്മോദീസാ സ്വീകരിച്ച് പീലിപ്പോസിന്റെ കൂടെച്ചേർന്നു. സംഭവിച്ചുകൊണ്ടിരുന്ന അടയാളങ്ങളും വലിയ അത്ഭുതപ്രവൃത്തികളും കണ്ട് അവൻ ആശ്ചര്യഭരിതനായി'' (8:12-13).*

ജറുസലേമിൽനിന്നും ചിതറിക്കപ്പെട്ടവർ വചനം പ്രസംഗിച്ചതിന്റെ ഫലമായി സഭാസമൂഹം വളർന്നത് യൂദയായുടെയും സമറിയായുടെയും ഗ്രാമങ്ങളിലായിരുന്നു. അപ്രകാരം ഒരുക്കപ്പെട്ട സമറിയായിലെ പട്ടണത്തിലേയ്ക്കാണ് പീലിപ്പോസ് ചെന്ന് സുവിശേഷപ്രഘോഷണം നടത്തിയത്. ഈശോ ശ്ലീഹന്മാരോടു പറഞ്ഞ വാക്കുകൾ ഇവിടെ അന്വർത്ഥമാകുകയാണ്: ''പരിശുദ്ധാത്മാവു

നിങ്ങളുടെമേൽ വന്നു കഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനിലും സമറിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും'' (1:8). ഈശോയുടെ പരസ്യജീവിതകാലത്ത് ശിഷ്യരുടെ പ്രേഷിതപ്രവർത്തനത്തിൽനിന്നും സമറിയായെ ഒഴിവാക്കിയിരുന്നെങ്കിലും (മത്താ.10:5) പിന്നീട്, സമറിയായിലൂടെത്തന്നെയാണ് സകല ജനതകളിലേക്കും സുവിശേഷം കടന്നുചെല്ലുന്നതായി നടപടിഗ്രന്ഥം അവതരിപ്പിക്കുന്നത് (മത്താ. 28:20; ലൂക്കാ 24:47; ശ്ലീഹ 1:8). പീലിപ്പോസിന്റെ സുവിശേഷപ്രഘോഷണ ഫലമായി സമറിയാനഗരത്തിൽ വലിയ സന്തോഷമുണ്ടായി എന്ന് എടുത്തുപറയുന്നു (8:8). മിശിഹായുടെ സുവിശേഷം സന്തോഷത്തിന്റെ സുവിശേഷമാണ് (ലൂക്കാ 2:10). സുവിശേഷസ്വീകരണവും വിശ്വാസവും ആത്യന്തികമായി നമുക്കു നല്കുന്നതും സന്തോഷമാണെന്നുള്ളത് ശ്രദ്ധിക്കപ്പെടേണ്ടതാണ് (യോഹ 15:11; 1 യോഹ. 1:4).

പീലിപ്പോസിന്റെ സുവിശേഷപ്രഘോഷണമാണ് വിശ്വാസത്തിലേക്കും മാമ്മോദീസായിലേക്കും സമറിയാ പട്ടണനിവാസികളെ നയിച്ചത്. ദൈവരാജ്യത്തെക്കുറിച്ചും ഈശോമിശിഹായുടെ നാമത്തെക്കുറിച്ചുമാണ് പീലിപ്പോസ് പ്രസംഗിച്ചത്. ഈശോ പ്രസംഗിച്ചതും ഈ സുവിശേഷം തന്നെയായിരുന്നല്ലോ (മർക്കോ. 1:14-15). പുരോഹിതൻ ഇന്നും സഭയിൽ നടത്തേണ്ട സുവിശേഷപ്രഘോഷണവും ഇതുതന്നെയാണ്. ദൈവത്തിന്റെ സ്നേഹത്തിന്റെ ഭരണത്തിൽ വിശ്വസിക്കുവാനും ആ ഭരണത്തിൻകീഴിലേക്ക് ജീവിതംകൊണ്ടു തിരിയുവാനുമുള്ള ആഹ്വാനമാണ് സുവിശേഷപ്രഘോഷണത്തിന്റെ അന്തഃസത്ത. അതുപോലെതന്നെ ജനക്കൂട്ടം പീലിപ്പോസിന്റെ വാക്കുകൾ കേൾക്കുകയും അവൻ പ്രവർത്തിച്ച അടയാളങ്ങൾ കാണുകയും ചെയ്തു എന്നാണ് പറയുന്നത് (8:6). കേൾവിയിലൂടെ വിശ്വാസത്തിലേക്കു വന്ന് അത്ഭുതങ്ങളെ ദൈവസ്നേഹത്തിന്റെ അടയാളങ്ങളായി തിരിച്ചറിയുന്ന സമീപനമാണ് ജനങ്ങളുടെ ഭാഗത്തുനിന്നുണ്ടാവേണ്ടത്. ഇന്നു പലപ്പോഴും മറിച്ചാണ് സംഭവിക്കുന്നത്. അത്ഭുതങ്ങൾ കണ്ട് വിശ്വസിക്കുന്ന ശൈലി. അത് ഈശോ അംഗീകരിക്കുന്നില്ല (യോഹ. 2:23-25). സുവിശേഷപ്രഘോഷണത്തോടുള്ള ശരിയായ സമീപനം ജനങ്ങളിൽ ഉളവാക്കി സുവിശേഷപ്രഘോഷണം നടത്തുവാൻ പുരോഹിതൻ ശ്രദ്ധിക്കണം.

## 3. കൂദാശാജീവിതത്തിലൂടെ അരൂപിയിൽ വളരുന്ന സമൂഹം

*''സമറിയാക്കാർ ദൈവവചനം സ്വീകരിച്ചുവെന്നു കേട്ടപ്പോൾ ജറുസലേമിലുള്ള ശ്ലീഹന്മാർ പത്രോസിനെയും യോഹന്നാനെയും അവരുടെയടുത്തേക്ക് അയച്ചു. അവർ ചെന്ന് അവിടെയുള്ളവർ പരിശുദ്ധാത്മാവിനെ സ്വീകരിക്കേണ്ടതിന് അവർക്കുവേണ്ടി പ്രാർത്ഥിച്ചു. കാരണം, അതുവരെ പരിശുദ്ധാത്മാവ് അവരിലാരുടെയുംമേൽ വന്നിരുന്നില്ല. അവർ കർത്താവായ ഈശോയുടെ നാമത്തിൽ മാമ്മോദീസാ സ്വീകരിക്കുക മാത്രമേ ചെയ്തിരുന്നുള്ളു. പിന്നീട്, അവരുടെമേൽ അവർ കൈകൾ വച്ചു; അവർ പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയും ചെയ്തു'' (8:14-17).*

സുവിശേഷപ്രചാരണംമൂലം വിശ്വാസികളുടെ സമൂഹങ്ങൾ നിലവിൽവന്ന സ്ഥലങ്ങൾ ശ്ലീഹന്മാർ നേരിട്ടോ പ്രതിനിധികൾ വഴിയോ സന്ദർശിച്ച് സഭയ്ക്ക് പൂർണ്ണതയും ഉറപ്പും വരുത്തുന്ന പതിവ് ഇവിടെ ആരംഭിക്കുന്നു എന്നു പറയാം. ഇതുപോലെയൊന്ന് അന്ത്യോക്യായിലെ സഭയിൽ നടന്നതായി ശ്ലീഹ 11:22 ൽ

സൂചിപ്പിക്കുന്നുണ്ട്. സമറിയായിൽ സുവിശേഷപ്രഘോഷണത്തിലൂടെ സഭ രൂപം കൊണ്ട വിവരം അറിഞ്ഞപ്പോൾ ജറുസലേമിലെ സഭ പത്രോസിനെയും യോഹന്നാനെയും അവിടേക്കു നിയോഗിക്കുന്നു. അവർ അവിടെച്ചെന്ന് പരിശുദ്ധാത്മാവിനെ നല്കുന്ന കൈവയ്പു ശുശ്രൂഷ നടത്തുന്നു. കത്തോലിക്കാ സഭാപാരമ്പര്യത്തിൽ 'തൈലാഭിഷേക' അഥവാ 'സ്ഥൈര്യലേപന' കൂദാശയുടെ ബൈബിൾ അടിസ്ഥാനം ഇവിടെയാണ്. അതുകൊണ്ട് മാമ്മോദീസായിൽ പരിശുദ്ധാത്മാവ് നല്കപ്പെടുന്നില്ല എന്ന സൂചനയില്ല. വരദാനങ്ങളിലൂടെയുള്ള പരിശുദ്ധാത്മാവിന്റെ വരവിന്റെ അടയാളങ്ങൾ ഉണ്ടായില്ല എന്നുമാത്രം. പരിശുദ്ധാത്മാവിലുള്ള ജനനം മാമ്മോദീസായിൽത്തന്നെ നടക്കുന്നുണ്ട് (ശ്ലീഹ 2:38-39; യോഹ. 3:5). എന്നാൽ പരിശുദ്ധാത്മാവിന്റെ ദാനങ്ങളും ഫലങ്ങളും അതിന്റെ പൂർണതയിൽ സ്വീകരിച്ച് ക്രിസ്തീയജീവിതത്തിൽ ഉറപ്പിക്കപ്പെടുന്നത് 'പൂർണതയുടെ കൂദാശ' എന്ന് സുറിയാനിപാരമ്പര്യത്തിൽ അറിയപ്പെടുന്ന തൈലാഭിഷേക കൂദാശയിലൂടെയാണ്.

ശ്ലീഹന്മാരുടെ കൈവയ്പുവഴി പരിശുദ്ധാത്മാവ് നല്കപ്പെട്ടതുകണ്ടപ്പോൾ ശിമയോൻ അവർക്കു പണം നല്കിക്കൊണ്ട് ഈ ശക്തി അയാൾക്കു നല്കുവാൻ ആവശ്യപ്പെട്ടു (8:18-19) എന്നതിന്റെ വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ ഈ കൈവയ്പിലൂടെ നല്കപ്പെടുന്ന അരൂപിയെ വരദാനങ്ങളുടെ തലത്തിലും മനസ്സിലാക്കാം. അയാൾ മാന്ത്രികനായിരുന്നതുകൊണ്ട് അരൂപിയെ അസാധാരണത്വത്തിൽ കണ്ടതുകൊണ്ടായിരിക്കാം അപ്രകാരം ചോദിക്കുവാനിടയായത്. അപ്രകാരം അരൂപിയെ മനസ്സിലാക്കുന്നത് തെറ്റാണെന്ന് പത്രോസിന്റെ വാക്കുകളിൽ വ്യക്തമാണ് (8:20-23). വരദാനങ്ങളിലുള്ള വളർച്ചയായി അരൂപിയിലുള്ള വളർച്ചയെ തെറ്റിദ്ധരിക്കുന്ന സാഹചര്യം ഇന്ന് സഭാസമൂഹത്തിലുണ്ട്. അത് ശരിയായ അരൂപിയിലുള്ള ജീവിതത്തിനും വളർച്ചയ്ക്കും തടസ്സം സൃഷ്ടിക്കും. അരൂപിയിലുള്ള വളർച്ച വരദാനങ്ങളെക്കാളുപരി വിശുദ്ധിയിലുള്ള വളർച്ചയാണ്: അതായത്, അരൂപിയുടെ ദാനങ്ങളിലും ഫലങ്ങളിലുമുള്ള വളർച്ച. ഇത് കൂദാശാജീവിതത്തിലൂടെയുമാണ് ഉണ്ടാകേണ്ടത്. കൂദാശകളുടെ കൂദാശയായ പരിശുദ്ധ കുർബാനാനുഭവത്തിലൂടെയും മറ്റു കൂദാശകളിലൂടെയും വിശുദ്ധിയിൽ വളർന്നുകൊണ്ടാണ് അരൂപിയിലുള്ള ശരിയായ വളർച്ചയുണ്ടാകേണ്ടത്. ആ വിധത്തിൽ സഭാസമൂഹത്തെ ബോധവൽക്കരിക്കുവാൻ പുരോഹിതനു കഴിയണം.

## 4. ശ്ലൈഹികാധികാരികതയോടെ വചനം സ്വീകരിക്കുന്ന സമൂഹം

*''രഥത്തിലിരുന്ന് അവൻ ഏശയ്യായുടെ പ്രവചനം വായിച്ചുകൊണ്ടിരുന്നു. ആത്മാവ് പീലിപ്പോസിനോടു പറഞ്ഞു: ആ രഥത്തെ സമീപിച്ച്, അതിനോടു ചേർന്നു നടക്കുക. പീലിപ്പോസ് അവന്റെയടുക്കൽ ഓടിയെത്തി. അവൻ ഏശയ്യായുടെ പ്രവചനം വായിക്കുന്നതുകേട്ട്, ചോദിച്ചു: വായിക്കുന്നതു നിനക്കു മനസ്സിലാകുന്നുണ്ടോ? അവൻ പ്രതിവചിച്ചു: ആരെങ്കിലും വ്യാഖ്യാനിച്ചുതരാതെ എങ്ങനെയാണു ഞാൻ മനസ്സിലാക്കുക? രഥത്തിൽക്കയറി തന്നോടുകൂടെയിരിക്കാൻ പീലിപ്പോസിനോട് അവൻ അപേക്ഷിച്ചു'' (8:28-31).*

'കർത്താവിന്റെ ദൂതൻ' ജറുസലേമിൽനിന്നു ഗാസായിലേക്കുള്ള പാതയിൽ എത്താനും, 'കർത്താവിന്റെ അരൂപി' ഷണ്ഡൻ യാത്ര ചെയ്തിരുന്ന രഥത്തോടു ചേർന്നു നടക്കാനും പീലിപ്പോസിനോട് ആവശ്യപ്പെടുന്നു (8:26-29). അതിൻ പ്രകാരം ചെയ്തപ്പോൾ ഏശയ്യായുടെ പ്രവചനം വായിച്ചുകൊണ്ടിരുന്ന

ഷണ്ഡൻ ആവശ്യപ്പെട്ടതനുസരിച്ച് പീലിപ്പോസ് രഥത്തിൽ കയറിയിരുന്ന് അതു വ്യാഖ്യാനിച്ചുകൊടുക്കുകയും അതിനൊടുവിൽ അയാൾ വെള്ളം കണ്ടിടത്തുവച്ച് സ്നാനം സ്വീകരിക്കുകയും ചെയ്യുന്നു (8:26-38). 'കർത്താവിന്റെ ദൂതൻ', 'അരൂപി' എന്ന രണ്ടു പ്രയോഗങ്ങളുടെയും അർത്ഥം ഒന്നുതന്നെയാണ്. ദൈവാരൂപിയാൽ നയിക്കപ്പെട്ടാണ് പീലിപ്പോസ് ഷണ്ഡന് വചനം വ്യാഖ്യാനിച്ചുകൊടുത്തതും അയാൾക്കു സ്നാനം നല്കിയതും. ബൈബിൾ ദൈവനിവേശിതമാണ്. അത് വായിക്കേണ്ടതും വ്യാഖ്യാനിക്കേണ്ടതും സ്വീകരിക്കേണ്ടതും അരൂപിയാൽ നയിക്കപ്പെട്ടുതന്നെയാണ്. അപ്രകാരം വചനം സ്വീകരിച്ച് സ്നാനം സ്വീകരിച്ചവരുടെ സമൂഹമാണ് സഭ.

ഈ വചനസ്വീകരണം നിരന്തരമായി നടക്കുന്നതും നടക്കേണ്ടതുമായ ഒരു സമൂഹമാണ് സഭ എന്ന് നടപടിഗ്രന്ഥത്തിൽ എടുത്തുപറയുന്നു: ''അവർ ശ്ലീഹന്മാരുടെ പ്രബോധനം എന്നിവയിൽ സദാ താല്പര്യപൂർവം പങ്കുചേർന്നു'' (ശ്ലീഹ 2:42). വചനപഠനവും സ്വീകരണവും അരൂപിയാൽ നയിക്കപ്പെട്ടായിരിക്കണം എന്നതിന്റെ സൂചനയാണ്, അത് ശ്ലൈഹികപ്രബോധനത്തിന്റെ അടിസ്ഥാനത്തിലാണെന്നുള്ളത്. പന്ത്രണ്ടു ശ്ലീഹന്മാരാണല്ലോ അരൂപിയിൽ രൂപംകൊണ്ട സഭാസമൂഹത്തിന്റെ അടിസ്ഥാനം (എഫേ 2,20). അതുകൊണ്ട് ശ്ലൈഹികാധികാരികതയോടെയായിരിക്കണം വചനപഠനവും സ്വീകരണവും നടക്കേണ്ടത്. ശ്ലൈഹികശുശ്രൂഷയിൽ പങ്കുചേർന്ന പീലിപ്പോസിനെ ഷണ്ഡന്റെ വചനപഠനത്തിനും സ്വീകരണത്തിനുമായി അരൂപി പറഞ്ഞയച്ചത് ഇതിന്റെ സൂചനയായി കരുതാം. അതുകൊണ്ട് പുരോഹിതൻ ശ്ലൈഹികപാരമ്പര്യത്തിന്റെ ആധികാരികതയോടെ വചനം പഠിക്കുന്നവനും പഠിപ്പിക്കുന്നവനുമായിരിക്കണം. അത് സാദ്ധ്യമാകണമെങ്കിൽ പുരോഹിതൻ സഭയുടെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ പ്രാർത്ഥനാപൂർവം വചനം പഠിക്കുന്നവനും ധ്യാനിക്കുന്നവനും സഭയിൽ വചനശുശ്രൂഷ നിർവഹിക്കുന്നവനുമായിരിക്കണം.

## 5. മാമ്മോദീസാ സ്വീകരിച്ച വിശ്വാസികളുടെ സമൂഹം

*''അവർ പോകുമ്പോൾ ഒരു ജലാശയത്തിങ്കലെത്തി. അപ്പോൾ ഷണ്ഡൻ പറഞ്ഞു: ഇതാ വെള്ളം; എന്നെ ജ്ഞാനസ്നാനപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ? രഥം നിർത്താൻ അവൻ ആജ്ഞാപിച്ചു. അവർ ഇരുവരും വെള്ളത്തിലിറങ്ങി. പീലിപ്പോസ് ഷണ്ഡന് സ്നാനം നല്കി'' (8:36-38).*

എത്യോപ്യൻ ഷണ്ഡൻ ചോദിച്ചത്, അയാൾ വായിച്ചുകൊണ്ടിരുന്ന ഏശ 53:7 മുതലുള്ള ഭാഗം ആരെക്കുറിച്ചാണെന്നാണ്. അത് സഹനദാസനായ ഈശോയെക്കുറിച്ചാണെന്നു വ്യാഖ്യാനിച്ചു കൊടുത്തുകൊണ്ടാണ് പീലിപ്പോസ് അയാളോട് സുവിശേഷം പ്രഘോഷിച്ചത്. പ്രവാചകൻ പറയുന്നതുപോലെ, മനുഷ്യരുടെ പാപങ്ങൾ ക്ഷമിക്കുകയും അകൃത്യങ്ങളെ ചുമക്കുകയും അനർഹമായവിധം പീഢയും മരണവും അനുഭവിക്കുകയും ചെയ്തതുവഴി ഈശോയിലൂടെ സർവമനുഷ്യർക്കും പാപമോചനവും രക്ഷയും പ്രാപിക്കാമെന്നും, അവിടുന്ന് അപ്രകാരം സകലർക്കും ജീവന്റെ മാർഗ്ഗം തുറന്നുവെന്നും പറഞ്ഞുകൊണ്ടുള്ള പീലിപ്പോസിന്റെ പ്രഘോഷണം ഷണ്ഡന്റെ ഹൃദയത്തെ സ്പർശിച്ചു. ഈശോയുടെ സുവിശേഷം സ്വീകരിച്ച് മാമ്മോദീസാ സ്വീകരിക്കുവാൻ അയാൾ തയ്യാറായി. പോകുംവഴി വെള്ളം കണ്ട സ്ഥലത്തു രഥം നിർത്തി പീലിപ്പോസ് അയാൾക്ക് മാമ്മോദീസാ നല്കുകയും ചെയ്തു.

ഷണ്ഡൻ പീലിപ്പോസിനോട്, തന്നെ മാമ്മോദീസാ മുക്കുവാൻ എന്തെങ്കിലും തടസ്സമുണ്ടോ എന്നു ചോദിച്ചപ്പോൾ, ''പീലിപ്പോസ് പറഞ്ഞു: നീ പൂർണ ഹൃദയത്തോടെ വിശ്വസിക്കുന്നെങ്കിൽ നിനക്കു സ്വീകരിക്കാം. അപ്പോൾ അവൻ പ്രതിവചിച്ചു: ഈശോമിശിഹാ ദൈവപുത്രനാണെന്ന് ഞാൻ വിശ്വസിക്കുന്നു'' എന്ന് ചില കയ്യെഴുത്തുപ്രതികളിൽ 37-ാം വാക്യമായി കാണുന്നുണ്ട്. മാമ്മോദീസായുടെ സന്ദർഭത്തിൽ സഭയുടെ വിശ്വാസം ഏറ്റുപറയുന്ന പതിവ് ആരംഭം മുതലേ ഉണ്ടായിരുന്നു എന്നതിന്റെ സൂചനയായി ഇതിനെ കരുതാവുന്നതാണ്. ''ഈശോ കർത്താവാണ് എന്നത് സഭയുടെ ആദിമവിശ്വാസപ്രമാണമായിരുന്നു (1 കൊറി. 12:3). യഹൂദപാരമ്പര്യത്തിൽ സമൂഹത്തിലെ അംഗത്വത്തിന് ഷണ്ഡത്വം തടസ്സമായിരുന്നെങ്കിൽ (നിയ. 23:2) ക്രിസ്തീയപാരമ്പര്യത്തിൽ വിശ്വാസമുള്ളവർക്ക് മറ്റൊന്നും പ്രതിബന്ധമല്ല. ക്രൈസ്തവജീവിതത്തിന്റെ അന്തഃസത്ത വിശ്വാസജീവിതമാണ്. മാമ്മോദീസായിൽ സഭയുടെ വിശ്വാസത്തിലേക്കാണ് ഒരു വ്യക്തി പ്രവേശിക്കുന്നത്. അതുകൊണ്ട് സഭയുടെ വിശ്വാസ പരിശീലനം തന്റെ ശുശ്രൂഷയുടെ അടിസ്ഥാനസ്വഭാവമായി പുരോഹിതൻ കരുതണം.

## ജീവിതസൂചിക

1. അരൂപിയിൽ ശക്തിപ്രാപിച്ച് സഹനങ്ങളിലൂടെ വളരുന്ന ഒരു സമൂഹമായി സഭാതനയരെ പരിശീലിപ്പിക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
2. മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിച്ചും ദൈവം നല്കുന്ന അടയാളങ്ങൾ തിരിച്ചറിഞ്ഞും ജീവിക്കുവാൻ ഞാൻ ജനങ്ങളെ പരിശീലിപ്പിക്കുന്നുണ്ടോ?
3. കൂദാശാജീവിതത്തിലൂടെ അരൂപിയിൽ വളരുന്ന സമൂഹമായി സഭയെ കെട്ടിപ്പടുക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
4. ശ്ലൈഹികപാരമ്പര്യത്തിന്റെ ആധികാരികതയോടെ വിശുദ്ധഗ്രന്ഥം പഠിക്കുവാനും പഠിപ്പിക്കുവാനും ഞാൻ ശ്രമിക്കുന്നുണ്ടോ?
5. മാമ്മോദീസായും വിശ്വാസജീവിതവും തമ്മിലുള്ള ബന്ധം ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?

## Convention for Priests

The One Day Convention for priests, arranged to be held at Mar Sleeva Malpanate at the Spirituality Centre, Manganam, is postponed to 24th September 2018. The theme of discussion is the Apostolic Exhortation of Pope Francis ***Gaudete et Exultate*** (Rejoice and be Glad), on "Universal Call to Holiness". The convention is organized by the members of the Secular Institute of Apostolic Sodales. It will begin at 10:00 a.m. and come to a close at 4:00 p.m. All priests are cordially invited to participate.

**Fr Mathew Vellanickal**



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

**മാർ ജോസഫ് പെരുന്തോട്ടം**

**2018 ജൂലൈ 26 – ആഗസ്റ്റ് 25**

26 രാവിലെ കത്തീഡ്രൽ പള്ളിയിൽ വിവാഹം ആശീർവദിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ സംഘടിപ്പിച്ച പി.ആർ.-ജാഗ്രതാസമിതി മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിച്ചു.

27 ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

28 ഹൈദരാബാദിലേയ്ക്കു യാത്ര തിരിച്ചു. ഉച്ചകഴിഞ്ഞ് ഹൈദരാബാദിൽ ഇലഞ്ഞിപ്പറമ്പിൽ ബഹു. ആൻസിലോ അച്ചൻ നേതൃത്വം നൽകുന്ന സെന്റ് മേരീസ് ബോവൻപള്ളി സന്ദർശിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ മനസ്സിലാക്കി.

29 രാവിലെ ഷംഷാബാദ് രൂപതാ കത്തീഡ്രൽ, കുക്കട് പള്ളിയിലെ അൽഫോൻസാ ഇടവക ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. കത്തീഡ്രൽ ഇടവകയിൽ പുതുതായി രൂപീകരിച്ച മീഡയാ റൂമിന്റെയും യുവജനങ്ങൾക്കായുള്ള Talent Board-ന്റെയും ഉദ്ഘാടനം നിർവ്വഹിച്ചു.

30 അതിരൂപതയിലെ വൈദികർക്കായി കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടത്തിയ ധ്യാനത്തിൽ പങ്കെടുത്ത വൈദികരുമായി സംസാരിക്കുന്നതിന് സമയം ചിലവഴിച്ചു.

വൈകുന്നേരം കാഞ്ഞിരപ്പള്ളി അമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ മെത്രാന്മാരുടെ റീജണൽ കോൺഫറൻസിൽ സംബന്ധിച്ചു.

31 രാവിലെ പാറേൽ തിരുഹൃദയ മഠത്തിൽ, സിസ്റ്റർ പെറ്റിറ്റ് ട്രീസാ എസ്. എച്ചിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് കുന്നന്താനത്ത് ധ്യാത്തിൽ പങ്കെടുക്കുന്ന വൈദീകരുമായി സംസാരിക്കുന്നതിന് സമയം ചിലവഴിച്ചു.

**2018 ആഗസ്റ്റ്**

1 രാവിലെ ചങ്ങനാശ്ശേരി കർമ്മല മഠത്തിൽ സി. റജീന പീടിയേക്കൽ സി.എം. സിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. നൂഴായിത്തടം ബഹു. ജോർജ്ജച്ചന്റെ തിരുവചന സന്ദേശങ്ങളുടെ 100-ാമത് എപ്പിസോഡിന് ആമുഖം നൽകി. ഉച്ചകഴിഞ്ഞ് കോട്ടയം ഖാദി ഷോറൂമിൽ ഓണം-ബക്രീദ് മേളയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. വൈകുന്നേരം പുന്നത്തറ-വെള്ളാപ്പള്ളി ഇടവക ചുണ്ടൻ മലയിൽ റോസമ്മ ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

2 രാവിലെ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ, വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. അന്നേദിവസം മുഴുവൻ അവിടെത്തന്നെ ചിലവഴിച്ചു.

3 ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ ഇന്റർ ഡിപ്പാർട്ടുമെന്റൽ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിച്ചു.

4 രാവിലെ എടത്വാ ഫൊറോനപള്ളി ഇടവക കാട്ടാമ്പള്ളി ബഹു. ജിമ്മി സി.എം.ഐ. അച്ചന്റെ പിതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ചങ്ങംങ്കരി വടക്കേറ്റം ബഹു. ഫ്രാൻസിസ് അച്ചന്റെ പിതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

തുടർന്ന് CML-ന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെട്ട കുടമാളൂർ തീർത്ഥാടനത്തോടനുബന്ധിച്ചു അൽഫോൻസാ ജന്മഗൃഹത്തിൽ വി. കുർബാനമദ്ധ്യേ വചനസന്ദേശം നൽകി. കുടമാളൂർ അഭയഭവൻ സന്ദർശിച്ച് അന്തേവാസികളുമായി സംസാരിച്ചു. ഉച്ചകഴിഞ്ഞ് അതിരമ്പുഴയിൽ മദർ ഷന്താൾ എസ്.എ.ബി .എസ്.ന്റെ നാമകരണനടപടികൾ ഉദ്ഘാടനം ചെയ്തു. ദൗത്യനിർവ്വഹകരുടെ സത്യപ്രതിജ്ഞ നടപടികൾക്ക് സാക്ഷ്യം വഹിച്ചു. വൈകുന്നേരം ചീരൻചിറയിലെ ജീവകാരുണ്യ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം പ്രീസ്റ്റ് ഹോമിൽ മുതിർന്ന വൈദികരുമൊത്ത് അത്താഴത്തിൽ പങ്കുചേർന്നു.

5 കുടമാളൂർ ഫൊറോനയിലെ കുമരകം ചീപ്പുങ്കൽ സെന്റ് ആന്റണീസ് പള്ളിയിൽ അജപാലന സന്ദർശനം നടത്തി.

6 രാവിലെ, അതിരൂപതാ കേന്ദ്രത്തിൽ ലിറ്റർജിക്കൽ കമ്മിറ്റി മീറ്റിങ്ങിൽ സംബന്ധിച്ച് അദ്ധ്യക്ഷത വഹിച്ചു. ചെത്തിപ്പുഴ തിരുഹൃദയ ഇടവകയിൽ വിവാഹ ജൂബിലിയോടനുബന്ധിച്ചു നടന്ന വി. കുർബാന മദ്ധ്യേ സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് വെള്ളപ്പൊക്കത്തെ സംബന്ധിച്ച് കുട്ടനാട് മേഖലയിലെ ബഹു. വൈദികരുടെ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു.

7 രാവിലെ വൈദികരുടെ വാർഷിക ധ്യാനത്തോടനുബന്ധിച്ച് (ബാച്ച് -2) കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് ഉച്ചവരെ ധ്യാനകേന്ദ്രത്തിൽ ചിലവഴിച്ചു. ഉച്ചകഴിഞ്ഞ് കാക്കനാട് KCBC ധ്യാനത്തിൽ പങ്കെടുക്കുവാൻ യാത്രയായി.

8-10 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ KCBC-ലെ പിതാക്കന്മാരുടെ ധ്യാനത്തിൽ പങ്കെടുത്തു.

11 സി. മരിയ വടക്കേറ്റം എസ്.എച്ച്.ന്റെ ജൂബിലിയോടനുബന്ധിച്ച് കോതനല്ലൂർ പള്ളിയിൽ നടന്ന വി. കുർബാനമദ്ധ്യേ സന്ദേശം നൽകി.

ഉച്ചകഴിഞ്ഞ് വെരൂർ സെന്റ് ജോസഫ് പള്ളിയിൽ അജപാലന സന്ദർശനത്തിന്റെ ഭാഗമായി, ദൈവാലയത്തിൽ എത്തിയ രോഗികൾക്കായി സന്ദേശം നൽകി അവർക്ക് ശ്ളൈഹിക ആശീർവാദം കൊടുത്തു. അൾത്താരബാലകരുടെ സമ്മേളനത്തിൽ അവരുമായി സംസാരിച്ചു. തുടർന്ന് ഇടവകയിലെ 16-ഭവനങ്ങളിൽ കിടപ്പുരോഗികളായവരുടെ ഭവനങ്ങൾ സന്ദർശിച്ച് അവരെ ആശ്വസിപ്പിച്ചു.

12 വെരൂർ സെന്റ് ജോസഫ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

വൈകുന്നനേരം വെരൂർ ഇടവകയിൽ കൊച്ചുമലയിൽ ശ്രീ. മാത്യു കെ. സെബാസ്റ്റ്യന്റെ ആത്മശാന്തിക്കായി ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

13 പൊങ്ങ ഇടവകയിൽ ചെമ്മങ്ങനാട് ജോളിയുടെയും സിജിയുടെയും മൃത സംസ്കാര കർമ്മത്തിൽ ഭവനത്തിലെ ശുശ്രൂഷകൾക്ക് കാർമ്മികത്വംവഹി ച്ചു. തുടർന്ന്, പാലാ ഭരണങ്ങാനത്തു നടന്ന ഇന്റർ എപ്പാർക്കിയൽ സമ്മേ ളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം എസ്.ബി. കോളേജിൽ ബർക്കു മാൻസ് ദിനത്തോടനുബന്ധിച്ച് നടത്തിയ ഉപകാരികളുടെ സംഗമത്തിൽ (Benefactors Gathering) പങ്കെടുത്ത് സന്ദേശം നൽകി. തുടർന്ന് പാറേൽ ഇടവകയിൽ ഒളശ്ശയിൽ കുഞ്ഞുകുഞ്ഞമ്മയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

14 രാവിലെ അതിരൂപതാകേന്ദ്രത്തിൽ റീജൻസി ബ്രദേഴ്സിന് ക്ലാസ്സെടുത്തു.

ഉച്ചകഴിഞ്ഞ് പച്ച ഇടവകയിൽ ജിനോ-ടിന്റു ദമ്പതികളുടെ ആറാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി. വൈകുന്നേരം നിരണം സെമിനാരി യിൽ 4-ാം വർഷ വൈദിക വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു.

15 രാവിലെ കത്തീഡ്രൽ പള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം ന ൽകി തുടർന്ന് പുതുതായി നിർമ്മിച്ച പാരീഷ്ഹാളിന്റെ വെഞ്ചരിപ്പ്കർമ്മം നിർവ്വഹിച്ചു. കൊടിനാട്ടുംകുന്ന് ഇടവകയിൽ അമ്പാട്ടു കുടുംബത്തിലെ ചര മവാർഷികാചരണത്തോടനുബന്ധിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വടക്കേ ക്കര ഇടവകയിൽ വീട് വെഞ്ചരിച്ചു. ഉച്ചകഴിഞ്ഞ് ആലപ്പുഴ ഫൊറോനയിലെ ചാരമംഗലം ലൂർദ്ദ് മാതാ ഇടവകയിൽ നവീകരിച്ച മദ്ബഹ പുനർകൂദാശ ചെയ്തു. വൈകുന്നേരം ആലപ്പുഴ പുന്നമട ഇടവകയിൽ ജൂബിലിയോടനു ബന്ധിച്ച് ഇടവകദിനാചരണം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി.

16 രാവിലെ മുതൽ ദിവസം മുഴുവൻ അതിരൂപതാ കേന്ദ്രത്തിൽ ഫിനാൻസ് കൗൺസിൽ സമ്മേളനത്തിൽ പങ്കെടുത്തു, വിവിധ ഡിപ്പാർട്ടുമെന്റ് തലവ ന്മാർ അവരവരുടെ വകുപ്പുകളുടെ കണക്കവതരിപ്പിച്ചു.

17 വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ അവശ്യക്രമീകരണങ്ങൾ നിർവ്വഹിച്ചശേഷം, ദുരിതാശ്വാസ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന എസ്ബി ഹൈസ്ക്കൂൾ, പാറേൽ- ജെ.എം.എൽ.പി.എസ്., പാറേൽ-സേവാനികേതൻ, കടമാൻചിറ കമ്മ്യൂണിറ്റി ഹാൾ, ചീരൻചിറ സെന്റ് ജോർജ് പാരീഷ് ഹാൾ, ആനന്ദാശ്രമം എന്നീ സ്ഥലങ്ങളിൽ അഭയം പ്രാപിച്ചിരിക്കുന്ന പ്രളയബാ ധിതരെ സന്ദർശിച്ചശേഷം, ചങ്ങനാശ്ശേരി ബോട്ടുജെട്ടിയിലെത്തി സ്ഥിതി ഗതികൾ നേരിട്ട് മനസ്സിലാക്കി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും പോലീസിന്റെ സഹായം അഭ്യർത്ഥിക്കുകയും ചെയ്തു. ജെട്ടിയിലെ സെന്റ് ജെയിംസ് സ്കൂൾ സന്ദർശിച്ച് അഭയാർത്ഥികളെ ആശ്വസിപ്പിച്ചു.

18 രാവിലെ ബോട്ടുജെട്ടിയിലെത്തി പ്രളയബാധിത അവസ്ഥ മനസ്സിലാക്കു കയും രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്നവർക്ക് ആവശ്യ മായ നിർദേശങ്ങൾ നൽകുകയും ചെയ്തു. തുടർന്ന് എ.സി. റോഡിലൂടെ ടോറസ്സു ലോറിയിൽ പ്രളയബാധിതർ വന്നിറങ്ങുന്ന സ്ഥലം സന്ദർശിച്ച് ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകുന്ന സോണി പാലത്രയുമായി സംസാ രിച്ച് നിജസ്ഥിതി മനസ്സിലാക്കുകയും, ആവശ്യമായ പിന്തുണ നൽകുകയും ചെയ്തു. ഉച്ചകഴിഞ്ഞ് നെടുങ്കുന്നം ഫൊറോനാപള്ളിയിൽ മാത്യു-എലി സബത്ത് ദമ്പതികളുടെ 5-ാമത്തെ ശിശുവിന് പ്രാരംഭകൂദാശകൾ നൽകി.

തുടർന്ന് ചങ്ങനാശ്ശേരി ഫാത്തിമാപുരത്തുള്ള എസ്എച്ച് സ്ക്കൂൾ, ബി.ടി. കെ. സ്കൂൾ എന്നിവിടങ്ങളിലുള്ള ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ച് ജനത്തെ ആശ്വസിപ്പിച്ചു.

19 രാവിലെ തൃക്കൊടിത്താനം ഫൊറോനയിലെ ചാഞ്ഞോടി ഇടവകയിൽ രാവിലെ വിശുദ്ധ കുർബാനയർപ്പിച്ചു. സന്ദേശം നൽകി. പ്രഭാതാഭക്ഷണത്തിനുശേഷം കിളിമല എസ്എച്ച് സ്കൂൾ, നാലുകോടി സെന്റ് തോമസ് ഹാൾ, സി.എം.സി. സ്കൂൾ, ഗവ. സ്കൂൾ എന്നീ സ്ഥലങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ച് പ്രളയബാധിത പ്രദേശത്തെ ജനത്തെ ആശ്വസിപ്പിച്ചു. തൃക്കൊടിത്താനം പാരീഷ് ഹാളിൽ പുതിയതായി ആരംഭിച്ച ദുരിതാശ്വാസ ക്യാമ്പിൽ എത്തിയവരെ സ്വീകരിച്ചു. തൃക്കൊടിത്താനം ഇടവകയിൽ മാടക്കാട്ട് ഏലിയാമ്മ മാത്യു മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് മനയ്ക്കച്ചിറ, ചങ്ങനാശ്ശേരി ബോട്ടുജെട്ടി എന്നീ സ്ഥലങ്ങളിലൂടെ പ്രളയബാധിത പ്രദേശത്തെ ജനങ്ങൾ ചങ്ങനാശ്ശേരിയിലേക്കു എത്തുന്നത് നേരിൽ കണ്ട്, ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തി. തുടർന്ന് ചങ്ങനാശ്ശേരി സെന്റ് ജോസഫ് സ്കൂൾ, എസ്.ബി. കോളേജ് എന്നീ സ്ഥലങ്ങളിലെ ക്യാമ്പ് സന്ദർശിക്കുകയും സ്ഥിതിഗതികൾ മനസ്സിലാക്കുകയും ചെയ്തു. വൈകുന്നേരം ചങ്ങനാശ്ശേരി ക്ലൂണി സ്കൂൾ, സെന്റ് ആൻസ് സ്കൂൾ, ചെത്തിപ്പുഴ ക്രിസ്തു ജ്യോതി, പ്ലാസിഡ് വിദ്യാവിഹാർ എന്നീ സ്ഥലങ്ങളിലെ ദുരിതാശ്വാസക്യാമ്പുകൾ സന്ദർശിച്ചു.

20 രാവിലെ കുറുമ്പനാടം സെന്റ് ആന്റണീസ് എൽ.പി.സ്കൂൾ സെന്റ് പീറ്റേഴ്സ് എച്ച്.എസ്. മാടപ്പള്ളി ചെറുപുഷ്പ ദൈവാലയ ഹാൾ, പായിപ്പാട് ലൂർദ്ദ് മാതാ മതബോധനകേന്ദ്രം, മുണ്ടുപാലം ഇടവക ഹാൾ, ഗുഡ് ഷെപ്പേർഡ് സ്കൂൾ എന്നീ സ്ഥലങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ മേജർ സുപ്പീരിയേഴ്സിന്റെ സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം മേർക്കുളങ്ങര എ.കെ.എം. സ്കൂൾ, വാഴപ്പള്ളി സെന്റ് തെരേസാസ് സ്ക്കൂൾ, തുരുത്തി കാന, തുരുത്തി സെന്റ് മേരീസ് യു.പി.സ്കൂൾ എന്നീ സ്ഥലങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ അംഗങ്ങളായിരിക്കുന്നവരെ കണ്ട് ക്ഷേമമന്വേഷിച്ചു.

21 രാവിലെ ചെത്തിപ്പുഴ ആശുപത്രിയിൽ പ്രളയബാധിത പ്രദേശങ്ങളിൽ നിന്നും എത്തി ആശുപത്രിയിൽ ചികിത്സതേടിയ രോഗികളെ സന്ദർശിച്ച് ആശ്വസിപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് ചെത്തിപ്പുഴ കാർമ്മൽ മൗണ്ട് ധ്യാനകേന്ദ്രം, പൊളിപ്പാറ ഹോളി ഫാമിലി ഇടവകപ്പള്ളി, ഇത്തിത്താനം മലകുന്നം, എൻഎസ്എസ് സ്കൂൾ, യൂദാപുരം മിഷൻ ആശുപത്രി, യൂദാപുരം ഇടവക ഹാൾ എന്നീ സ്ഥലങ്ങളിൽ ദുരിതാശ്വാസ ക്യാമ്പിൽ ആയിരുന്നവരെ സന്ദർശിച്ച് ആശ്വസിപ്പിച്ചു. വൈകുന്നേരം അതിരൂതാ കേന്ദ്രത്തിൽ സന്ദർശനത്തിനായി എത്തിയ ഭക്ഷ്യ വകുപ്പുമന്ത്രി പി. തിലോത്തമനെ സ്വീകരിച്ചു. വൈകുന്നേരം തുടർന്നുള്ള ദുരിതാശ്വാസ പുനരധിവാസത്തിന്റെ ഭാഗമായി അതിരൂപതാകേന്ദ്രത്തിൽ നടന്ന യോഗത്തിൽ പങ്കെടുത്തു.

22 ഉച്ചകഴിഞ്ഞ് ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജിൽ ചികിത്സയിലായിരിക്കുന്ന പുത്തൻപുരയ്ക്കൽ ബഹു. തോമസ് (അജി) അച്ചനെ സന്ദർശിച്ചു പ്രാർത്ഥിച്ചു. തുടർന്ന് ആലപ്പുഴ പുന്നപ്ര ഗ്രിഗറിയോസ് കോളേജ്, കാർമ്മൽ

പോളിടെക്നിക്ക് എന്നീ സ്ഥാപനങ്ങളിലെ ദുരിതാശ്വാസക്യാമ്പ് സന്ദർശിച്ച് എടത്വാപള്ളിയിൽ ബഹു. വൈദികരെ കണ്ട് ദുരിതാശ്വാസ പ്രവർത്തനങ്ങൾ വിലയിരുത്തി.

23 രാവിലെ കൂരോപ്പട ഇടവകയിൽ വയലിൽ പീടികയിൽ കുര്യാക്കോസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

24 അതിരൂപതാ കേന്ദ്രത്തിലെ സമ്മേളനത്തിനുശേഷം ഉച്ചകഴിഞ്ഞ് അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ് ജോർജ് ആലഞ്ചേരി പിതാവിനൊപ്പം ചങ്ങനാശ്ശേരി എസ്.ബി. ഹൈസ്കൂൾ, പാറേൽ തിരുഹൃദയനിവാസ്, ചെത്തിപ്പുഴ പ്ലാസിഡ് വിദ്യാവിഹാർ, ക്രിസ്തുജ്യോതി സ്കൂൾ എന്നിവിടങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ചു. വൈകുന്നേരം ഇത്തിത്താനം ഇടവകയുടെ നേതൃത്വത്തിൽ വീടുകളിൽ ക്രമീകരിച്ചിരിക്കുന്ന ദുരിതാശ്വാസ ക്യാമ്പിൽ പങ്കെടുക്കുന്നവർക്കായി ഇടവകപ്പള്ളിയിൽവച്ച് വി. കുർബാനയ്ക്കുശേഷം സന്ദേശം നൽകി.

25 ശനിയാഴ്ച രാവിലെ ആലപ്പുഴ പൂന്തോപ്പ് ഇടവകയിൽ വടക്കേവീട്ടിൽ തങ്കമ്മ മാത്യുവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് പൂന്തോപ്പ് ലിയോ XIII$^{th}$ സ്കൂൾ, തത്തംപള്ളി, പഴവങ്ങാടി എന്നീ സ്ഥലങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ച്, പ്രളയബാധിതരെ ആശ്വസിപ്പിച്ചു. തിരുവോണദിനത്തിൽ ചങ്ങനാശ്ശേരി പ്ലാസിഡ് വിദ്യാവിഹാറിലെ ദുരിതാശ്വാസ ക്യാമ്പിൽ ഉച്ചഭക്ഷണം കഴിച്ചു. വൈകുന്നേരം ഓർത്തഡോക്സ് സഭയുടെ ചെങ്ങന്നൂർ ഭദ്രാസനാധിപനായിരുന്ന തോമസ് മാർ അത്തനാസിയോസ് തിരുമേനിയുടെ മൃതദേഹത്തിൽ ഒപ്പീസ് ചൊല്ലി, ആദരാഞ്ജലി അർപ്പിച്ചു. ഏലിയാ-സ്ലീവാ-മൂശെ കാലത്തിന്റെ ആരംഭമായി കത്തീഡ്രൽ പള്ളിയിൽ ആഘോഷമായ സായാഹ്നപ്രാർത്ഥനയ്ക്കു കാർമ്മികത്വം വഹിച്ചു.

## മാർ തോമസ് തറയിൽ

**2018 ജൂലൈ 18**

24–27 വരാപ്പുഴ രൂപതയിലെ വൈദികരുടെ വാർഷികധ്യാനം നയിച്ചു.

29 കണ്ണമൂല സെന്റ് മദർ തെരേസ ഇടവകയുടെ ഇടവകദിനത്തോടനുബന്ധിച്ചു പരി. കുർബാനയർപ്പിച്ചു. ഇടവകദിനാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി.

30 കാഞ്ഞിരപ്പള്ളിയിൽ സംഘടിപ്പിക്കപ്പെട്ട റീജണൽ ബിഷപ്സ് കോൺഫറൻസിൽ സംബന്ധിച്ചു.

**2018 ആഗസ്റ്റ്**

1 ചങ്ങനാശ്ശേരി സെന്റ് ജോസഫ്സ് മഠം ചാപ്പലിൽ സി. റെജീന സി.എം.സി. യുടെ മൃതസംസ്ക്കാര ശുശ്രൂഷകളോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു. സിമിത്തേരിയിലെ കർമ്മങ്ങൾക്കു കാർമ്മികത്വം വഹിച്ചു.

2 കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ അതിരൂപതയിലെ വൈദികരുടെ ധ്യാനത്തിൽ (ഒന്നാം ബാച്ച്) പരി. കുർബാനയർപ്പിച്ചു. കുറിച്ചി മൈനർ സെമിനാരിയിൽ വൈദികാർത്ഥികൾക്കു ക്ലാസെടുത്തു. ഇത്തിത്താനം പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിക്കുന്ന വൈദികരെ സന്ദർശിച്ചു. ചാസിന്റെ ആഭിമുഖ്യത്തിൽ മല്ലപ്പള്ളി ഖാദി സെന്ററിൽ നടത്തിയ 'ഓണം ഖാദിമേള' ഉദ്ഘാടനം ചെയ്തു.

3 നിരണം മാർത്തോമ്മാശ്ലീഹാ തീർത്ഥാടന കേന്ദ്രത്തിൽ പരി. കുർബാനയർപ്പിച്ചു. ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ സി.എസ്.എമ്മിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ധ്യാനത്തിൽ വചനപ്രഘോഷണം നടത്തി.

4 ഇടവക വൈദികരുടെ തിരുന്നാളിൽ ഈര ലൂർദ്ദ് മാതാ ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു. മാന്നാനം കെ.ഇ. കോളേജിൽ അദ്ധ്യാപകർക്കായി സംഘടിപ്പിച്ച വിദ്യാഭ്യാസ സെമിനാറിൽ പ്രഭാഷണം നടത്തി. അതിരൂപതാ മിഷൻലീഗ് നേതൃത്വം നൽകിയ 30-ാമത് അൽഫോൻസാ തീർത്ഥാടനത്തിൽ കുടമാളൂരിലെ അൽഫോൻസാ ജന്മഗൃഹത്തിൽ പരി. കുർബാന മദ്ധ്യേ സന്ദേശം നൽകി. എടത്വാ സെന്റ് ജോർജ് ഇടവക വടക്കേറ്റം ബഹു. ഫ്രാൻസീസ് അച്ചന്റെ പിതാവിൻെറ മൃതസംസ്ക്കാരവേളയിൽ ഭവനത്തിലെ ശുശ്രൂഷകളുടെ കാർമ്മികത്വം വഹിച്ചു. തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോന പള്ളിയിൽ ബഹു. പറമ്പത്തച്ചന്റെ നവതി ആഘോഷങ്ങളിൽ പങ്കുചേർന്ന് ആശംസകൾ നേർന്നു.

5 കൊല്ലം-ആയൂർ ഫൊറോനയിലെ ചെറിയവെളിനല്ലൂർ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

ആയൂർ ക്രിസ്തുരാജ ഫൊറോന പള്ളിയിൽ ഫൊറോന യുവദീപ്തി എസ്.എം.വൈ.എം.-ന്റെ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു.

തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാ ഇടവകയിലെ എ.കെ. സി.സി. അംഗങ്ങളുടെ ഫാമിലി മീറ്റ് ഉദ്ഘാടനം ചെയ്തു.

കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ അതിരൂപതയിലെ വൈദീകരുടെ ധ്യാനത്തിൽ (രണ്ടാം ബാച്ച്) ആമുഖസന്ദേശം നൽകി.

6 ചങ്ങനാശ്ശേരി എസ്.ബി. ഹയർസെക്കണ്ടറി സ്ക്കൂളിലെ നവീകരിച്ച എ.റ്റി. എൽ. ക്ലാസ് റൂം ആശീർവ്വദിച്ചു. അതിരൂപതാ കേന്ദ്രത്തിൽ കുട്ടനാട് മേഖലയിലെ ബഹു. വികാരിമാരുമായി സംസാരിച്ച് വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾ വിലയിരുത്തി. കോട്ടയം എസ്.എച്ച്. മെഡിക്കൽ സെന്ററിൽ പരി. കുർബാനയർപ്പിച്ചു.

7-11 കെ.സി.ബി.സി. ധ്യാനത്തിൽ സംബന്ധിച്ചു.

11 തെള്ളകം സി.എം.സി. ഭോപ്പാൽ പ്രൊവിൻസിന്റെ പുതിയ മഠം ആശീർവ്വദിച്ചു.

12 പൊങ്ങമ്മൂട് സെന്റ് അൽഫോൻസ ഇടവകയിൽ അജപാലന സന്ദർശനം നടത്തി. പൊങ്ങ ഇടവകയിൽ ചെമ്മനാട് ജോളി, സിജി എന്നിവരുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

13 കുറിച്ചി മൈനർസെമിനാരി ദൈവാലയത്തിലെ ബേസ്ഗസ്സാകളുടെ കൂദാശാകർമ്മം നിർവ്വഹിച്ചു, തുടർന്ന് പരി. കുർബാനയർപ്പിച്ചു. പാലാ ഭരണങ്ങാനത്തുവച്ചു നടത്തപ്പെട്ട ഇന്റർ എപ്പാർക്കിയൽ മീറ്റിംഗിൽ പങ്കെടുത്തു. എസ്.ബി. കോളേജിൽ Benefactors Form- ൽ പങ്കെടുത്തു.

14 അമലഗിരി ബി. കെ. കോളേജിലെ നവീകരിച്ച ലൈബ്രറിയുടെ ആശീർവാദകർമ്മം നിർവ്വഹിച്ചു.

15 മുടിയൂർക്കര തിരുക്കുടുംബ ദൈവാലയത്തിൽ ഇടവകദിനത്തോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു. അതിരമ്പുഴ സെന്റ് മേരീസ് ഫൊറോന ഇടവകയുടെ ഇടവകദിനാഘോഷങ്ങളിൽ പങ്കുചേർന്ന് സന്ദേശം നൽകി.

16 അതിരൂപതാകേന്ദ്രത്തിൽ നടന്ന ഫിനാൻസ് കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു.

17 ഇത്തിത്താനം ജോസഫൈൻ മഠത്തിൽ പരി. കുർബാനയർപ്പിച്ചു.

17-25 വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കുചേർന്നു വിവിധ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ചു.

25 മലങ്കര ഓർത്തഡോക്സ് സഭ ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്തനാസിയോസിന്റെ മൃതദേഹത്തിങ്കൽ ആദരാഞ്ജലികളർപ്പിച്ചു.

## മാർ ജോസഫ് പവ്വത്തിൽ

15 ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോമിൽ ബഹു. വൈദികരെ സന്ദർശിച്ചു

25 മലങ്കര ഓർത്തഡോക്സ് സഭ ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്തനാസിയോസിന്റെ മൃതദേഹത്തിങ്കൽ ആദരാഞ്ജലികളർപ്പിച്ചു; അനുശോചന സന്ദേശം നല്കി.

26 നെടുങ്കുന്നം ഇടവകയിൽ പുതിയാപറമ്പിൽ ബഹു. ജോസഫ് (ടോജി) അച്ചന്റെ പിതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.




# ENGAGEMENTS

**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

## 2018 SEPTEMBER

| | | |
|---|---|---|
| 1. | **10.00 a.m.** | Convention Message @ Carmel Mount Retreat Centre, Chethipuzha |
| | **02.30 p.m.** | Class @ Niranam Seminary |
| 2. | **06.00 a.m.** | Pastoral Visit @ Arattuvazhi, Alapuzha Forane |
| 3. | **10.30 a.m.** | Homily @ Anickadu, Kanjirappally ; Golden Jubilee of Rev. Fr Sebastian Ettolil MCBS |
| | **02.30 p.m.–04.00 p.m.** | Visitor's Time |
| | **06.30 p.m.** | Trust Meeting @ Media Village, CHRY |
| 4. | **04.00 p.m.** | Homily @ St. Mary's, Pulincunnoo Forane Church |
| 5. | **06.00 p.m.** | Class for Regency Brothers @ Peerumede |
| 6. | **06.30 a.m.** | *Qurbana* @ Peerumede |
| | **02.30 p.m.** | Theology Forum Meet @ Archbishop's House |
| 7. | **02.30 p.m.–03.15 p.m.** | Visitors' Time |
| | **05.00 p.m.** | *Qurbana* & Homily @ St Joseph's Thellakom |
| 8. | **10.30 a.m.** | Inauguration of Rev. Fr Maliparambil Memorial Gathering @ LF Church, Arpookkara |
| | **04.30 p.m.** | *Qurbana* & Foundation Stone Laying for Parish Hall @St. Mary's, Vaipur Old |
| 9. | **06.00 a.m.** | *Qurbana* & Visit @ Vazhappally Centre |
| 10-14 | | Priests' Retreat (Batch III) @ Kunnamthanam Sehion |
| 10. | **09.30 a.m.** | Documentary Release @ Changanacherry |
| | **06.00 a.m.** | CA HRD Trust Meeting @ Archbishop's House |
| 12. | **11 a.m.** | *Requiem Qurbana* of the FCC founder Sisters @ Cathedral, CHRY |
| 14. | **02.45 p.m.-04.00 p.m.** | Visitors' Time |
| 15. | **10.00 a.m.** | Pastoral Council @ Archbishop's House |
| | **07.00 p.m.** | Ramsa, Message, SEERI International Symbosium @ Cathedral, CHRY |
| 16 | **06.00 a.m.** | Pastoral Visit @ Ayroor |
| | **06.00 p.m.** | Jubilee Gathering of Fr George Koodathil @ Ithithanam |

| | | |
|---|---|---|
| 17 | **10.00 a.m.** | Teachers' Day Celebration @ SBHSS |
| | **03.00 p.m.** | Enggaged – Message for Goodness TV Channel |
| | **06.0 p.m.** | Class @ Niranam Seminary |
| 18. | **10.00 a.m.** | Gathering of Parish Priests of the Seminarians @ Kurichy Seminary |
| | **03.30 p.m.** | *Qurbana* & Message @ Cathedral, Jericho Prayer Service |
| | **06.00 p.m.** | Interdepartmental Meeting @ Archbishop's House |
| 19. | **06.00 p.m.** | Class @ Niranam Seminary |
| 20. | 1**0.00 a.m.** | Widows Gathering @ Abp Kavukattu Hall, CHRY |
| | **02.30 p.m.** | Gathering with Sisters of St Thomas @ *Beth-Thoma,* Palamattom |
| 21. | **11.30 a.m.** | CML General Body Meeting @ Assumption College |
| 22. | **02.30 p.m.** | Rededication of *Madhbaha* @ Veliyanadu Kesaria |
| 23. | **06.00 a.m.** | Pastoral Visit @ Kavalam Lissieux |
| 24. | | Engaged |
| 25- 28 | | CBCI Standing Committee @ St John's, Bangalore |
| 29. | **05 p.m.** | *Qurbana* & Message @ Little Flower Malankara Catholic Church, Maramon |
| 30. | **06.00 a.m.** | Pastoral visit @ Anikkadu |
| | **02.30 p.m.** | Navathy Celebration St. Mary's Church @ Kadayanikkadu |



# ENGAGEMENTS

**Mar Thomas Tharayil**
Auxiliary Bishop of Changanacherry

## 2018 SEPTEMBER

| | | |
|---|---|---|
| 01 | **06:15 a.m** | Sacraments of Initiation @ Thathampally |
| 02 | **04:00 p.m.** | *Qurbana* @ Pulincunnoo |
| 03 | **10:00 p.m.** | *Vaidika Dinam* @ Cathedral |
| | **03:00 p.m.** | Consultors' Meeting |
| | **06:30 p.m.** | SJCC Board Meeting |
| 04-07 | | Jagadalpur Mission Visit |
| 08 | **10:00 a.m.** | *Qurbana* @ Mallussery |
| | **04:00 p.m.** | *Qurbana & Mary Sangamam* @ Cathedral |
| 09 | **07:00 a.m.** | Pastoral Visit @ Vattiyoorkavu |
| 10 | **09:30 a.m.** | Documentary Releasing |
| | **05:00 p.m.** | *Qurbana* & CMC Convent Blessing @ Mannanam |
| 11 | | Engaged |
| 12 | **09:00 a.m.** | Curia |
| | **02:30 p.m.** | Visitors' Time |
| | **04:30 p.m.** | *Qurbana* @ Chennamkary |
| 13 | **10:00 a.m.** | Acadamic Year Inauguration @ Cana |
| | **02:30 p.m.** | Engaged |
| 14 | **09:30 a.m.** | Symposium @ Vavathoor Seminary |
| | **02:30 p.m.** | Visitors' Time |
| 15 | **10:00 a.m.** | Pastoral Council Meeting @ SB College |
| 16 | **09:30 a.m.** | Jubilee Inauguration *Qurbana* @ Kooropada |
| 16-21 | | Priests' Retreat @ Thrissur |
| 22 | | Engaged |
| 23 | **08:00 a.m.** | *Qurbana* & Blessing @ Karavaloor |
| 23-28 | | Priests' Retreat @ Thrissur |
| 28 | **06:00 p.m.** | Monthly Recollection |
| 29 | **09:00 a.m.** | Danahalaya |
| | **06:00 a.m.** | Marthoma Convention @ Tvm |
| 30 | **07:00 a.m.** | *Qurbana* @ Lourdes |
| | **02:30 p.m.** | Visitors' Time @ Tvm |



# E N G A G E M E N T S

**Mar Joseph Powathil**
Archbishop Emeritus

## 2018 SEPTEMBER

| | | |
|---|---|---|
| 10 | **09:30 a.m.** | Documentary Releasing |
| 15 | **10:00 a.m.** | Nazarani Sangamam @ Nallathanni |
| 17 | **10:00 a.m.** | Teachers' Day @ SB School |
| 24 | **10:00 a.m.** | Seminar Inauguration @ Spirituality Centre |